# കതിരൊളി

പഠിക്കുക

പഠിപ്പിക്കുക

ORGAN OF THE ADHYAYANAMANDALAM

പുസ്തകം 3 ലക്കം 2

# ഉള്ളടക്കം


പേജ്

1. നിങ്ങളുടെ മതത്തെപ്പററി എന്തറിയാം? 83
ജോസഫ് അഞ്ചനാട്ട് എം. ഏ.
2. കൂദാശകളുടെ പശ്ചാത്തലം 93
റവ. ഫാ. ജോസഫ് പൗവ്വത്തിൽ എം. ഏ
3. മന:സാക്ഷി 113
റവ. ഫാ. ജേക്കബ് നെല്ലിക്കുന്നത്ത്
4. ബൈബിളിൻെറ മൂലങ്ങളും വിവത്തനങ്ങളും 122
റവ. ഫാ. ലൂക്ക് O. F. M. Cap.
5. വി. കർബാനയും വി. ഗ്രന്ഥവും 133
6. അ. മ. പ്രാത്ഥനാമജ്ഞരിയും ഗാനങ്ങളും 135
റവ. ഫാ. മാത്യു വെള്ളാനിക്കൽ
7. സുചനാസുവിശേഷം 139
തോമസ് പോൾ B. Sc.
8. കത്തോലിക്കരും കുടുംബസംവിധാനവും 147
പോൾ ലൂയിസ് M. A. M. Sc.
9. തിരുസിംഹാസനത്തിൽ നിന്നു് 154
ജോൺ അറയ്ക്കൽ


—★—

# കതിരൊളി

[ഒരു ത്രൈമാസിക പ്രസിദ്ധീകരണം]

പുസ്തകം 3 | 1963 നവംബർ 15 | ലക്കം 2



*A theological review, published quarterly, under the auspices of the Adhyayanamandalam.*

*Contains treatises on*

*Religious and Socio-religious Subjects.*

# കതിരൊളിയെപ്പററി
# ചില പ്രധാന കാര്യങ്ങൾ

1 ഒരു ത്രൈമാസിക പ്രസിദ്ധീകരണം. കതിരൊളിയുടെ ഒരു വാല്യത്തിനു നാല്ു ലക്കങ്ങൾ. ഓരോ വാല്യവും ആഗസ്റ്റ് 15-ാം തീയതി പ്രസിദ്ധം ചെയ്യുന്ന ലക്കത്തോടുകൂടി ആരംഭിക്കുന്നതും മെയ് 15-നുള്ള ലക്കത്തോടുകൂടി അവസാനിക്കുന്നതുമാണു്.

2 ഒരു വർഷത്തെ വരിസംഖ്യ രണ്ടു രൂപാ. ഒററക്കോപ്പിയ്ക്കു 62 ന. പൈ.

3 വരിസംഖ്യ എപ്പോഴും മുൻകൂർ

4 Manager, St. Joseph's Orphanage Press, Changanacherry എന്ന വിലാസത്തിലാണു് വരിസംഖ്യ അയക്കേണ്ടതു്.

5 പ്രസിദ്ധീകരണം സംബന്ധിച്ച ഇതര കാര്യങ്ങൾ Editor, 'Kathiroly' S. S. & A. M. Head Office, Archbishop's House, Changanacherry എന്ന വിലാസത്തിൽ അയക്കേണ്ടതാണു്.

6 വരിസംഖ്യ അടയ്ക്കുന്നതോടൊപ്പം വരിക്കാരൻെറ പൂർണ്ണവിലാസം അയച്ചു തരേണ്ടതാകുന്നു. വിലാസത്തിനു മാററം വരുമ്പോൾ ആ വിവരം യഥാസമയം ഇവിടെ അറിയിക്കേണ്ടിയിരിക്കുന്നു.

7 വരിസംഖ്യ അയച്ചുതരുമ്പോൾ ഏതു ലക്കം മുതൽ വേണമെന്നുള്ള വിവരം പ്രത്യേകം കാണിച്ചിരിക്കണം.

8 കതിരൊളിയുടെ മുൻ വാല്യങ്ങൾ ആവശ്യപ്പെടുമ്പോൾ പോസ്റ്റേജു് ഉൾപ്പെടെ ഓരോ വാല്യത്തിനും 2രു. 60 ന. പൈ. അയച്ചുതരേണ്ടതാണു്.

# നിങ്ങളുടെ മതത്തെപ്പററി യഥാൎത്ഥത്തിൽ നിങ്ങൾക്കെന്തറിയാം?

പ്രിയപ്പെട്ട വായനക്കാരാ, നിങ്ങൾ ഒരു കത്തോലിക്കനാണ്— ഒരു കത്തോലിക്കനായിരിക്കുന്നതിൽ നിങ്ങൾ അഭിമാനിക്കുന്നുമുണ്ടാവാം. എന്നാൽ നിങ്ങളുടെ മതത്തെപ്പററി യഥാൎത്ഥത്തിൽ നിങ്ങൾക്കെന്തറിയാം? ഇതിനൊരു സമാധാനം പറയുവാൻ നിങ്ങളെ സഹായിക്കുന്ന അഞ്ചു ചോദ്യങ്ങളാണ് ഈ ലേഖനത്തിൻെറ ഉള്ളടക്കം. പ്രസ്തുത ചോദ്യങ്ങൾക്ക് തികഞ്ഞ ആത്മാർത്ഥതയോടെ നിങ്ങൾ നല്കുന്ന സമാധാനം, മതപരമായ വിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ നിലപാടെന്തെന്നു് സ്വയം ബോദ്ധ്യപ്പെടാൻ നിങ്ങളെ സഹായിക്കും. എന്നാൽ അതിനുമുമ്പായിത്തന്നെ, മതപരമായ അറിവു നേടുന്നതിനു് നിങ്ങൾക്കുള്ള കടമയെപ്പററി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. മതപരമായ സത്യങ്ങൾ സ്വയം അന്വേഷിച്ചറിയുവാനും, അങ്ങനെ കണ്ടെത്തിയ സത്യങ്ങളോടു് ഒട്ടിച്ചേർന്നു നില്ക്കുവാനും എല്ലാമനുഷ്യവ്യക്തികൾക്കും ധാർമ്മികമായ കത്തവ്യമുണ്ടു്. ബുദ്ധി, വിവേചനശക്തി, സ്വതന്ത്രമനസ്സ് എന്നീ അനർഘദാനങ്ങൾ ദൈവം മനുഷ്യനു നൽകിയിട്ടുണ്ടു്. ബുദ്ധിയുടേയും വിവേചനശക്തിയുടേയും പ്രധാനമായ ഉദ്ദേശ്യം ദൈവത്തെയും, മനുഷ്യനും ദൈവവുമായുള്ള ബന്ധത്തെയുംപററി ഗ്രഹിക്കുകയാണു്. ഉപജീവനവൃത്തി, ധനാർജ്ജനം, ഭൗതികക്ഷേമം തുടങ്ങിയവയൊക്കെ പരമമായ ഈ ലക്ഷ്യത്തിനു കീഴ്പ്പെട്ടു നിൽക്കുന്ന രണ്ടാംകിടക്കാര്യങ്ങൾ മാത്രമാണു്.

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം മതപരമായ സത്യങ്ങൾ ഗ്രഹിക്കുവാൻ അവക്കു കൂടുതലായ ഒരു കത്തവ്യമുണ്ടു്. കാരണം, സ്വന്തമായ അർഹതയൊന്നുംകൂടാതെ തന്നെ വിശ്വാസത്തിൻെറ വെളിച്ചം അവക്കു ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ജ്ഞാനസ്നാനത്തോടുകൂടിയാണു് അവക്കീദാനം ലഭിച്ചതു്. അതു് അവരുടെ ആത്മാക്കളെ പ്രസാദവരംകൊണ്ടു നിറച്ചു. ദൈവത്തെപ്പററിയുള്ള സത്യം ഗ്രഹിക്കുവാനും, ആ സത്യത്തിനു സ്വതന്ത്രമനസ്സിനെ സ്വയം വിധേയമാക്കിത്തീക്കുവാനും അതു് അവക്കു ശ

ക്തി നൽകി. പക്ഷേ, വിശ്വാസത്തിൻെറ ദാനം പരിപൂർണ്ണമായിത്തീരുന്നതു് മനുഷ്യമനസ്സിൻെറ സ്വതന്ത്ര സഹകരണത്തോടുകൂടി മാത്രമാണു്. മനസ്സു് പ്രബുദ്ധവും പരിപക്വവുമായിത്തീർന്നാൽപ്പിന്നെ, മനുഷ്യരക്ഷയ്ക്കു് അനുപേക്ഷണീയമായി ഗ്രഹിച്ചിരിക്കണമെന്നു് ദൈവം നിശ്ചയിച്ചിട്ടുള്ള മതപരമായ സത്യം അന്വേഷിച്ചുകണ്ടെത്തുവാൻ അതു ബാദ്ധ്യസ്ഥമാണു്. ആ അന്വേഷണം നിർവ്വഹിക്കുന്നതിൽ മനസ്സു് പരാജയപ്പെടുന്നപക്ഷം, നമുക്കു ലഭിച്ച വിശ്വാസം സുപ്തവും പ്രയോജനരഹിതവുമായിത്തീരും. 'മതപരമായ വിജ്ഞാനം' എന്ന പദം വിപുലമായ ഒരർത്ഥത്തിലാണു് ഇവിടെ പ്രയോഗിച്ചിരിക്കുന്നതു്. ദൈവം നേരിട്ടു വെളിപ്പെടുത്തിയിട്ടുള്ള വിശ്വാസരഹസ്യങ്ങളെക്കുറിച്ചുള്ള അറിവും മനുഷ്യബുദ്ധികൊണ്ടു അപഗ്രഥിച്ചു മനസ്സിലാക്കാവുന്ന മതപരമായ സത്യങ്ങളെപ്പററിയുള്ള വിജ്ഞാനവും അതിൽ ഉൾപ്പെടുന്നു.

ചെറുപ്പത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുകയും, മതപഠന ക്ലാസ്സുകളിൽ സന്നിഹിതരാവുകയും ചെയ്തിട്ടുള്ള കത്തോലക്കരിൽപ്പലരും, മുതിർന്ന മനുഷ്യരെന്ന നിലയിൽ, മതവിഷയങ്ങളിൽ കേവലം അജ്ഞരായി പ്രത്യക്ഷപ്പെടാറുണ്ടെന്നുള്ളതു് അനുഭവം പഠിപ്പിക്കുന്ന ഒരു വസ്തുതയാണു്. ചെറുപ്പത്തിൽക്കിട്ടിയ മതാത്മകമായ അറിവിനെ അവരുടെ വളർച്ചയിലെത്തിയ മനസ്സു് പിന്തുടരുകയോ പോഷിപ്പിക്കുകയോ ചെയ്തിട്ടില്ല. മതത്തെ സംബന്ധിച്ചുള്ള അനേകം തെററിദ്ധാരണകൾ, ചുററുപാടുമുള്ള നിർമ്മതന്മാരിൽ നിന്നും ഭൗതികവാദികളിൽ നിന്നും അവർ സമാഹരിച്ചുവച്ചിട്ടുമുണ്ടു്. മതത്തെപ്പററി അവർക്കുള്ള അറിവു് പ്രായേണ പ്രയോഗതലത്തിലുള്ള ഒന്നല്ല. ജീവിതത്തിലെ സുപ്രധാന തീരുമാനങ്ങളിലും, നിർണ്ണായകനിമിഷങ്ങളിലും, ആ അറിവു് അവരിൽ സ്വാധീനം ചെലുത്തുന്നുമില്ല.

ഒരു വൈദികനേയോ ദൈവശാസ്ത്രജ്ഞനേയോപ്പോലെ നമ്മുടെ മതത്തിൻെറ വിശദാംശങ്ങളെല്ലാം ഓരോ കത്തോലിക്കനും ഗ്രഹിച്ചിരിക്കണമെന്നല്ല ഇവിടെ വിവക്ഷ. എന്നാൽ ജീവിതത്തിൻെറ അപകടപൂർണ്ണമായ പാതയിലൂടെ നടന്നുചെന്നു ദൈവമെന്ന സനാതനലക്ഷ്യത്തിലെത്തിച്ചേരുവാൻ അത്യന്താപേക്ഷിതമായ അറിവു് ഓരോരുത്തർക്കും ഉണ്ടായിരുന്നേ പററൂ.

സ്വന്തം ഉദാസീനതനിമിത്തം അത്രയ്ക്കുള്ള അറിവു നേടുവാൻ അവൻ കൂട്ടാക്കാത്തപക്ഷം അവൻെറ ആത്മരക്ഷ അപകടത്തിലാകുമെന്നതിനു തക്കമില്ല.

ഇക്കാരണങ്ങൾകൊണ്ടാണ് താഴെച്ചേർത്തിരിക്കുന്ന ചോദ്യങ്ങൾ ഓരോ കത്തോലിക്കനെ സംബന്ധിച്ചും അതിപ്രാധാന്യമർഹിക്കുന്നുവെന്നു പറയുന്നത്. ഈ ചോദ്യങ്ങൾ എല്ലാററിനുമോ ഒന്നിനെങ്കിലുമൊ തൃപ്തികരമായി മറുപടിപറയുവാൻ കഴിവില്ലാത്തവർ, മതപരമായ അറിവിനെ സംബന്ധിച്ചിടത്തോളം തങ്ങളുടെ നില അവശ്യം പുനഃപരിശോധനചെയ്യണം.

ചോദ്യം. 1 പിതാവായ ദൈവത്തോടും അവിടുത്തെ പുത്രനായ ക്രിസ്തുവിനോടും നിങ്ങൾക്കുള്ള ബന്ധത്തെക്കുറിച്ചുള്ള ചിന്ത നിങ്ങളിൽ വിരസത ജനിപ്പിക്കാറുണ്ടോ? ആ ചിന്തയിൽ നിങ്ങളുടെ ശ്രദ്ധ വ്യതിചലിക്കുകയും അങ്ങനെ ദൈവം നിങ്ങളുടെ മനസ്സിൽ നിന്നും സ്വയം മാഞ്ഞുപോവുകയും ചെയ്യുന്നുണ്ടോ? കഴിവതും വേഗത്തിൽ ദൈവത്തെപ്പററിയുള്ള ചിന്ത അവസാനിപ്പിച്ചിട്ട് മററു കാര്യങ്ങളിലേയ്ക്കു രക്ഷപ്പെടുവാൻ നിങ്ങൾക്കു വ്യഗ്രത തോന്നാറുണ്ടോ?

ചോദ്യം സ്വല്പം വിശദീകരിക്കാം. ദൈവചിന്തയിൽ മുഴുകി പ്രാർത്ഥനാനിരതമായി നാം കഴിഞ്ഞുകൂടേണ്ട ചില സന്ദർഭങ്ങളുണ്ടല്ലോ. നിങ്ങൾ ഞായറാഴ്ചദിവസം കർബാനയിൽ സംബന്ധിക്കുന്നുവെന്നു വിചാരിക്കുക. അൾത്താരയിൽ സമർപ്പിക്കപ്പെടുന്ന ദിവ്യബലിയുടെ മഹത്വത്തെപ്പററിയും അതിൻെറ അർത്ഥത്തെപ്പററിയുമാണോ നിങ്ങൾ ആ സമയം ചിന്തിക്കുക? അഥവാ, അന്നത്തെ സായാഹ്നം എങ്ങനെ രസപ്രദമായി വിനിയോഗിക്കണമെന്നും, അടുത്ത ആഴ്ചയിൽ നിങ്ങൾക്കു ചെയ്തുതീർക്കുവാനുള്ള പ്രധാനജോലികൾ ഏവയെന്നും തീരുമാനിക്കുവാനുള്ള ഒരു സമയമായിട്ടാണോ നിങ്ങൾ അതിനെ പരിഗണിക്കുക? അല്ലെങ്കിൽ പ്രഭാതസന്ധ്യാകാലപ്രാർത്ഥനകളെപ്പററിയാവട്ടെ. ആ പ്രാർത്ഥനകൾ നിങ്ങൾ ചൊല്ലുന്നത് (ചൊല്ലുന്നുണ്ടെങ്കിൽ) കേവലം യാന്ത്രികമായ അധരവ്യായാമമായിട്ടാണോ, അതോ അവയുടെ അർത്ഥത്തെപ്പററി ചിന്തിച്ചുകൊണ്ടോ? നിങ്ങൾ പ്രാ

ത്ഥിക്കുമ്പോൾ ദൈവസാമീപ്യം അനുഭവപ്പെടുന്നുണ്ടോ? അതാതു ദിവസം നിങ്ങൾ ചൊല്ലുന്ന പ്രാർത്ഥനകൾക്ക് അന്നത്തെ നിങ്ങളുടെ വ്യക്തിപരമായ ജീവിതവുമായി ബന്ധമുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഒരു യാത്രയ്ക്കിടയിൽ സന്ദർഭം കിട്ടുമ്പോൾ ഒരു ദൈവാലയത്തിൽക്കയറി സക്രാരിയുടെ സന്നിധിയിൽ സ്വല്പസമയം കഴിയുന്നതു് മുഷിപ്പനായി നിങ്ങൾക്കനുഭവപ്പെടുന്നുണ്ടോ? താദൃശ സന്ദർഭങ്ങളിൽ എന്തുമാതിരി ചിന്തകളാണു് നിങ്ങളുടെ മനസ്സിൽക്കൂടി കടന്നുപോവുക?

ഈ ചോദ്യത്തിനു്, ദൈവത്തെപ്പററിയുള്ള ചിന്തകൾ നിങ്ങൾക്കു് മുഷിപ്പനായി അനുഭവപ്പെടുന്നുണ്ടെന്നാണു് ഉത്തരമെങ്കിൽ, നിങ്ങൾക്കു് നിങ്ങളുടെ മതത്തേപ്പററി കാര്യമായൊന്നും അറിഞ്ഞുകൂടാ. നിങ്ങളുടെ മതബോധം വ്യക്തിപരമായ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്ന ഒരു ഉത്തമ ബോധ്യമായിവളന്നിട്ടില്ല. നിങ്ങളുടെ അനുദിനജീവിതത്തിൽ ദൈവത്തിനുള്ള സ്ഥാനത്തെപ്പററി നിങ്ങൾക്കു് വ്യക്തമായ ധാരണകളില്ല.

<u>ചോദ്യം 2.</u> കത്തോലിക്കാവിശ്വാസത്തെ നിഷേധിച്ചോ, അതിൽ സന്ദേഹം പ്രകടിപ്പിച്ചുകൊണ്ടോ മററുള്ളവർ ഉന്നയിക്കുന്ന പ്രസ്താവങ്ങൾ, നിങ്ങളേയും സംശയാലുക്കളാക്കാറുണ്ടോ? വിശ്വാസവിഷയത്തിൽ നിങ്ങളിൽ അനിശ്ചിതത്വം സൃഷ്ടിക്കാനും, നിങ്ങളുടെ പാപങ്ങളെപ്പററി ഒരു ലാഘവമനഃസ്ഥിതി വളത്തുവാനും അവ സന്ദർഭം നൽകിയിട്ടുണ്ടോ?

ഒരു യഥാർത്ഥകത്തോലിക്കൻെറ രണ്ടു പ്രത്യേകതകൾ തൻെറ മതം പഠിപ്പിക്കുന്നതു് എന്താണെന്നും, ആ പാഠങ്ങൾ സത്യങ്ങളായി താൻ അംഗീകരിക്കേണ്ടതെന്തുകൊണ്ടാണെന്നും അയാൾക്കറിയാം എന്നുള്ളതാണു്. കത്തോലിക്കാസഭയുടെ പ്രധാനപ്പെട്ട തത്വങ്ങളിലേതെങ്കിലും, ഭാഗികമായോ സംശയത്തിൻ കീഴിലോ മാത്രം ശരിയാണെന്നു് അവൻ വിശ്വസിക്കുന്നില്ല. താൻ വിശ്വസിക്കുന്ന കാര്യങ്ങളെപ്പററി അവൻ ശാന്തമായി ചിന്തിച്ചുറച്ചിട്ടുള്ളതുകൊണ്ടു്, മററുള്ളവരുടെ സംശയങ്ങളും നിഷേധങ്ങളും അവൻെറ മനസ്സിനെ അസ്വസ്ഥമാക്കുന്നതില്ല. താദൃശമായ ഒരു ഉത്തമബോധ്യം നേടുവാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? സഭയുടെ അപ്രമാദിത്വത്തോടുകൂടിയ ഒരു പ്ര

ഖ്യാപനത്തിന്റെ പിന്നിലുള്ള വിശ്വാസനീയതയെന്തെന്നു നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? ഉദാഹരണത്തിനു്, മാതാവിന്റെ സ്വർഗ്ഗാരോപണത്തെ ആരെങ്കിലും നിഷേധിക്കുന്നതു കേൾക്കുമ്പോൾ 'ശരിയായിരിക്കാം. ഒരു പക്ഷേ അതു സംഭവിച്ചിട്ടില്ലായിരിക്കാം," എന്നു മനസ്സിലെങ്കിലും നിങ്ങൾ പറഞ്ഞു കാണുമോ? വിവാഹമോചനത്തെ ആരെങ്കിലും സാധൂകരിക്കുന്നതു കേൾക്കുമ്പോൾ, അതിൽ അത്ര വലിയ തിന്മയൊന്നുമില്ലെന്നു നിങ്ങൾക്കും തോന്നിയിരിക്കുമോ? എങ്കിൽ ഒരു കാര്യം വ്യക്തമാണു്. വിവാഹമോചനത്തെപ്പററി ക്രിസ്തുനാഥൻ എന്താണു പറഞ്ഞിട്ടുള്ളതെന്നു നിങ്ങൾ ഗ്രഹിച്ചിട്ടില്ല. അങ്ങനെ പറയുവാൻ അവിടുത്തേയ്ക്കുള്ള അവകാശവും നിങ്ങൾ അംഗീകരിക്കുന്നില്ല. നൂററാണ്ടുകളിലൂടെ വൈവാഹികഭദ്രതയുടെ കാര്യത്തിൽ സഭ പ്രദർശിപ്പിക്കുന്ന ഉൽക്കടമായ ജാഗ്രതകത ശരിക്കു മനസ്സിലാക്കുവാൻ നിങ്ങൾക്കു സാധിച്ചിട്ടില്ല. ഉത്തമകത്തോലിക്കനുപോലും സഭയുടെ പ്രബോധനങ്ങളെ സംശയിക്കുവാനുള്ള പ്രലോഭനങ്ങൾ ഉണ്ടാകാറുണ്ടു് എന്നതു് ഒരു വസ്തുതയാണു്. പക്ഷേ, അവ പ്രലോഭനങ്ങളാണെന്നു് അവൻ ഉത്തരക്ഷണത്തിൽത്തന്നെ മനസ്സിലാക്കും. ആ പരീക്ഷകൾ തന്നെ പാപത്തിലേയ്ക്കു നയിച്ചുകൊള്ളുവാൻ അവൻ സമ്മതിക്കുകയുമില്ല.

<u>ചോദ്യം. 3.</u> പരിപൂർണ്ണമായ ആത്മവിശ്വാസത്തോടും സ്വയം ബോദ്ധ്യത്തോടും കൂടി സഭയുടെ പ്രധാന പ്രബോധനങ്ങളെപ്പററി മററുള്ളവരോടു സംസാരിക്കുവാൻ നിങ്ങൾക്കു കഴിയുമോ? അതോ, സാധാരണഗതിയിൽ വിശ്വസിക്കുവാൻ പ്രയാസമായ ചിലകാര്യങ്ങളാണു് താൻ അവതരിപ്പിക്കുന്നതെന്ന ക്ഷമാപണമനഃസ്ഥിതിയും തജ്ജന്യമായ അപകർഷ ബോധവും നിങ്ങൾക്കനുഭവപ്പെടുന്നുണ്ടോ?

എല്ലാ കത്തോലിക്കരും തങ്ങളുടെ വിശ്വാസത്തിന്റെ എല്ലാവിശദാംശങ്ങളെപ്പററിയും വിദഗ്ദ്ധമായി സംഭാഷണം നടത്തുവാൻ പ്രാപ്തരായിരിക്കണമെന്നല്ല ഇവിടെ വിവക്ഷ. സാധാരണ കത്തോലിക്കർക്കു് (ഉത്തമ കത്തോലിക്കർക്കുതന്നെയും) ആര്യൻ പാഷണ്ഡതയെപ്പററിയോ, ഗലീലിയോയെച്ചൊല്ലിയുള്ള അഭിപ്രായ ഭേദങ്ങളെപ്പററിയോ, മററതുപോലുള്ള ചില

വിഷയങ്ങളെക്കുറിച്ചോ, ശരിയായ വിശദീകരണം നൽകുവാൻ കഴിഞ്ഞുവെന്നു വരില്ല. ഈ ചോദ്യത്തിൽ, ഓരോരുത്തരുടേയും വ്യക്തിപരമായ അനുദിന ജീവിതവുമായി അവഗാഢബന്ധമുള്ള മതത്തിൻെറ അടിസ്ഥാനതത്വങ്ങളുടെ കാര്യം മാത്രമാണു് പരാമർശിക്കുന്നതു്.

നമുക്കു് മററുള്ളവരുടെ മുമ്പിൽ ഏറെക്കുറെ ശക്തമായും വിശദമായും അവതരിപ്പിക്കുവാൻ കഴിയാത്ത കാര്യങ്ങൾ, നമുക്കു തന്നെ ശരിയായി മനസ്സിലായിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ചിലർക്കു് വ്യക്തവും നിശിതവുമായ ഒരു സംഭാഷണചാതുരി ജന്മസിദ്ധമായിത്തന്നെ ലഭിച്ചിട്ടുണ്ടെന്നും, പലർക്കും അതു് ഇല്ലെന്നും ഉള്ള വസ്തുത അംഗീകരിക്കുന്നു. എങ്കിൽത്തന്നെയും തൻെറ മതത്തിൻെറ അടിസ്ഥാനതത്വങ്ങൾ ശരിക്കു് ഗ്രഹിച്ചിട്ടുള്ള ഒരു കത്തോലിക്കനു്, മററുള്ളവരുടെ മുമ്പിൽ അതു് അവതരിപ്പിക്കുന്നതിൽ വലിയ വൈഷമ്യം ഉണ്ടാവുകയില്ലെന്നു തന്നെ പറയാം, നിങ്ങൾക്കതു് സാധിക്കുമോ എന്നതാണു് ചോദ്യം.

വി. കുർബാനയിലെ യഥാർത്ഥ സാന്നിധ്യത്തെപ്പററി സംസാരിക്കേണ്ടി വരുന്ന പക്ഷം, അതു് സഭ പഠിപ്പിക്കുന്ന ഒരു വിശ്വാസസത്യമാണെന്നതിൽക്കവിഞ്ഞു്, മറേറതെങ്കിലും യുക്തികൾ നിങ്ങൾക്കു് അവതരിപ്പിക്കാനുണ്ടോ? യുക്തിചിന്തയുടെ അടിസ്ഥാനത്തിൽ, വ്യക്തിപരമായ ബോദ്ധ്യത്തോടുകൂടി, ഒരു മതം മാത്രമേ സത്യമതമായിരിക്കു എന്നു വാദിക്കുവാൻ നിങ്ങൾക്കു കഴിയുമോ? ഏതാനും ചില വൈദികരുടെ ജീവിതവൈകല്യങ്ങളെ ചൂണ്ടിക്കാണിച്ചു് കത്തോലിക്കാ സഭയുടെ പരിശുദ്ധിയെ ചോദ്യം ചെയ്യുന്നവരോടു നിങ്ങൾക്കു് എന്തു മറുപടിപറയുവാനുണ്ടു്? താഴെപ്പറയുന്ന അടിസ്ഥാന പ്രശ്നങ്ങളെ സംബന്ധിച്ചു് ആരെങ്കിലും നിങ്ങളോടു് സംസാരിക്കുന്നപക്ഷം വിരസതഭാവിച്ചു് ഒഴിഞ്ഞുമാറുവാനല്ലാതെ, യുക്തിപൂർവ്വം മറുപടി നൽകുവാൻ നിങ്ങൾക്കു കഴിവുണ്ടോ? കത്തോലിക്കരായ നിങ്ങൾ വി. കുർബാന എന്നതുകൊണ്ടു അർത്ഥമാക്കുന്നതെന്തു്? ഒരു വൈദികനെ സമീപിച്ചു് പാപസങ്കീർത്തനം ചെയ്യുന്നതിനെ നീതീകരിക്കാൻ വി. ലിഖിതങ്ങളിൽ തെളിവുകളുണ്ടോ? കത്തോലിക്കാവിവാഹം ഒരു കത്തോലിക്കാ പുരോഹിതൻെറ സാ

ന്നിദ്ധ്യത്തിൽ നടത്തണമെന്നു സഭ നിഷ്കർഷിക്കുന്നതെന്തു്? ശുദ്ധീകരണസ്ഥലത്തെപ്പററിയുള്ള നിങ്ങളുടെ വിശ്വാസത്തിൻെറ ആധാരമെന്താണു്?

ഈ ചോദ്യങ്ങളിൽ ഓരോന്നും കത്തോലിക്കനെന്ന നിലയിൽ നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തോടു ബന്ധപ്പെട്ടതാണെന്നുള്ളതു് വിസ്മരിക്കരുതു്. ഈ ചോദ്യങ്ങൾക്കു് തൃപ്തികരമായ ഒരു മറുപടി നൽകുവാൻ നിങ്ങൾക്കു സാധിക്കുന്നില്ലെങ്കിൽ, ഈ അടിസ്ഥാനതത്വങ്ങളോടു ബന്ധപ്പെട്ടു കിടക്കുന്ന നിങ്ങളുടെ ആത്മരക്ഷയുടെ കാര്യത്തിൽ വ്യക്തമായ എന്തൊരുറപ്പാണു നിങ്ങൾക്കുള്ളതു്.

ചോദ്യം 4. മതപരമായ സത്യങ്ങളെപ്പററി കൂടുതൽ അഗാധവും വ്യാപ്തവുമായ ഒരറിവിനുവേണ്ടിയുള്ള അഭിനിവേശം നിങ്ങൾക്കു് അനുഭവപ്പെടുന്നുണ്ടോ?

ഈ മാനുഷികജീവിതത്തിൽ മതപരമായ തത്വങ്ങളെപ്പററി പരിപൂർണ്ണവും സമഗ്രവുമായ അറിവുനേടുക അശക്യമാണു്. അതിനു് നാം സ്വർഗ്ഗത്തിലെത്തിച്ചേരുക തന്നെ വേണം. എന്നിരിക്കിലും, ഒരാൾ മതപരമായ സത്യങ്ങളിൽ അടിസ്ഥാന വിജ്ഞാനം നേടിക്കഴിഞ്ഞുവെന്നുള്ളതിനു ഒരു തെളിവു്, ആ വിഷയങ്ങളെപ്പററി കൂടുതൽ അറിയുവാൻ അയാൾ ആഗ്രഹിക്കുന്നുവെന്നതാണു്. നേരേമറിച്ചു് മതവിജ്ഞാനവിഷയത്തിൽ യാതൊരടിസ്ഥാനവും ഉറപ്പിച്ചിട്ടില്ലാത്തവനു്, അതു് അരോചകവും നീരസജനകവുമായിട്ടേ അനുഭവപ്പെടുകയുമുള്ളു. താദൃശമായ ഒരു മനഃസ്ഥിതിയാണു് നിങ്ങൾക്കനുഭവപ്പെടുന്നതെങ്കിൽ, ഒട്ടും സംശയിക്കേണ്ടാ, നിങ്ങളുടെ മതത്തെപ്പററി നിങ്ങൾക്കു് യഥാർത്ഥത്തിൽ ഒന്നും അറിഞ്ഞുകൂടാ,

മതപരമോ ആദ്ധ്യാത്മികമോ ആയ വിഷയങ്ങളെക്കുറിച്ചുള്ള പാരായണത്തിൽ നിങ്ങൾ വിരസനാണു്. വി. ഗ്രന്ഥമോ ഒരു വിശുദ്ധൻെറ ജീവചരിത്രമോ കത്തോലിക്കാമതതത്വങ്ങളെപ്പററിയുള്ള ഒരു പുസ്തകമോ, ഒരു കത്തോലിക്കാ പ്രസിദ്ധീകരണമോ നിങ്ങൾ കൈകൊണ്ടുതൊടുകപോലും ചെയ്യുകയില്ല. എപ്പോഴും ലൗകികവും പലപ്പോഴും പാപകരമായ വിഷയങ്ങ

ളേ നിങ്ങളുടെ പാരായണത്തിനു വിഷയീഭവിക്കു. മതപരമായ വിഷയത്തെക്കുറിച്ചുള്ള ഒരു പ്രഭാഷണം കേൾക്കുവാൻ നിങ്ങൾക്കിഷ്ടമില്ല. ഞായറാഴ്ചത്തെ പള്ളിപ്രസംഗം വിമർശിക്കുവാൻ വേണ്ടി മാത്രമേ നിങ്ങൾ ശ്രദ്ധിക്കുകയുള്ളു. വിശ്വാസവിഷയകമായ ഏതെങ്കിലും ഒരു സംശയം മനസ്സിൽ കടന്നുകൂടിയാൽ അതു് പരിഹരിക്കുന്നതിനുള്ള യാതൊരു ശ്രമവും നിങ്ങൾ നടത്തുന്നില്ല. ആ സംശയങ്ങൾ സംശയങ്ങളായിത്തന്നെ അവശേഷിക്കുകയും, പിന്നീടവ വിസ്മരിക്കപ്പെടുകയും ചെയ്യുന്നു. മതപരമായ വിഷയങ്ങളെപ്പററി കേവലം വിമർശനരൂപത്തിൽ മാത്രമല്ലാതെ നിങ്ങൾ സംസാരിക്കാറില്ല. ഇതൊക്കെയാണു നിങ്ങളുടെ നിലപാടെങ്കിൽ, ക്ഷമിക്കണം,അപകടകരമാണു് നിങ്ങളുടെ അവസ്ഥ.

ചോദ്യം 5. മതപരവും ആദ്ധ്യാത്മികവുമായ പരിഗണനകൾ, നിങ്ങൾ എടുക്കുന്ന സുപ്രധാനങ്ങളായ തീരുമാനങ്ങളിലും, നിങ്ങൾക്കു് നിർവ്വഹിക്കാനുള്ള പ്രമുഖമായ പ്രവൃത്തനങ്ങളിലും എന്തെങ്കിലും സ്വാധീനം ചെലുത്താറുണ്ടോ?

ഒരു വ്യക്തിയുടെ മതപരമായ അറിവിൻെറ വ്യാപ്തിയും അഗാധതയും ആത്യന്തികമായി നിർണ്ണയിക്കപ്പെടുന്നതു്, അതു് അവൻെറ ജീവിതഗതിയെ നിയന്ത്രിക്കുവാൻ എത്ര മാത്രം ശക്തമാണെന്നതിനെ ആശ്രയിച്ചാണു്. തത്വജ്ഞന്മാർ അറിവിനെ രണ്ടായി വിഭജിക്കുന്നു: കേവലം സൈദ്ധാന്തികമായ അറിവും, പ്രായോഗികമായ വിജ്ഞാനവും. മതപരമായ വിജ്ഞാനത്തിൻെറ ഒരു മേഖല കേവലം സൈദ്ധാന്തികവും (Speculative) വൈചാരികവും മാത്രമായിരിക്കാമെങ്കിലും, ഇവിടെ വിവക്ഷിക്കപ്പെടുന്നതു് നമ്മുടെ വ്യക്തിജീവിതത്തെ നിയന്ത്രിക്കാനുതകുന്ന പ്രായോഗികമായ അറിവാണു്– മതത്തിൻെറ അടിസ്ഥാനതത്വങ്ങളെപ്പററിയുള്ള നിങ്ങളുടെ വിജ്ഞാനം, നിങ്ങളുടെ പ്രായോഗികജീവിതവുമായി ബന്ധമില്ലാതെ, കേവലമൊരു വൈചാരികമണ്ഡലത്തിൽ മാത്രം തങ്ങിനിൽക്കുന്നതാണെങ്കിൽ, ഒരിക്കൽക്കൂടി ഊന്നിപ്പറയട്ടെ, നിങ്ങളുടെ മതത്തെപ്പററി നിങ്ങൾക്കു് യഥാർത്ഥത്തിൽ വളരെയൊന്നും അറിഞ്ഞുകൂടാ.

ചില ഉദാഹരണങ്ങൾ പറയട്ടെ: നിങ്ങൾക്ക് ചില വലിയ ദൌർഭാഗ്യങ്ങളുണ്ടാകുന്നു. നിങ്ങളുടെ വൈവാഹികബന്ധം ശിഥിലമായിത്തീരുന്നു: സാമ്പത്തികമായ തകർച്ചയിൽ നിങ്ങൾ നിപതിക്കുന്നു: അല്ലെങ്കിൽ നിങ്ങൾക്ക് ഏററം പ്രിയങ്കരനായ ഒരു വ്യക്തിയെ മരണം അപഹരിച്ചുകളയുന്നു. ഇങ്ങനെയൊരു സാഹചര്യത്തിൽ നിങ്ങൾ ക്ഷിപ്രകോപിയും, എല്ലാററിനേയും വെറുക്കുന്നവനുമായി മാറി ദൈവത്തിൻെറ നേർക്ക ക്രുദ്ധനായി ദൈവദൂഷണങ്ങൾ പുലമ്പാറുണ്ടോ? അതോ, നിങ്ങൾ അനുസരിക്കുന്ന മതത്തിൻെറ പ്രശാന്തസുന്ദരമായ സാന്ത്വനങ്ങൾ, നിങ്ങളുടെ മനസ്സിൻെറ ഇരുളടഞ്ഞ കോണുകളിൽ വെളിച്ചം തെളിക്കാറുണ്ടോ? "ക്രിസ്തു ദൈവമാണ്. എന്നെ രക്ഷിക്കുവാൻ മററു പല ഉപാധികളുണ്ടായിരുന്നിട്ടും കുരിശാണ് അവിടുന്നു തിരഞ്ഞെടുത്തതു്. ദുഃഖിതർ ഭാഗ്യവാന്മാർ എന്നു് അവിടുന്ന് അരുളിച്ചെയ്തിട്ടുമുണ്ട്. തന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവർ തങ്ങളുടെ കുരിശുമെടുത്തുകൊണ്ടു് തൻെറ പിന്നാലെ ചെല്ലണമെന്നാണല്ലോ അവിടുത്തെ നിർദ്ദേശം. ഇതു് എനിക്കു ലഭിച്ചിരിക്കുന്ന സുവർണ്ണാവസരമാണ്. ക്രിസ്തുവിൻെറ കുരിശിനെപ്പററി ധ്യാനിച്ചുകൊണ്ടു് ഈ ദു:ഖം ഞാൻ സഹിക്കും" ജീവിതത്തിലെ പരീക്ഷണഘട്ടങ്ങളിൽ ഏതാദൃശമായ ഉന്നതചിന്തകൾ നിങ്ങളുടെ ഹൃദയത്തെ സമാശ്വസിപ്പിക്കാറുണ്ടോ?

അല്ലെങ്കിൽ സാധാരണജീവിതത്തിലെ മററു ചില സാഹചര്യങ്ങളെടുക്കുക. നിങ്ങൾ ഒരു പുതിയ വസതി അന്വേഷിക്കുകയാണെന്നിരിക്കട്ടെ. നിങ്ങളുടെ വീട്ട് ഒരു കത്തോലിക്കാ ദൈവാലയത്തിൽ നിന്നും വളരെയധികം അകലത്തായിരുന്നുകൂടെന്നു നിഷ്ക്കർഷിക്കുവാൻ തക്കവിധം, മതം വ്യക്തിപരമായ ജീവിതത്തിലെ ഒരു അനുപേക്ഷണീയാവശ്യമായി നിങ്ങൾക്കു തോന്നിയിട്ടുണ്ടോ? നിങ്ങളെ വളരെയധികം ഉപദ്രവിച്ചിട്ടുള്ള ഒരു വ്യക്തിയോട്ട് പ്രതികാരം ചെയ്യുന്നതിനുള്ള ഒരു സന്ദർഭം നിങ്ങൾക്കു ലഭിച്ചിരിക്കുന്നു. അതു് പ്രയോജനപ്പെടുത്തണമെന്നുള്ള പ്രലോഭനവും ഉണ്ടാകുന്നു. "ശത്രുവിനെ സ്നേഹിക്കുക" എന്ന ക്രിസ്തുവിൻെറ പ്രബോധനം അതിൽ നിന്നും നിങ്ങളെ അകററിനിറുത്തുമോ? നിങ്ങളുടെ ഭാര്യയല്ലാത്ത മ

റെറാരു സ്ത്രീയുമായി അവിഹിതബന്ധത്തിലേർപ്പെട്ടവാനുള്ള ഒരു പരീക്ഷ നിങ്ങൾക്കുണ്ടാകുന്നു. ക്രൈസ്തവ വിശുദ്ധിയേപ്പററിയും വ്യഭിചാരമെന്ന പാപത്തിൻെറ ഗൗരവത്തെപ്പററിയും ക്രിസ്തു പറഞ്ഞിട്ടുള്ള കാര്യങ്ങൾ, നിങ്ങളെ ആ പ്രലോഭനം തള്ളിക്കളെയുവാൻ സഹായിക്കുമോ? കേവലം നിസ്സാരമായ ചില താൽക്കാലിക സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ, നിങ്ങളുടെ കുഞ്ഞുങ്ങളെ കത്തോലിക്കാസ്കൂളിൽ നിന്നും പിൻവലിച്ച് അടുത്തുള്ള പബ്ലിക്കസ്കൂളിൽ അയയ്ക്കുമോ?

മുകളിൽച്ചേർത്തിട്ടുള്ള അഞ്ചു ചോദ്യങ്ങളുടെ വെളിച്ചത്തിൽ നിങ്ങളുടെ മതപരമായ വിജ്ഞാനം അപര്യാപ്തമെന്നു തോന്നുന്നപക്ഷം, ആ ശൂന്യത നികത്തുവാൻ ചില അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതു നിങ്ങളുടെ കടമയാണ്. ഏററവും പ്രായോഗികവും പ്രയാസരഹിതവുമായ ഒരു മാർഗ്ഗം മതപരമായ വിഷയങ്ങളെ അധികരിച്ചുള്ള ചില നല്ല ഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയത്രേ.

മതാത്മകമായ അറിവുകൊണ്ടുമാത്രം ഒരാൾക്ക് ഒരു നല്ല കത്തോലിക്കനായിത്തീരാമെന്നോ ആത്മരക്ഷ സാധിക്കാമെന്നോ ഇവിടെ വിവക്ഷിക്കുന്നില്ല. അറിവിനോടൊന്നിച്ച് അനുപേക്ഷണീയമായ രണ്ടുഘടകങ്ങൾകൂടി പ്രവർത്തിക്കണം: ദൈവത്തിൻെറ ഇഷ്ടം നിർവ്വഹിക്കുവാനുള്ള അചഞ്ചലമായ മനസ്സും, പ്രസാദവരവും. ആത്മരക്ഷയ്ക്കാവശ്യമായ അറിവ്, സന്മനസ്സ് പ്രസാദവരം എന്നീ മൂന്നു ഘടകങ്ങളിൽ, അറിവിന് പ്രമുഖമായ ഒരു സ്ഥാനമാണുള്ളതു്. "നിങ്ങൾ സത്യം അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" എന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്തപ്പോൾ, അറിവിൻെറ പ്രാധാന്യം അവിടുന്നു അംഗീകരിക്കുകയായിരുന്നു.

—ജോസഫ് അഞ്ചനാട്ട് എം. എ.

(Donald F. Miller റിൻെറ ഒരു ഇംഗ്ലീഷ് ലേഖനത്തെ ഉപജീവിച്ചെഴുതിയതു്.)

# ക്രൂദാശകളുടെ പശ്ചാത്തലം

വരപ്രസാദത്തിന്റെ നീരരുവികളാണ് ക്രൂദാശകൾ. ക്രൂദാശകളുടെ ചരിത്രാത്മകമായ പശ്ചാത്തലത്തിലേക്കുള്ള ചൂഴ്ന്നിറക്കമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

റവ. ഫാ. ജോസഫ് പവ്വത്തിൽ M. A.

**ആമുഖം**—പലരുടെയും ദൃഷ്ടിയിൽ വെറുമൊരാചാരസംഹിതയോ വിശ്വാസപ്രമാണമോ മാത്രമാണിന്നും മതം. മതത്തിന്റെ പേരിലുയർന്നിട്ടുള്ള മിക്ക പരാതികളുടെയും അടിസ്ഥാനവും ഏതാണ്ടിതുതന്നെയാണ്. മതത്തെ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുന്നവരിൽ വലിയ വിഭാഗം നാസ്തികരാണെന്നതിൽ പക്ഷാന്തരമില്ല. എന്നാൽ അവർക്ക മാത്രമല്ല പിശകുപററിയിട്ടുള്ളത്. മതം വെറും കർമ്മാനുഷ്ഠാനങ്ങൾ മാത്രമാകയാൽ അതു ബുദ്ധിയുള്ളവർക്ക നിരക്കാത്തതാണെന്ന അഭിപ്രായം ആധുനിക വിദ്യാഭ്യാസത്തിന്റെ വികലതകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള സങ്കല്പങ്ങളിൽ സുപ്രധാനമാണ്. പല മതങ്ങളുടേയും സാരാംശം പിഴിഞ്ഞെടുത്ത് ബാഹ്യപ്രകടനങ്ങൾക്കതീതമായി മതത്തെ ഒരാദർശവാദംമാത്രമായി മാററണമെന്നും പലർ വാദിക്കുന്നുമുണ്ട്.

**ചില തെററിദ്ധാരണകൾ**—ബാഹ്യാചാരങ്ങൾ എല്ലാ മതങ്ങളിലും ദൃശ്യമാണ്. ജപങ്ങളും ആംഗ്യങ്ങളും ഭസ്മവും പൂണൂലും മന്ത്രോച്ചാരണവുമെല്ലാം നമുക്ക സുപരിചിതങ്ങളത്രെ. ചില ബാഹ്യക്രിയകളിലൂടെ മാത്രം തങ്ങളുടെ 'വിധി' മാററിയെഴുതാമെന്ന് പല മതക്കാരും കരുതുന്നുണ്ടെന്ന തോന്നിപ്പോകും ചിലപ്പോൾ. ആദ്ധ്യാത്മികവും അഭൗമികവുമായ ശക്തി ക്ഷണിച്ചുവരുത്താൻ ഭൗതികവസ്തുക്കൾക്കും മനുഷ്യന്റെ ക്ലിപ്തമായ വാക്കുകൾക്കും സ്വതേ കഴിവുണ്ടെന്ന് പലമതക്കാരും ധരിച്ചിട്ടുണ്ട്. മനുഷ്യന്റെ സുബുദ്ധിക്കു നിരക്കാത്ത നൂറു നൂറു കർമ്മാദികൾ മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളിലും പററിക്കൂടി നില്ക്കുന്നുവെന്ന ആക്ഷേപവും കേൾക്കാറുണ്ട്.

മനുഷ്യജീവിതത്തെത്തന്നെ ദുർവഹമാക്കുന്ന ബാഹ്യാനുഷ്ഠാനങ്ങളിൽ നിന്നൊരു രക്ഷാമാർഗ്ഗമായിട്ടാണു പലരും ക്രിസ്തുമതത്തെ സമീപിച്ചിട്ടുള്ളതു്. ഇതിനു കുറെയൊക്കെ കാരണങ്ങളില്ലാതില്ല. മതങ്ങളുടെ പരിണാമത്തിലെ ഏററവും അവസാനത്തെ പടിയാണു് ക്രിസ്തുമതം പല ആധുനികരുടെയും ദൃഷ്ടിയിൽ. ആചാരപ്രകടനങ്ങൾ പ്രാകൃതാവസ്ഥയിൽ ആവശ്യകമായിരുന്നെങ്കിൽ പരിണാമത്തിൻെറ ഉച്ചകോടിയിൽ അതു് ആവശ്യമില്ലത്രേ! രണ്ടായിരം സംവത്സരങ്ങൾക്കു മുൻപു്, പരിണാമപാതയുടെ മുന്നററത്തുനിന്നിരുന്ന യഹൂദമതത്തിലെ ആചാരാനുഷ്ഠാനങ്ങൾക്കെതിരായി സമരമുയർത്തുകയല്ലേ ക്രിസ്തു ചെയ്തതു്? പ്രീശന്മാക്കെതിരായ അവിടത്തെ ശാപവചനങ്ങൾ ഇതിനുദാഹരണങ്ങളാണല്ലൊ എന്നാണു് ഈ 'ആധുനിക'രുടെ വാദം. "കപടഭക്തരായ നിയമജ്ഞരേ, പ്രീശരേ, നിങ്ങൾക്കു ഹാ കഷ്ടം, എന്തുകൊണ്ടെന്നാൽ നിങ്ങൾ പാനപാത്രത്തിൻെറയും ഭക്ഷണ പാത്രത്തിൻെറയും പുറം ശുദ്ധമാക്കുന്നു. എന്നാൽ അകമേ കവർച്ചയും ദുഷ്ടതയും കൊണ്ടു നിറഞ്ഞിരിക്കുന്നു. കുരുടരായ പ്രീശരേ, പാനപാത്രത്തിൻെറയും ഭക്ഷണപാത്രത്തിൻെറയും പുറംകൂടി ശുദ്ധമാക്കുവാൻവേണ്ടി ആദ്യമേതന്നെ അവയുടെ അകം ശുദ്ധമാക്കുവിൻ" (1) എന്നാണവിടന്നു് യഹൂദജനതയോടു പറഞ്ഞതു്. ഭാരമായ ചുമടുകൾ മനുഷ്യരുടെ മേൽ ചുമത്തുകയും ദീർഘമായ പ്രാർത്ഥനകൊണ്ടു് വിധവകളുടെ ഭവനങ്ങൾ വിഴുങ്ങുകയും ചെയ്യുതിനു് അന്നത്തെ ആചാര്യന്മാരെ അവിടുന്നു കുററപ്പെടുത്തി. ശമറായക്കാരിയായ സ്ത്രീയോടു് ക്രിസ്തു പറഞ്ഞ വാക്കുകൾ ശ്രദ്ധേയമത്രേ. "(എന്നാല്ല) സത്യാരാധകന്മാർ ആത്മാവിലും സത്യത്തിലും ആരാധിയ്ക്കുന്ന നാഴിക വരുന്നു; ഇപ്പോൾ അതു് ആയിരിക്കയും ചെയ്യുന്നു. ഇവരെപ്പോലെയുള്ള ആരാധകരെയാണല്ലോ പിതാവും അന്വേഷിയ്ക്കുന്നതു്? എന്തുകൊണ്ടെന്നാൽ ദൈവം അരൂപിയാകുന്നു. അവനെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലും ആരാധിക്കുവാൻ ആവശ്യകമാകുന്നു"(2) അന്നത്തെ യഹൂദമതം പ്രതിനിധീകരിച്ച സകലത്തിൻെറയും നിഷേധമായിട്ടാണു് ക്രിസ്തുവിൻെറ ഈ പ്രസ്താവന പലരും കാണുക!

പക്ഷേ ഇക്കൂട്ടർക്ക് പൊതുവെ ഇടച്ചു നല്കുന്നവയാണ് സഭയിലെ ആരാധന ക്രമങ്ങളും കൂദാശകളുമൊക്കെ. ആധുനിക കാലത്തെ പുരോഗമന വാദികളായ ഹിന്ദുമതപുനരുദ്ധാരകർ പലപ്പോഴും ചോദിച്ചിട്ടുണ്ട്. "ഞങ്ങളുടെ ആചാരാനുഷ്ഠാനങ്ങളെല്ലാം തള്ളിക്കളയാൻ തുടങ്ങുന്ന ഞങ്ങൾക്കെങ്ങനെ നിങ്ങളുടേതു സ്വീകരിയ്ക്കാൻ സാധിയ്ക്കും" എന്നു്. ക്രിസ്തുമതത്തെ കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്നു പറയുന്ന 'ലിബറൽ' പ്രോട്ടസ്റ്റൻറുകാരും മോഡേനിസ്റ്റുകളും സഭയിലെ ബാഹ്യാനുഷ്ഠാനങ്ങൾക്കും അതിനുള്ള നിഷ്കർഷകൾക്കും എതിരായി സമരംതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ക്രിസ്തുവിൻെറ ഹിതത്തിനു് ഒട്ടും ചേരാത്തതാണ് കൂദാശകളുടെ സ്ഥാപനമെന്നാണ് അവരുടെ അഭിപ്രായം. കാരണം, പഴയനിയമത്തിൻെറ ബാഹ്യാചാരങ്ങളെ കുഴിച്ചുമൂടുവാൻ തന്നെയാണത്രെ ക്രിസ്തു അവതരിച്ചതു്. ക്രിസ്തു സ്ഥാപിക്കാനുദ്ദേശിച്ച അരൂപിയുടെ മതത്തിൽ നിന്നും അന്ധവിശ്വാസത്തിലേക്കുള്ള വഴുതിവീഴ്ച മാത്രമാണ് ആരാധനക്രമം. ക്രിസ്തു ഏതൊന്നിനെ നശിപ്പിക്കുവാനായി വന്നോ, അതിനെ അരക്കിട്ടുറപ്പിക്കുകമാത്രമാണ് കത്തോലിക്ക സഭ ചെയ്തിരിക്കുന്നതു്. പത്രോസ്ശ്ലീഹായുടെ വാക്കുകളിൽ, "മശിഹാ വഴിയായി ദൈവത്തിനു് അരൂപിക്കടുത്ത ബലിസമർപ്പിയ്ക്കുവാനാണു്" ക്രിസ്തു സഭയെ കെട്ടിപ്പടുത്തതു്. പക്ഷേ ഇന്നതു് പേയ്ഗനിസത്തിൻെറ പ്രതീകമായിരിക്കയാണത്രേ!! ഈ പശ്ചാത്തലത്തിലാണ് ഹാർണാക്ക പറയുക: "ഇത്തരത്തിലുള്ള മതത്തെ തച്ചുടയ്ക്കുവാണ് ക്രിസ്തു (പീഡകൾ) സഹിച്ചതു്, കുരിശിൽ ചേർത്തു തറയ്ക്കപ്പെട്ടതു്: പക്ഷേ ഇന്നു് അദ്ദേഹത്തിൻെറ നാമത്തിലും അധികാരത്തിലും ആ പേയ്ഗനിസം പുനസ്ഥാപിക്കപ്പെട്ടിരിക്കുകയാണു്" (3) എന്നു്.

**ആരാധനയുടെ കാതൽ:** ഈ അഭിപ്രായം പരിശോധിക്കുന്നതിനു മുൻപ് ഒന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. പല കത്തോലിക്കരിലും "പേയ്ഗനിസ"ത്തിൻെറ ചില അവശിഷ്ടങ്ങൾ കാണാനുണ്ടെന്നു്. ഏതാനും ചില കർമ്മാനുഷ്ഠാനങ്ങൾകൊണ്ടു് മതാത്മക ചുമതലകൾ തീർന്നെന്നു ഭാവിക്കുന്നവർ വിരളമല്ലല്ലോ? ജീവിതമെങ്ങനെയിരുന്നാലും, 'അന്തസ്സിനടുത്ത' ചുമതലകൾ എത്രതന്നെ നിറവേറാതിരുന്നാലും കുഴപ്പ

മൊന്നുമില്ല; ചില കൂദാശകൾ സ്വീകരിക്കയും, വെന്തിഞ്ഞ ധരിക്കയും ചില ജപങ്ങൾ ചൊല്ലുകയും ചെയ്താൽ വിശുദ്ധ പദവിയിൽ നിന്നു് തങ്ങൾ അധികം ദൂരെയല്ലെന്ന ധാരണ പലരിലുമുള്ളതായി തോന്നും. വി. കുർബാനയെത്തന്നെ അവഗണിച്ചിട്ടും വിശുദ്ധരുടെ പ്രതിമകളെ തൊട്ടുമുത്തുന്നതിൽ മത്സരിക്കുന്നയാളുകൾ എത്രത്തോളം 'അരൂപി'യുടെ മതത്താൽ പ്രേരിതരാണാവോ? കയ്പുനീര കുടിക്കുന്നതിനും കുരുത്തോല വാങ്ങുന്നതിനും വഴക്കടിക്കുന്നതു കണ്ടാൽ മതത്തിൻെറ സത്ത അവയിലാണോ എന്നു തോന്നിപ്പോവുകയില്ലേ ചിലപ്പോൾ? കൂദാശകളുടെ സ്വീകരണംതന്നെ എപ്പോഴും ആന്തരികമായ ഒരുക്കത്തോടും മനഃപരിവർത്തനത്തോടുംകൂടിയാണോ? ധാർമ്മിക നിയമത്തിനനുയോജ്യമല്ലാത്ത കാര്യങ്ങൾ പോലും "കുർബാന ചൊല്ലിച്ചു" നേടാമെന്നു ചിലർ കരുതുന്നെങ്കിൽ അതു തികച്ചും ഗർഹണീയമല്ലയോ? ഈ രംഗങ്ങളിലുള്ള ന്യൂനത തീർച്ചയായും അപലപനീയംതന്നെ എന്നതിൽ രണ്ടു പക്ഷത്തിനവകാശമില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും, ലിബറലിസ്റ്റുകളുടെയും മോഡേണിസ്റ്റുകളുടേയും ചിന്താഗതിയിൽ നിന്നും തികച്ചും വിഭിന്നമാണു് നമ്മുടെ നിലപാടു്. അരൂപിയിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്നതിനു് ക്രിസ്തു കാട്ടിയ വഴിയാണു സഭയെങ്കിൽ അതിൻെറ നടുവിൽത്തന്നെ കൂദാശകളെ നാം നിറുത്തേണ്ടിയിരിക്കുന്നു. ദിവ്യരക്ഷകൻെറ ഹിതത്തിനു തികച്ചും യോജിച്ചതാണു് കൂദാശകളുടെ നിലനില്പു്. അരൂപിയിലും സത്യത്തിലുമുള്ള ആരാധനയുടെ മൂർത്തിഭാവമായ ക്രിസ്തുതന്നെ, ബാഹ്യമായ ആരാധനയെ അവഗണിച്ചിട്ടില്ല; അതിനു താൻതന്നെ തലകുനിച്ചുകൊടുത്തിട്ടു്, വരപ്രസാദത്തിൻെറ നീർച്ചാലുകളായ പുതിയ നിയമത്തിലെ കൂദാശകളെ അവിടുന്നുതന്നെ സ്ഥാപിക്കയുംചെയ്തിട്ടുണ്ടു്. യോഹന്നാൻെറ മാമ്മോദീസാ സ്വീകരിച്ചുകൊണ്ടാണു് ക്രിസ്തു തൻെറ പരസ്യജീവിതം ആരംഭിച്ചതുതന്നെ. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൻെറ അവസാന വാചകങ്ങളാകട്ടെ വിശ്വസിക്കുന്നവർക്ക തൻെറ മാമ്മോദീസാ നൽകണമെന്ന അനുശാസനമാണല്ലോ? അവസാനത്തെ അത്താഴ സമയത്തു് "ഇതു എൻെറ ഓർമ്മക്കായി ചെയ്യുവിൻ" എന്നു പറഞ്ഞതും ഒരു ബാഹ്യാനുഷ്ഠാനത്തെ സൂചിപ്പിച്ചുകൊണ്ടാണെന്നതിൽ പക്ഷാന്തരമില്ല.

✓ പക്ഷേ, ഏതാനും ചില കർമ്മാനുഷ്ഠാനങ്ങൾ മനുഷ്യഹൃദയത്തിൻെറ കാഠിന്യം മൂലം ക്രിസ്തുനാഥൻ അനുവദിച്ചുകൊടുത്തു, അല്ലെങ്കിൽ അന്നത്തെ സാമൂഹ്യകെട്ടുറപ്പിനെ വല്ലാതെ പിടിച്ചുകുലുക്കേണ്ടെന്നു കരുതിയതിനാൽ താനും ചില ആചാരങ്ങൾ അനുഷ്ഠിച്ചു, എന്നു പറഞ്ഞാലും ശരിയാവുകയില്ല. ക്രിസ്തു സാധിക്കുവാൻ ആഗ്രഹിച്ച രക്ഷ കൂദാശകൾ വഴി നടത്തുവാനാണവിടന്നു നിശ്ചയിച്ചതു്; അവിടത്തെ രക്ഷാകരദൗത്യം നടന്നുകൊണ്ടിരിക്കുന്നതു് കൂദാശകളിലൂടെയാണു് എന്നു കൂടെ നാം വാദിക്കേണ്ടിയിരിക്കുന്നു. കാരണം അത്രയ്ക്കു പരമപ്രധാനമാണു് ക്രിസ്തുവിൻെറ ദൃഷ്ടിയിൽ അഥവാ സഭയിൽ, കൂദാശകളുടെ സ്ഥാനം. കൂദാശകളെ കൂടാതെ സഭയും സഭയെ കൂടാതെ കൂദാശകളുമില്ല. ക്രിസ്തുവിൻെറതുടർച്ചയാണു സഭയെങ്കിൽ ആ മൗതിക ശരീരത്തിൻെറ രൂപീകരണം തന്നെ കൂദാശകൾവഴിയാണു സാധിതമാവുക. ദിവ്യജീവനായ ക്രിസ്തുവിൻെറ അരൂപി നമ്മിലേക്കു പ്രവഹിക്കുന്നതു് കൂദാശകൾ വഴി മാത്രമാണു്. ഒരു വിധത്തിൽ നോക്കിയാൽ സഭയ്ക്കു വെളിയിൽ രക്ഷയില്ലെങ്കിൽ കൂദാശകൾ കൂടാതെ നിത്യജീവനില്ലെന്നും പറയാവുന്നതാണു്. ഇതാണു് എതിർവാദക്കാരെ നാം മനസ്സിലാക്കേണ്ടതും.

**മനുഷ്യനും പദാർത്ഥവും.** കൂദാശകളോരോന്നും സ്ഥാപിച്ചതു് ക്രിസ്തു തന്നെയാണെന്നു് അവയുടെ ഉത്ഭവത്തെപ്പററി പ്രതിപാദിക്കുമ്പോൾ നമുക്കു കാണാം. ആദിമശതകങ്ങൾ മുതല്ക്കേ കൂദാശകൾ പലതും ദൈവസ്ഥാപിതമല്ലെന്നു വാദിച്ചു് ശീശ്മയിൽ കുടുങ്ങിയിട്ടുള്ളവർ ധാരാളമാണു്. എന്നാൽ ഇന്നത്തെ എതിർപ്പു് അത്തരം വിശദാംശങ്ങളോടല്ല, ബാഹ്യാനുഷ്ഠാനങ്ങളുടെയും പദാത്ഥങ്ങളുടെ ഉപയോഗത്തിൻെറയും തത്വത്തോടാണു്. ആദ്ധ്യാത്മികമൂല്യങ്ങളുടെ ലോകത്തിൽ ആത്മാവിൻെറ വ്യാപാരങ്ങൾക്കു് ബാഹ്യാചാരങ്ങൾ ആവശ്യമില്ല. അവയൊട്ടു പദാർത്ഥബദ്ധമാകേണ്ടതുമല്ല എന്നാണു് ഇന്നു പലരുടേയും അഭിപ്രായം. ഒരു പക്ഷേ ആദ്യനൂററാണ്ടുകളിലെ മനിക്കേയൻ സിദ്ധാന്തത്തോടു്– പദാർത്ഥമെല്ലാം തിന്മയാണെന്ന ചിന്താഗതിയോടു്– ഇതിനു കുറെ അടുപ്പമുണ്ടെന്നു പറയാം. എന്നാൽ വെറും പദാത്ഥവിരുദ്ധ വാദത്തേക്കാൾ ആഴമേറിയതാണു് ആധുനികപ്രസ്ഥാനത്തിൻെറ എതിർപ്പു്. അതുകൊണ്ടു്

ആദ്ധ്യാത്മിക ജീവിതത്തിൻെറ ബാഹ്യമായ ആവിഷ്കരണവും കൂദാശകളിലെ പദാർത്ഥങ്ങളുടെ വിനിയോഗവും ക്രിസ്തുവിൻെറ തത്വങ്ങൾക്കു വിരുദ്ധമല്ലെന്നു മാത്രമല്ല മൗലികമായ യോജിപ്പുകൂടി അവയുമായി ഉണ്ടെന്നും നാമിവക്കെതിരായി തെളിയിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. പിതാവും താനും തമ്മിലുള്ള ഐക്യംതന്നെ നാമും പിതാവും തമ്മിലുണ്ടാകണമെന്നാഗ്രഹിച്ച ക്രിസ്തുവിൻെറ അഭിലാഷംമൂലമാണ് ബാഹ്യാനുഷ്ഠാനങ്ങളോടുകൂടിയ സഭയും ആദ്ധ്യാത്മിക ജീവിതത്തിൽ തന്നെ പദാർത്ഥങ്ങളുടെ ഉപയോഗവും നിലനില്ക്കുന്നതു് എന്നാണല്ലോ നമ്മുടെ അഭിപ്രായം. ഇതു നാം വിശദീകരിക്കേണ്ടിയിരിക്കുന്നു.

പ്രകൃതിയെ നശിപ്പിക്കുകയെന്നതല്ല പ്രകൃത്യതീതമായതിൻെറ പ്രവൃത്തി, പ്രത്യുത അതിനെ വേണ്ട വിധത്തിൽ പൂർത്തീകരിക്കുകയത്രേ. അതുകൊണ്ടു് മനുഷ്യൻെറ അടിസ്ഥാനപരമായ ഘടനയും ദൈവംമനുഷ്യനിൽ വച്ചിട്ടുള്ള വാസനകൾക്കും വിരുദ്ധമായിരിക്കുയില്ല ആദ്ധ്യാത്മിക ജീവിതത്തിൻെറ ആവശ്യങ്ങളും മനുഷ്യൻ അവൻെറ ഇന്നത്തെനിലയിൽ അവനിലുള്ള കഴിവുകളോടുകൂടിയാണു് രക്ഷിക്കപ്പെടേണ്ടതു്. ഒരത്ഭുതപ്രവൃത്തിമൂലം മനുഷ്യൻെറ സ്വഭാവത്തെത്തന്നെ കാതലായി മാററിയിട്ടു് അവനെ ആദ്ധ്യാത്മികതയിലേക്കു നയിക്കുക എന്നുവന്നാൽ അതു് മനുഷ്യാവതാരത്തിൻെറയും മററും അർത്ഥത്തെപ്പോലും ഹനിക്കുമല്ലോ! മനുഷ്യനെ അവൻെറ സകല സാഹചര്യങ്ങളോടും കൂടി മനുഷ്യൻ വഴിയായിത്തന്നെ രക്ഷിക്കുക എന്നതാണു മനുഷ്യാവതാരത്തിൻെറ കാതലായ തത്വം. മനുഷ്യനെ ഒരത്ഭുതപിയാക്കി മാററിയിട്ടുമാത്രമേ രക്ഷയുടെ പാതയിലേക്കു കടത്തുവാൻ സാധിക്കുകയുള്ളുവെങ്കിൽ, "എല്ലാക്കാര്യങ്ങളിലും പാപമൊഴിച്ചു് എല്ലാററിലും മനുഷ്യനു തുല്യനായി" തീരേണ്ട ആവശ്യമില്ലായിരുന്നു ക്രിസ്തുവിനു്. മനുഷ്യപ്രകൃതിതന്നെ പാടേ മാററിയിട്ടാണു രക്ഷയെങ്കിൽ സ്വന്തരക്ഷയിൽ മനുഷ്യനുള്ള പങ്കു മനസ്സിലാക്കാനും വിഷമമാണു്.

മനുഷ്യൻ സമൂഹത്തിൽ: ഇത്രയും സമ്മതിച്ചു കഴിഞ്ഞാൽ മനുഷ്യപ്രകൃതിയെ, ചരിത്രത്തിൽ ഇന്നു കാണുന്ന മനുഷ്യൻെറ സ്വഭാവത്തെ നാം മനസ്സിലാക്കുകയാണു് അടുത്തപടി. അവനെ പുറത്തുനിന്നു വീക്ഷിച്ചാൽ നിഷേധിക്കാനാ

വാത്ത ഈ പരമാത്ഥം മനസ്സിലാകും, മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്; മനുഷ്യന്റെ വളർച്ച പരിശോധിച്ചാൽ സമൂഹത്തോട് അവനുള്ള ബന്ധം വ്യക്തമാകും. പിറന്നു വീണ മാൻകിടാവോ, മുട്ടയിൽ നിന്നിറങ്ങിയ പക്ഷിക്കുഞ്ഞോ ക്ഷണേന സ്വന്തം കാലിൽ നില്ക്കുവാൻ പ്രാപ്തരാകും. പക്ഷേ, ഒരു ശിശുവിന്റെ സ്ഥിതിയോ? അവന്റെ വിധേയത്വം വളരെ ദീർഘമായതാണ്. സ്വന്തനിലനില്പിന് മിക്കവാറും പ്രായപൂർത്തിയാകുന്നതുവരെ മനുഷ്യൻ സ്വന്ത സമുദായത്തോട്ടും ഏതാണ്ട പൂണ്ണമായും കടപ്പെട്ടിരിയ്ക്കുന്നു എന്നു പറയാം. പ്രായപൂർത്തിയായാലും സമുദായത്തിൽ നിന്നകന്നു "റോബിൻസൻക്രൂസോ" യെപ്പോലെ ഏകാന്തവാസം നടത്തുവാൻ ഇഷ്ടപ്പെടുന്നവരായി അധികം കിണുകയില്ല. അതിലുമുപരിയായ നേട്ടങ്ങൾക്കു വേണ്ടിയാണ് ചല സന്യാസസമൂഹങ്ങൾ ചിലപ്പോൾ പരസ്പരസമ്പക്കംപോലും പരിത്യജിയ്ക്കുന്നതു്. എന്നാലും പരിശീലനവേളയിലും പാലിക്കുവാൻ വിഷമമുള്ള ഒന്നാണ് മൗനത്തെ സംബന്ധിക്കുന്ന നിയമം!! ഒരു പക്ഷേ, സംസാരിയ്ക്കാതെതന്നെ താനൊരു സമൂഹത്തോട്ട അഭേദ്യമായി ബന്ധപ്പെട്ടിരിയ്ക്കുന്നുവെന്ന ധാരണയും മറേറതെങ്കിലും തരം സമ്പക്കവും മൂലമായിരിയ്ക്കാം കഠിനമായ മൗനം പരിപാലിയ്ക്കപ്പെടുന്നിടത്തും മനുഷ്യക്കു ജീവിയ്ക്കാൻ കഴിയുന്നതു്.

മഹാബുദ്ധിശാലികളായ ചില അസാധാരണന്മാർ ഏകാന്തത മാത്രമാണിഷ്ടപ്പെട്ടിരുന്നതു് എന്നു നാം ചിലപ്പോൾ പറയാറുണ്ട്. ആലോചിച്ചാൽ ഇതത്ര ശരിയാണെന്നു തോന്നുന്നില്ല. ബുദ്ധിപരമായ ജീവിതത്തിനുണർവുകിട്ടുന്നതു തന്നെ സമൂഹത്തിൽ നിന്നാണ്. മനുഷ്യസമൂഹം നാളിതുവരെ നേടിയ സാംസ്കാരിക നിലവാരത്തെ പാടേ അവഗണിച്ചുകൊണ്ടാണോ അവരും ജീവിച്ചിട്ടുള്ളതു്? സ്വന്തം വ്യക്തിത്വത്തെ സംരക്ഷിയ്ക്കുവാനും ഒരു പക്ഷേ സമൂഹത്തിനു തന്റെ വ്യക്തിമുദ്രപതിച്ച സമ്മാനങ്ങൾ നൽകുവാനുമായി ചില അസാധരണന്മാർ ജനക്കൂട്ടത്തിൽ നിന്നു കുറെ നാളത്തേയ്ക്കു മാറി നില്ക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ അതു മനുഷ്യന്റെ അടിസ്ഥാനപരമായ സാമൂഹ്യബോധത്തിനു ഒരിക്കലും വിരുദ്ധമല്ല. സമൂഹത്തിൽ നിന്നു

ചിലപ്പോഴൊക്കെ മാറുന്നവരും സമൂഹത്തിൻെറ നന്മയ്ക്കും ഉയർച്ചയ്ക്കും വേണ്ടിയാണു പ്രയത്നിച്ചിട്ടുള്ളത്, അപ്പോൾ സമൂഹം അവരുടെ ചിന്താമണ്ഡലത്തിൽ എപ്പോഴും ഉണ്ടായിരുന്നുവെന്നതാണുവാസ്തവം.

**സമൂഹവും പദാർത്ഥവും മനുഷ്യജീവിതത്തിൽ:** സാമൂഹ്യജീവിതത്തിനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണു് ബാഹ്യമായ പ്രവൃത്തികളും പ്രകടനങ്ങളും. സമൂഹമെന്നനിലയിൽ മനുഷ്യൻ പരസ്പരം ബന്ധപ്പെടുന്നതു് വെറും അദൃശ്യമോ ആന്തരികമോ ആയ മനോവ്യാപാരങ്ങൾ നിമിത്തമല്ലല്ലോ? ആശയവിനിമയത്തിനും സാംസ്കാരികോന്നമനത്തിനുമെല്ലാം ബാഹ്യമായ ആവിഷ്കരണം അവശ്യാവശ്യമാണെന്നതിൽ പക്ഷാന്തരമില്ല. ഉള്ളിലുള്ള മനോവികാരങ്ങളെ പ്രകടിപ്പിക്കുന്നതും ആശയങ്ങൾക്കു ബാഹ്യരൂപം കൊടുക്കുന്നതും മനുഷ്യൻെറ സ്വാഭാവികമായ പ്രവണതകൊണ്ടാണു്. ദുഃഖത്തിൻെറ ഭാവഭേദങ്ങൾ, ആംഗ്യങ്ങൾ, വാക്കുകൾ, മററുവസ്തുക്കളുടെ ഉപയോഗം ഇവയെല്ലാം വഴി മനുഷ്യൻ തന്നെത്തന്നെ വെളിപ്പെടുത്തുകയാണു്, തൻെറ ചിത്രം പ്രപഞ്ചത്തിൽ വരയ്ക്കുകയാണു്. നവരസങ്ങളിൽ ഒന്നുപോലും ഉൾക്കൊള്ളിക്കാതെ ഒരു മനുഷ്യമുഖം ചിത്രീകരിയ്ക്കുവാൻ സാധിയ്ക്കുമോ എന്നു സംശയമാണു്. സ്വയം ആവിഷ്ക്കരിക്കാതിരിക്കുവാൻ മനുഷ്യനുസാദ്ധ്യമല്ലതന്നെ. ആകയാൽ, മനുഷ്യൻെറനിർവചനത്തിൽ ഈ സുപ്രധാനഘടകം കൂടി ഉൾപ്പെടുത്തേണ്ടതുമുണ്ടു്. സമൂഹത്തോടുള്ള ബന്ധവും അതിൻെറ തന്നെ അടിസ്ഥാനമായി വികാരവിചാരങ്ങളുടെ ബാഹ്യാവിഷ്ക്കരണവും നീക്കിനിറുത്തിക്കൊണ്ടു മനുഷ്യൻെറ ചിത്രം വരക്കുവാൻ ശ്രമിയ്ക്കുക വ്യർത്ഥമാണു്. സാമൂഹ്യബന്ധത്തെക്കുറിക്കുവാൻ ബാഹ്യരൂപങ്ങൾ ആവശ്യമായ ഉപാധിയുമാണു്.

അതുപോലെതന്നെ, സുപ്രധാനമാണു് മനുഷ്യനു പദാർത്ഥവുമായുള്ള ബന്ധവും. പദാർത്ഥവും പ്രപഞ്ചവും അതിൽതന്നെ തിന്മയാണെന്നുള്ള വാദം ഇന്നു വിലപ്പോവുകയില്ല. നന്മസ്വരൂപനായ ഈശ്വരൻെറ ശക്തിയാൽ സൃഷ്ടമായ പദാർത്ഥലോകമെങ്ങനെയാണു് അതിൽതന്നെ ചീത്തയാവുക? താൻ സൃഷ്ടിച്ചതെല്ലാം നല്ലതാണെന്നു കണ്ടു സംതൃപ്തനാവുകയാണല്ലോ

ദൈവം ചെയ്തതു്? അരൂപിയും പദാൎത്ഥവും തമ്മിൽ യോജിക്കാൻ പാടില്ലാത്ത വൈരുദ്ധ്യം സ്ഥാപിക്കുക ഈശ്വരനെപ്പററിയുള്ള തെററായ ധാരണയുടെ ഫലമാണു്. രണ്ടുംവന്നതു് ഒരേകമൂലത്തിൽ നിന്നാണല്ലോ, ഈശ്വരൻെറ ശക്തിയിൽനിന്നു്? നന്മയുടെ നീരുറവയിൽ നിന്നു് തിന്മ പൊട്ടിപ്പുറപ്പെടുകയില്ല. പോരെങ്കില് സ്വാതന്ത്ര്യം ദുരുപയോഗിക്കുവാനുള്ള സാദ്ധ്യതയുമില്ലല്ലോ പദാൎത്ഥത്തിനു്?

വാസ്തവത്തിൽ പദാൎത്ഥവും അരൂപിയും ദൃഢമായി യോജിച്ചിരിക്കുയാണു് മനുഷ്യനിൽ. പദാൎത്ഥവും അരൂപിയും കൂടി ഒരേകവസ്തുവായി തീൎന്നതാണു് മനുഷ്യൻ—എന്നു പറയാം. മനുഷ്യശരീരം അരൂപിയാൽ രൂപീകൃതമാകുന്ന പദാൎത്ഥമാണു്. ശരീരത്തോടു് അവശ്യം ബന്ധപ്പെട്ടതാണു് മനുഷ്യപ്രകൃതി, അരൂപിയുടെ ശക്തിയെ വഹിക്കുന്ന ദൃശ്യമായ ഉപകരണമാണതു്. ആ ശരീരത്തിൻെറ ഉപയോഗം മൂലമാണു് മനുഷ്യൻ പ്രപഞ്ചവുമായി ബന്ധത്തിലേപ്പെടുക. മററു ജീവികളോടും വസ്തുക്കളോടും സമ്പൎക്കം പുലത്തുവാൻ ശരീരം കൂടിയേ തീരൂ. മനുഷ്യൻെറ സ്വയം പ്രകാശനത്തിനു തന്നെയും, നാം മുൻപു കണ്ടതുപോലെ ശരീരവും മററു പദാൎത്ഥങ്ങളുംവേണം. മനുഷ്യൻെറ ആന്തരികമായ തീരുമാനങ്ങൾ തന്നെ നിലനില്ക്കുകയും വളരുകയും ചെയ്യണമെങ്കിൽ പലപ്പോഴും അവയെ പ്രവൃത്തിമൂലം പ്രകടിപ്പിക്കേണ്ടതുണ്ടല്ലോ? അതുപോലെതന്നെ ശരീരത്തിൻെറ സഹായത്തോടെ പ്രപഞ്ചം മനുഷ്യാത്മാവിൻെറ ജീവിതത്തില് പ്രവേശിക്കുന്നുണ്ടു്. മനുഷ്യനു പ്രപഞ്ചത്തെപ്പററിയുള്ള അറിവു മുഴുവൻ ശരീരത്തിൻെറ ഉപാധിവഴി ലഭ്യമായിട്ടുള്ളതാണെങ്കിൽ മനുഷ്യമനസ്സിനെ തട്ടിയുണൎത്തുന്നതും അതിൻെറ വളൎച്ചയ്ക്കു സഹായിക്കുന്നതും പ്രപഞ്ചവും അതിലെ പദാൎത്ഥങ്ങളുമാണു്.

ഇങ്ങനെ സൃഷ്ടവസ്തുക്കളുടെയിടയിൽ ഒരസാധാരണ നിലയാണു മനുഷ്യനുള്ളതു്. ഭൗതികവും അരൂപിക്കുട്ടത്തവയും ഒന്നുചേരുന്നതു് മനുഷ്യനിലാണു്. രണ്ടും മനുഷ്യൻെറ അവശ്യഘടകങ്ങളാണു്. ഇവ രണ്ടുംകൂടി അഭേദ്യമായി ചേൎന്ന മനുഷ്യനെയാണു് ദൈവം സ്വഭാവാതീതമായ നിലയിലേക്കുയൎത്തുവാൻ

ആഗ്രഹിക്കുന്നതു്. അങ്ങിനെ മനുഷ്യൻ ദിവ്യജീവൻ സ്വീകരിക്കുന്നതു മൂലം പ്രപഞ്ചം മുഴുവൻ (അതിലെ പദാർത്ഥാംശവും ഉൾപ്പെടെ) ദൈവത്തിങ്കലേക്കുയരുകയാണു്. ദൈവത്തിൽ നിന്നു വന്ന പ്രപഞ്ചം മുഴുവനായി ദൈവത്തിൻപക്കലേക്കടുക്കുന്നതിൽ മനുഷ്യനു് സർവ്വപ്രധാനമായ ഒരു പങ്കു വഹിക്കാനുണ്ടു്. മനുഷ്യനിലൂടെ മാത്രമാണു് ഭൗതികവസ്തുക്കൾ ദിവ്യജീവന്റെ പ്രവാഹത്തിൽപെട്ടു് ലക്ഷ്യത്തിലെത്തിച്ചേരുക. അതുകൊണ്ടു് പദാത്ഥങ്ങളടങ്ങിയ പ്രപഞ്ചത്തെ അവഗണിക്കുകയല്ല പ്രത്യുത അവയുടെ പവിത്രാത്മകമായ രൂപാന്തരത്തിനുത്സാഹിക്കുകയാണു് മനുഷ്യൻ ചെയ്യേണ്ടിയിരിക്കുന്നതു്,

✓ **മനുഷ്യാവതാര തത്വം:** ഇതു് അടിസ്ഥാനപരമായി നടന്നതു് രക്ഷകന്റെ മനുഷ്യാവതാരംമൂലമാണു്. വചനം മാംസമായപ്പോൾ ദൃശ്യപദാത്ഥത്തെ ഉപകരണമായി സ്വീകരിക്കയാണു ചെയ്തതു് ലോകത്തെ ദിവ്യമാക്കാൻ. മനുഷ്യനായ ദൈവപുത്രൻ കൗദാശികമായ (Sacramental) ഒരു യാഥാർത്ഥ്യമായിരുന്നെന്നു നമുക്കു പറയാൻ സാധിക്കും, കാരണം, ദൃശ്യമായ മാംസരക്തങ്ങൾ അമേയമായ ദൈവിക ശക്തിയെ ഉൾക്കൊള്ളുകയും സമ്പക്കത്തിലേപ്പെട്ടവക്കു് ആ ദിവ്യജീവൻ നൽകുകയുമാണു ചെയ്തതു്. രക്തസ്രാവക്കാരിയായ സ്ത്രീ തന്നെ സ്പർശിച്ചപ്പോൾ തന്നിൽ നിന്നും ശക്തി പുറപ്പെട്ടു് അവളെ സുഖപ്പെടുത്തിയെന്നാണല്ലൊ സുവിശേഷത്തിലെ സാക്ഷ്യം? വചനം മാംസമായതു് മാംസത്തെ, മനുഷ്യവംശത്തെ മുഴുവൻ, ദൈവത്തിങ്കലേക്കടുപ്പിക്കുവാനായിട്ടാണല്ലൊ? പദാത്ഥപ്രധാനമായ പ്രപഞ്ചവും അതിസ്വാഭാവിക ലോകവും തമ്മിലുള്ള ഏററം ഗാഢമായ ഐക്യമാണു് മനുഷ്യപുത്രനിൽ സാധിച്ചതു്. തികച്ചും മനുഷ്യനായി ജീവിച്ച രക്ഷകന്റെ മാംസവും രക്തവും സാധാരണ ഭക്ഷണപാനീയങ്ങൾ രൂപാന്തരപ്പെട്ടുണ്ടായതാണു്. ആ മനുഷ്യപ്രകൃതിയാകട്ടെ അഭേദ്യമാം വിധം ദൈവസ്വഭാവത്തിൽ അടിയുറച്ചു നിന്നിരുന്നു. അങ്ങനെ മനുഷ്യാവതാരം മൂലം സൃഷ്ടവസ്തുക്കളെല്ലാം രൂപാന്തരപ്പെടുകയും പിതാവിലേക്കു തിരിയുകയും മാത്രമല്ല അവയ്ക്കു് അതിസ്വാഭാവിക ശക്തിയെ വഹിക്കുന്ന ഉപകരണങ്ങളായിത്തീരുവാൻ കഴിവുമുണ്ടായി. തന്റെ ഇഹലോകവാസകാലത്തു് ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിച്ച ദൈ

വപുത്രൻ ഇന്നു് അതേ ദിവ്യശരീരം (മഹത്വീകരിക്കപ്പെട്ട രീതിയിൽ) മനുഷ്യക്കു ഭക്ഷണമായി നൽകുന്നല്ലോ? ഇതിനും പുറമെ ചില ഭൗതികവസ്തുക്കൾക്കും പ്രവൃത്തികൾക്കും പവിത്രീകരിക്കുന്നതിനുള്ള ശക്തിയും അവിടന്നു നൽകിയെന്നാണു് വി. ഗ്രന്ഥത്തിലും പാരമ്പര്യത്തിലും നിന്നു നാം മനസ്സിലാക്കുക. മനുഷ്യാവതാരതത്വത്തിനു് തികച്ചും അനുയോജ്യമായ ഒരു നിശ്ചയമായിരുന്നു അതു് എന്നാണു് നമ്മുടെ അഭിപ്രായം. പണ്ഡിതനായ ഷീബൻെറ (Sheeben) വാക്കുകളിൽ "തൻെറ ശാരീരികമായ ഉത്ഭവത്തിനും വളർച്ചയ്ക്കും മനുഷ്യൻ കടപ്പെട്ടിരിക്കുന്നതു ഭൂമിയോടാണല്ലോ? ആ ഭൂമിതന്നെ മനുഷ്യൻെറ ആദ്ധ്യാത്മിക ജനനിയായിത്തീരുക സാദ്ധ്യമായിരുന്നു; അങ്ങനെ ആദ്ധ്യാത്മിക മാതാവാക്കപ്പെട്ടുകയും ചെയ്തു—ഭൗമിക ധാതുക്കൾ അവൻെറ ആദ്ധ്യാത്മികവും സ്വഭാവാതീതവുമായ ഭക്ഷണമായി മാററപ്പെട്ടപ്പോൾ" (Thus the earth to which man owes his bodily origin and nourishment could become, and was made to become, his spiritual mother, while earthly elements were changed into spiritual and supernatural food for him". (4)

സൃഷ്ടിയിൽ തന്നെ പദാർത്ഥത്തിൻെറ മഹനീയ സ്ഥാനം സമാദരിക്കപ്പെട്ടിരുന്നു. ഭൗതികപ്രപഞ്ചം മുഴുവൻതന്നെ സ്രഷ്ടാവിനെ ഏററുപറയുന്ന ഒരടയാളമാണു്. പ്രപഞ്ചത്തിൻെറ പഠനത്തിൽ നിന്നാണു് മനുഷ്യമനസ്സു് സ്രഷ്ടാവിങ്കലേക്കുയരുന്നതു്. അഗ്നിയും ജലവും ആകാശതാരങ്ങളും സൈന്യങ്ങളും നാഥനായ ദൈവത്തെ സ്തുതിക്കണമെന്നാണു് ദൈവഹിതം. അതു മനുഷ്യനും പദാർത്ഥവുമായുള്ള ബന്ധം മൂലമാണു് സാധിതമാവുക അരൂപിയുടെ ലോകത്തിലേക്കു മനുഷ്യനെ വിളിച്ചു കയററുവാനുദ്ദേശിക്കപ്പെട്ടതാണു പ്രപഞ്ചമെങ്കിൽ അതിനെ തിന്മയെന്നു പരിഗണിച്ചു തള്ളുക യുക്തിക്കു ചേർന്നതായിരിക്കുമോ? സൃഷ്ടവസ്തുക്കളോടുള്ള അമിതമായ പക്ഷമാണു് മനുഷ്യൻെറ വീഴ്ചയ്ക്കു കാരണമെങ്കിൽ രക്ഷയ്ക്കുള്ള മാർഗ്ഗവും ഏതാനും പദാർത്ഥങ്ങളുടെ ഉപാധിയിലൂടെ ആയിരിക്കണമെന്നാണു ദൈവ നിശ്ചയം.

ബാഹ്യമായ അടയാളങ്ങളുടെ പ്രാധാന്യം: അരൂപിയും പദാർത്ഥവും ചേന്ന ഒരു വസ്തുവായിരിക്കയാണല്ലോ മനുഷ്യനിൽ? സൃഷ്ടികത്താവുതന്നെ ആഗ്രഹിച്ചതാണു് ആ ഐക്യം. ആത്മാവിനെ വഹിയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്ന ദൃശ്യമായ ഭാഗമാണു ശരീരം. ശാരീരികമായ പ്രവത്തനങ്ങളും ഭാവങ്ങളും ആത്മാവിൻെറ അവസ്ഥാന്തരങ്ങളെ വിളിച്ചറിയിക്കുകയാണു് ചെയ്യുന്നതു്. നമ്മുടെ ആന്തരികജീവിതം ഏതെങ്കിലും വിധത്തിൽ വെളിപ്പെടുന്നതു് ഈ ബാഹ്യപ്രവൃത്തികൾ മൂലമാണു്. ആത്മാവിൻെറ സ്വയം പ്രകാശനത്തിനും മററുള്ളവരുമായുള്ള സമ്പക്കത്തിനും ദൃശ്യവും ബാഹ്യവുമായ അടയാളങ്ങൾ—അംഗവിക്ഷേപം, സംസാരം തുടങ്ങിയവയെല്ലാം—തികച്ചും അനപേക്ഷണീയമത്രേ, അദൃശ്യവും ഉന്നതവുമായൊരു മണ്ഡലത്തിലെ യാഥാത്മ്യങ്ങൾ ഈ അടയാളങ്ങളിലൂടെ ആവിഷ്കരിക്കപ്പെടുകയാണു്. പുഞ്ചിരിയും രൗദ്രഭാവവും കണ്ണീരുമെല്ലാം അടയാളങ്ങളാണെങ്കിൽ അവയെ വ്യാഖ്യാനിയ്ക്കാനാണല്ലോ നാം ചെറുപ്പത്തിലേ പഠിയ്ക്കുന്നതു്? മിക്കപ്പോഴും ആ വ്യാഖ്യാനത്തിനു് നിഘണ്ടുവോ ശാസ്ത്രത്തിൻെറ സഹായമോ ആവശ്യമില്ല. സ്വാഭാവികമായ കഴിവുകൊണ്ടുതന്നെ മനുഷ്യൻ അത്തരം അടയാളങ്ങളെ മനസ്സിലാക്കുന്നു. പരസഹായത്തോടെ പഠിയ്ക്കുന്ന ഭാഷയും അടയാളങ്ങൾ മാത്രമാണു്. ദൃശ്യമായ പദാത്ഥങ്ങളും പ്രവൃത്തികളും അദൃശ്യമായവയുടെ സൂചനകളായിത്തീരുന്നു. സ്വന്തം അനുഭൂതിയെ തനിക്കും മററുള്ളവക്കും വേണ്ടി പ്രകാശിപ്പിക്കുന്നതിനുള്ള ഉപാധിയും ഈ സൂചനകൾ തന്നെ. ആധുനിക മന:ശാസ്ത്രം മനുഷ്യൻെറ ആത്മാനുഭൂതികളെ പ്രകടിപ്പിക്കുന്നതിൽ ഇത്തരം സൂചനകളുപയോഗിക്കുന്നതിൻെറ പ്രാധാന്യത്തെപ്പററി ധാരാളം പറയുന്നുണ്ടു്. "സിംബലുകളിലൂടെയുള്ള ജീവിതത്തിനുമാത്രമെ ആത്മാവിൻെറ ആവശ്യത്തെ പ്രകടിപ്പിക്കുവാൻ കഴിയൂ. ആരാധനപ്രകടനങ്ങളിൽ മനുഷ്യൻ ഈശ്വരസമീപെയാണു നില്ക്കുക, ഒരു പ്രകാരത്തിൽ അവർ ദിവ്യന്മാരായിത്തീരുകയാണു്" (Only the symbolic life can express the need of the soul. In the ritual men are near to the God head and they are even divine" (5)

സ്നേഹിക്കുന്ന രണ്ടാളുകളുടെ ആന്തരിക വ്യാപാരങ്ങളെല്ലാം സ്നേഹത്താൽ പ്രചോദിതമാണെങ്കിലും ചിലപ്പോഴെങ്കിലും അവയെ ബാഹ്യമായി പ്രകടിപ്പിക്കേണ്ടതാവശ്യമാണ്. അവയില്ലാതെ സ്നേഹം നശിക്കുകതന്നെ ചെയ്യും.

അടയാളങ്ങൾ രക്ഷയുടെ മണ്ഡലത്തിൽ: ഇങ്ങനെ പ്രകൃത്യാ തന്നെ ദൃശ്യമായവയ്ക്കും കഴിവുണ്ട്, ആത്മികവും ഉന്നതവുമായ ഒരു മണ്ഡലത്തിൻെറ പ്രതീകങ്ങളാകുവാൻ. മനുഷ്യന് സ്വന്തമാത്മാനുഭൂതികളെ മററുള്ളവർക്കും തനിക്കുതന്നെയും വേണ്ടി പ്രകടിപ്പിക്കുവാനുള്ള ഏക ഉപാധിയും അതാണ്. സ്വാഭാവികമായുള്ള ഈ കഴിവിനെയാണ് മനുഷ്യാവതാരം വഴിയായി ദൈവം സ്ഥിരീകരിച്ചതും, കുറേക്കൂടി മഹനീയമായ പദവിയിലേക്കുയർത്തിയതും. മനുഷ്യാവതാരത്തിലൂടെ ദൃശ്യമായതു് അദൃശ്യമായതിൻെറ ചൂണ്ടുപലക മാത്രമല്ല, ദൈവികമായതിനെ ഉൾക്കൊള്ളുവാനും ദിവ്യശക്തി നല്കുവാനും പ്രാപ്തമായ ഉപകരണമായി മാറി. ക്രിസ്തുവിൻെറ ദൃശ്യമായ ശരീരത്തിൽ പ്രവൃത്തിനിരതമായ ദിവ്യശക്തിയായിരുന്നല്ലോ കുടികൊണ്ടിരുന്നതു്? മാംസം വചനത്തെ ഉൾക്കൊണ്ടതുമൂലം മാംസം തന്നെ എല്ലാററിനെയും സജീവമാക്കിച്ചെയ്യുന്ന ശക്തിയായിമാറി. നമ്മുടെയെല്ലാം രക്ഷ മിശിഹായുടെ മനുഷ്യസ്വഭാവവുമായുള്ള സമ്പർക്കം മൂലമാണ് ഭവിക്കേണ്ടതു്. പലസ്തീനായിലെ ജീവിതകാലത്തു് സ്നേഹത്തോടും വിശ്വാസത്തോടും കൂടി മിശിഹായെസമീപിച്ചവർ ദൈവത്തെ അഭിമുഖീകരിക്കുകയായിരുന്നു. മിശിഹായുടെ ദൃശ്യമായ ശരീരത്തിലും തൻെറ മനുഷ്യത്വത്തിൻെറ പിറകിലും ദൈവത്തെദർശിച്ച പത്രോസും, നല്ല കള്ളനുമൊക്കെയാണ് രക്ഷയുടെ വചനങ്ങൾശ്രവിച്ചതു്. അന്നു് ദൈവത്വം പ്രവർത്തിച്ചതും തന്നെ മനുഷ്യസ്വഭാവത്തിലൂടെയാണ്. മനുഷ്യനായ ക്രിസ്തുവിന്റെ ആംഗ്യങ്ങളും വാക്യങ്ങളും വഴിയാണല്ലോ അത്ഭുതങ്ങൾ പ്രവർത്തിക്കപ്പെട്ടതും, പാപങ്ങൾപൊറുക്കപ്പെട്ടതും. വചനം തന്നിലേക്കെടുത്തഭൗമികമായ ശരീരത്തിലൂടെ ദൈവത്തെ നേരിട്ടുവാൻ അന്നത്തെ ആളുകൾക്കു് അവസരം നല്കിയെങ്കിൽഏതാണ്ടതുപോലെയുള്ള ഒരു അവകാശം പിൻതലമുറകൾക്കും ലഭിച്ചു എന്നു കരുതുന്നതിൽ എന്താണ് യുക്തിഹീനത? de Lubacr ൻെറ വാക്കുകളിൽ

പറഞ്ഞാൽ "ലോകത്തിൽ സഭ ക്രിസ്തുവിന്റെ കൂദാശയാണ്, തന്റെ മനുഷ്യത്വത്തിൽ അവിടുന്നു തന്നെ നമുക്കുവേണ്ടി ദൈവത്തിന്റെ കൂദാശയായിരുന്നതുപോലെ" (In this World she is the Sacrament of Christ as Christ Himself, in His humanity is for us the Sacrament of God (6)

ക്രിസ്തുവിന്റെ ശരീരം രക്ഷാകര അടയാളമായതു് ദൈവത്തോടുള്ള അമേയമായ അതിന്റെ ബന്ധം മൂലമാണ്. സഭ ക്രിസ്തുവിന്റെ മണവാട്ടിയും ഭൗതികശരീരവുമാണല്ലോ. ഈ മഹത്തായ ഐക്യം മൂലം തന്റെ മനുഷ്യത്വത്തിന്റെ രക്ഷാകരശക്തിയിൽ സഭയും പങ്കുകാരിയാണ്. നമ്മെ ക്രിസ്തുവുമായി ബന്ധിപ്പിക്കുക എന്നതാണു് സഭയുടെ ലക്ഷ്യം തന്നെ. പവിത്രീകരിക്കുന്ന തന്റെ പ്രവൃത്തികൾ മൂലമാണ് സഭ തന്റെ ഈ ചുമതല നിർവ്വഹിക്കുന്നതു്. പക്ഷേ ഈ പവിത്രീകരണ ദൗത്യം ഏററവും ഉപരിയായി നടക്കുന്നതു് കൂദാശകളിലാണ്. അവിടെയാണ് സഭ രക്ഷയുടെ ദൃശ്യമായ അടയാളവും ഉപകരണം എന്ന നിലയിൽ വ്യക്തിയെ അഭിമുഖീകരിക്കുക. ഈ പരസ്പര സമീപനത്തിൽ ഓരോ വ്യക്തിയും ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ദൈവികത്വത്തെയും നേരിടുന്നു എന്നതാണ് വാസ്തവം.

ഇത്രയും പറഞ്ഞതിൽ നിന്നു് ഒന്നു വ്യക്തമാണ്. പദാർത്ഥം തിന്മയുടെ തത്വമാണെന്ന വാദം ക്രിസ്തീയ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ വിലപ്പോവുകയില്ല. സൃഷ്ടിയിൽ തന്നെ അതു് അരൂപിയുടെ ജീവിതത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മനുഷ്യാവതാരവും രക്ഷയും മൂലം ഭൗതികതത്വത്തിനു് അതിസ്വാഭാവികലോകത്തിലും സ്ഥാനം ലഭിച്ചു എന്നു നാം പറഞ്ഞുകഴിഞ്ഞു. രക്ഷയുടെ പ്രവൃത്തിയിൽ സഹകരിക്കുവാനുള്ള ദൈവവിളിയാണ് പദാർത്ഥലോകത്തിനു് കിട്ടിയതു്. അതുപോലെതന്നെ ബാഹ്യമായ വസ്തു് അദൃശ്യമായ വസ്തുതകളുടെ അടയാളങ്ങളാകുവാനുള്ള സ്വാഭാവികമായ കഴിവിനെപ്പററിയും നാം പ്രതിപാദിച്ചു. മനുഷ്യാവതാരവും മററും മൂലം ബാഹ്യവും ദൃശ്യവുമായതിനു് ദിവ്യജീവനെ ഉൾക്കൊള്ളുവാനും നല്കുവാനുമുള്ള ശക്തിയും കിട്ടിയതായി നാം കണ്ടു.

**സാമൂഹ്യമായ ആരാധന:** മനുഷ്യൻ സാമൂഹ്യജീവിയാണെന്നുള്ളതാണു് മറെറാരു യാഥാർത്ഥ്യം. ആന്തരികമായ വ്യാപാരങ്ങളെ പ്രകാശിപ്പിക്കുവാനും മററുള്ളവരെയും അവയിൽ പങ്കാളികളാക്കാനും ബാഹ്യമായി അവക്കവസരം നല്കുവാനുമുള്ള പ്രവണത മനുഷ്യ സ്വഭാവത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ടു്. മനുഷ്യൻ മനുഷ്യനായിട്ടാണു് ദൈവത്തെ സ്തുതിക്കേണ്ടതെങ്കിൽ പദാർത്ഥത്തോടും സാമൂഹ്യമായതിനോടും അവനുള്ള ബന്ധത്തെക്കൂടി കണക്കിലെടുക്കേണ്ടതുണ്ടു്. പദാർത്ഥത്തെ അവജ്ഞയോടെ നോക്കുന്ന മനിക്കിയനിസവും ബാഹ്യാരാധന സംശയത്തോടെ വീക്ഷിക്കുന്ന പ്രോട്ടസ്റ്റൻറുകാരുടെ മനോഭാവവും നമുക്കു് സ്വീകാര്യമല്ലതന്നെ. അതുപോലെ നിഷേധിക്കുവാനാവാത്ത ഒരു പരമാർത്ഥമാണു് ദൈവം സ്വയം വെളിപ്പെടുത്തിയതു് ഒരു സമൂഹത്തിനാണു് എന്ന പരമാർത്ഥം. പഴയനിയമ കാലത്തു് ദൃശ്യവും ഏകവുമായ ഇസ്രായേലായിരുന്നു യഹോവായുടെ മണവാട്ടി. പുതിയനിയമത്തിലെ ഇസ്രായേലാണു് സഭ. ക്രിസ്തുവിൻെറ നിക്ഷേപങ്ങളെല്ലാം സഭയിലാണു്. ക്രിസ്തു സഭയിൽ എന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കൂദാശവഴിയാണു് നാം ഈ തിരഞ്ഞെടുക്കപ്പെട്ട സമൂഹമായി, ക്രിസ്തുവിൻെറ ശരീരവുമായി സമ്പർക്കത്തിലേർപ്പെടുന്നതു്. മാമ്മോദീസാ, പാപമോചനം, കുർബാന, ഇവയെല്ലാം ഒരു സമൂഹത്തിലുൾപ്പെട്ടിരിക്കുന്നുവെന്നതിൻെറ അടയാളങ്ങളാണു്. വി. അക്വിനാസിൻെറ അഭിപ്രായത്തിൽ സഭയുടെ സാമൂഹ്യസ്വഭാവത്തിലുള്ള വിശ്വാസത്തിൻെറ ബാഹ്യപ്രകടനമാണു് കൂദാശകളിലൂടെ സംഭവിക്കുന്നതു്. ഒരു സാമൂഹ്യജീവിയെന്നുള്ള മനുഷ്യന്റെ സ്വഭാവത്തിനു് അവ തികച്ചും അനുയോജ്യവുമാണു്. വരപ്രസാദം തന്നെ മനുഷ്യപ്രകൃതിക്കനുയോജ്യമായ രീതിയിൽവേണമല്ലോ മനുഷ്യനിൽ പ്രവേശിക്കുവാൻ. കാൾ റാണർ (Karl Rahner) പറയുന്നതു് ശ്രദ്ധേയമാണു്. "The tendency of all grace to manifest itself physically under spatio temporal conditions springs from its Christological ecclesiastical structure" (7) നമ്മുടെ പവിത്രീകരണം സാധിക്കുന്നതു് ഭൗതികശരീരത്തിൻെറ അംഗമെന്ന നിലയിൽ മാത്രമാണു്.

**ആന്തരികമായ ആരാധന മാത്രമോ?** സത്യത്തിലും

അരൂപിയിലും ദൈവത്തെ ആരാധിക്കണമെന്നുള്ള കല്പന ബാഹ്യപ്രകടനങ്ങൾക്കെതിരാണെന്നാണ് പ്രോട്ടസ്റ്റൻറ് വാദം. പക്ഷേ ഈ നിലപാടിനു് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും പിന്തുണ ലഭിക്കുക പ്രയാസമാണ്. അരൂപിയിലും സത്യത്തിലും ദൈവത്തെ ആരാധിക്കുകയെന്നു വച്ചാൽ മനുഷ്യൻെറ വിധേയത്വം ബാഹ്യമായി പ്രകടിപ്പിക്കുവാൻ ഭയപ്പെടുകയോ പ്രപഞ്ചവസ്തുക്കളുടെ സഹായം സ്വീകരിക്കാതിരിക്കുകയോ ചെയ്യുക എന്നല്ല അർത്ഥം. വി. ഗ്രന്ഥം ഒരു പ്രാവശ്യമെങ്കിലും വായിച്ചിട്ടുള്ളവർക്ക് അത്രയും മനസ്സിലാക്കാൻ കഴിയും. പിന്നെയെന്താണ് സത്യത്തിലും അരൂപിയിലും ആരാധിക്കുകയെന്നു വച്ചാൽ? ദൈവത്തെയും നമ്മെയും കുറിച്ച് ക്രിസ്തുവിൻെറ പഠനപ്രകാരമുള്ള സത്യത്തിലേക്ക് നമ്മുടെ ആത്മാവ് തുറന്നിരിക്കണം. നമ്മുടെ ആത്മാവ് ദൈവാരൂപിക്ക് പൂർണ്ണമായും വിധേയമായിരിക്കണം. ഹൃദയത്തിൽ നിന്നും വരുന്നതായിരിക്കണം നമ്മുടെ ആരാധന. ഇത്രയുമേ വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുള്ളു. പക്ഷേ ഭൂരിപക്ഷം പ്രോട്ടസ്റ്റൻറുകാർക്കും ബാഹ്യാരാധനയോടു വെറുപ്പാണെങ്കിൽ അതിനുള്ള കാരണം ഒരു പക്ഷേ ചരിത്രത്തിലാണാരായേണ്ടത്. മദ്ധ്യശതകങ്ങളുടെ അവസാനമായപ്പോഴേക്കും കത്തോലിക്കരുടെ ഭക്തി പ്രകടനങ്ങൾ പലയിടങ്ങളിലും അന്ധവിശ്വാസത്തിൻെറ വക്കിലെത്തിയിരുന്നുവെന്നതാണ് പരമാർത്ഥം. ദണ്ഡവിമോചനങ്ങളേയും ദിവ്യബലിയേയും വട്ടമിട്ട് നിരവധി ഗർഹണീയമായ വഴക്കങ്ങൾ നടപ്പിലായി കഴിഞ്ഞിരുന്നു. പല ദൈവശാസ്ത്രജ്ഞന്മാരും ഇവയെപ്പററി പ്രതിപാദിച്ച രീതിയും ഇന്നു നമ്മെ വിസ്മയിപ്പിച്ചേക്കാം. ഈ പശ്ചാത്തലത്തിലാണ് ലൂതറിൻെറ "ബാബിലോണിയൻ വിപ്രവാസം" എന്ന പുസ്തകത്തെ നാം കാണേണ്ടത്. ചില തെററുകളെ എതിർത്ത ലൂതർ മറേറാരററത്തേക്കു മാറിപ്പോയെന്നുമാത്രം. ബാഹ്യാനുഷ്ഠാന പ്രസ്ഥാനങ്ങൾക്കെന്തോ ചില മാന്ത്രികശക്തിയുണ്ടെന്നു തെററിദ്ധരിച്ച ഏതാനും ചിലർക്കെതിരായി ആരംഭിച്ച ആക്രമണം കാലാന്തരത്തിൽ ബാഹ്യാനുഷ്ഠാനങ്ങൾക്കെല്ലാമെതിരായിത്തീർന്നുവെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ല. ബാഹ്യാനുഷ്ഠാനങ്ങൾ ചരിത്രാതീത കാലത്തെ പ്രാകൃത മതത്തിൻെറ അവശിഷ്ടങ്ങളാണെന്നും, മന്ത്രവാദംപോലുള്ള അന്ധവിശ്വാസങ്ങളുടെ

വകഭേദമാണന്നാണല്ലോ റാഷനലിസ്റ്റുകളുടെയും, യുക്തിവാദികളുടെയും, മോഡലിസ്റ്റുകളുടെയുമൊക്കെ വാദം. ഇതു തികച്ചും തെററാണെന്നു് കൂദാശകളെപ്പററിയുള്ള വിശകലനം നമ്മെ മനസ്സിലാക്കുന്നു. ഇവിടെ ഒരു കാര്യം മാത്രം നമുക്കു് ഓർമ്മിക്കാം. Dean Inge തൻെറ Out spoken Essays (The Catholic Church stands or falls with a non-ethical, magical view of the divine economy which is hardly compatible with a high level of morality or culture") (8) എന്ന ഗ്രന്ഥത്തിലും Harnack തൻെറ History of Dogma എന്ന പുസ്തകത്തിലും ഈ അഭിപ്രായം ഉന്നയിക്കുന്നുണ്ടു്. മന്ത്രവാദത്തിൽ നിന്നും പ്രധാനമായും ഭൗതിക നന്മയാണു് പ്രതീക്ഷിക്കുക. യാന്ത്രികമായൊരു ചരിത്രസിദ്ധാന്തമാണതിൻെറ പിറകിൽ. മനുഷ്യൻെറ വാക്കുകൾക്കും ആംഗ്യങ്ങൾക്കും, നിശ്ചിതമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ടുകഴിഞ്ഞാൽ അവയിൽ തന്നെ അസാധാരണ ശക്തിയുണ്ടെന്നുള്ള ധാരണയിലാണു് മന്ത്രവാദം നിലകൊള്ളുന്നതു് ഒരു വിധത്തിൽ പറഞ്ഞാൽ ഈശ്വരൻെറ പരിമിതിയാണു് മന്ത്രവാദത്തിൻെറ വിജയം. അതുപോലെ തന്നെ പലപ്പോഴും ഗർഹണീയമായ ഉപാധികളാണു് മന്ത്രവാദികൾ ഉപയോഗിക്കുക. എന്നാൽ ഈ വിഷയവും കൂദാശകളെ സംബന്ധിച്ച പഠനവും തമ്മിൽ കടലും കടലാടിയും തമ്മിലുള്ളത്ര ബന്ധംപോലുമില്ല. കൂദാശകൾ മനുഷ്യനായ ദൈവത്തിൻെറ അനന്തശക്തിയുടെ പ്രകാശനം മാത്രമാണു്. മനുഷ്യനല്ല ദൈവമാണിവിടെ പ്രവർത്തിക്കുന്നതു്. അവിടുന്നു നിശ്ചയിച്ച ചില വ്യവസ്ഥകൾ മനുഷ്യൻ നിറവേററുന്നുവെന്നു മാത്രം. അതു മൂലം മനുഷ്യനു് ഭൗതിക നന്മ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നുമില്ല. മനുഷ്യനു് യാതൊരധികാരവുമില്ലാത്ത ആദ്ധ്യാത്മ ജീവൻ മാത്രമാണു് കൂദാശകൾവഴി നല്കപ്പെടുന്നതു്. കൂദാശകൾ സ്വീകരിക്കുന്ന ആളിൻെറ ഒരുക്കമനുസരിച്ചു് മാത്രമെ അയാൾക്കു് ദിവ്യജീവൻ സ്വീകരിക്കാൻ സാധിക്കൂ. മനസ്സിലാക്കാവുന്ന പ്രതീകങ്ങളുപയോഗിച്ചു് കൂദാശകൾ ഒരുവൻെറ വിശ്വാസത്തെ ഉറപ്പിക്കുവാനും വരപ്രസാദത്തിൻെറ സാമൂഹ്യ സ്വഭാവത്തെ വ്യക്തമാക്കാനും സഹായിക്കു

ന്നു. എങ്കിലും കൂദാശ സ്വീകരിക്കുന്ന ആളിൻെറ ആദ്ധ്യാത്മിക സ്ഥിതിയാണു് ഫലത്തിൻെറ മാനദണ്ഡം.

**ദൈവത്തിൻെറ പ്രവൃത്തികൾ:** ഇവിടെ ഒരു തെററിദ്ധാരണ നമുക്കു് നീക്കേണ്ടതുണ്ടു്. കൂദാശകളുടെ ശക്തി അതു നല്കുന്നയാളിൻെറയോ സ്വീകരിക്കുന്നയാളിൻെറയോ കഴിവിനെ ആശ്രയിച്ചല്ലിരിക്കുന്നതെന്നു പറയുമ്പോൾ അവയ്ക്കേതോ യാന്ത്രിക ശക്തിയുണ്ടെന്നല്ല അതിൽ നിന്നും മനസ്സിലാക്കേണ്ടതു്. വാസ്തവത്തിൽ മനുഷ്യൻെറ കഴിവുകൾക്കു് തികച്ചും അതീതമാണു് കൂദാശകളുടെ പ്രവർത്തനമെന്നേ അതുകൊണ്ടർത്ഥമുള്ളു. ക്രിസ്തുവിൻെറ പ്രവൃത്തികളാണു് വാസ്തവത്തിൽ കൂദാശകൾ. (ഇതേക്കുറിച്ചു് നമുക്കു് പിന്നീടു് പ്രതിപാദിക്കാം) ക്രിസ്തു സ്ഥാപിച്ച വ്യവസ്ഥകൾ നിറവേററിക്കഴിയുമ്പോൾ പിന്നെ മറെറാന്നിനും വരപ്രസാദം വിധേയമല്ല എന്നുള്ളതുകൊണ്ടു് സ്വീകരിക്കുന്ന ആളിൻെറ ആത്മസ്ഥിതി കൂദാശകളുടെ സ്വീകരണത്തിൽ അപ്രധാനമെന്നു സിദ്ധിക്കുന്നുമില്ല. കമഴ്ത്തിവച്ച ഒരു കുടത്തിലേക്കു് പൈപ്പു് തുറന്നുവച്ചതുകൊണ്ടു് എന്താണു് പ്രയോജനം? കൂദാശകളിൽ നിന്നു് ഓരോ മനുഷ്യനും സ്വീകരിക്കുന്ന പ്രയോജനം തീർച്ചയായും അയാളുടെ ആദ്ധ്യാത്മിക ഒരുക്കത്തിനനുരൂപമായിരിക്കണം. തിരുസ്സഭയുടെ ഈ പഠനം ശരിയായി മനസ്സിലാക്കാത്തതാണു് അബദ്ധത്തിൽ ചാടാൻ പലർക്കും കാരണമായതു്.

കൂദാശകൾ ദൈവത്തിൻെറ പ്രവൃത്തികൾ മാത്രമല്ല. മനുഷ്യൻെറ പ്രായോഗിക സഹകരണം കൂടി അവ ഉൾക്കൊള്ളുന്നുണ്ടെന്നു് കൂദാശകളെപ്പററിയുള്ള ഒരു വിഹഗവീക്ഷണം നമ്മെ മനസ്സിലാക്കും. ജീവിതത്തിൻെറ മർമ്മപ്രധാനമായ ഭാഗങ്ങളിലാണു് കൂദാശകൾ പ്രവേശിക്കുന്നതു്. ജീവിതത്തിലെ സുപ്രധാന അവസരങ്ങൾ ദൈവത്തിനു പ്രതിഷ്ഠിക്കുകയാണു് മനുഷ്യൻ ചെയ്യുക. സുപ്രധാന അവസരങ്ങളിൽ നാം നമ്മുടെ പ്രിയപ്പെട്ടവരെ അനുസ്മരിക്കുന്നതുപോലെ കൂദാശകൾ വഴി നാഥനായ ദൈവത്തിനു് നാം ആരാധന സമർപ്പിക്കുകകൂടിയാണു് ചെയ്യുന്നതു്. അവയിലൂടെ അപ്പോൾ ദൈവം നമുക്കാവശ്യമായ ആദ്ധ്യാത്മിക വരങ്ങളും നല്കുന്നു. ദൈവത്തിൻെറ നിശ്ചയമനുസരിച്ചു്, അ

ങ്ങനെ മനുഷ്യന്റെ ആരാധനയും ദൈവത്തിന്റെ ദയാമസൃണമായ സ്നേഹവും തമ്മിൽ കൂട്ടിമുട്ടുന്ന അമൂല്യ നിമിഷങ്ങളാണ് കൂദാശകൾ. അല്ലാതെ മന്ത്രവാദവും അന്ധവിശ്വാസവുമായി അവയ്ക്ക് യാതൊരു ബന്ധവുമില്ല. "Subjective activity and Sacramental operation are not two different ways of obtaining the same grace but rather too closely related phases of a single unified process" (9)

മഹത്തായ ക്രമീകരണം. ബാഹ്യാനുഷ്ഠാനങ്ങളും പദാർത്ഥങ്ങളുടെ ഉപയോഗവും ഒരു വിധത്തിലും ക്രൈസ്തവ ചിന്തയ്ക്ക് വിരുദ്ധമല്ലെന്നും അന്ധവിശ്വാസവുമായി അവയ്ക്കു ബന്ധമില്ലെന്നും നാം കണ്ടുകഴിഞ്ഞു. രണ്ട് പരിഗണനകൾ കൂടി നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ട് നമുക്ക് ഈ ഭാഗം അവസാനിപ്പിക്കാം. ഒന്നാമത്തേതു് ബാഹ്യമായ അടയാളങ്ങൾ ഉപയോഗിക്കാതെ മനുഷ്യനു് ജീവിയ്ക്കുവാൻപോലും സാദ്ധ്യമല്ലെന്ന കാര്യമാണ്. സിംമ്പലുകളുപയോഗിക്കുന്ന ഒരു മൃഗമാണ് മനുഷ്യൻ എന്നൊരു നിർവ്വചനം ആരോ ഒരിക്കൽ നല്കുകയുണ്ടായി. വാസ്തവമാണതു്. മനുഷ്യൻ മററുള്ളവരുമായി ആശയ വിനിമയം ചെയ്യുന്നതു്, സമ്പക്കം പുലർത്തുന്നതു് പരോക്ഷമായിട്ടാണു്. അല്ലാതെ ഒരാത്മാവ് മറെറാരാത്മാവിന്റെമേൽ എന്ന നിലയിൽ പ്രവത്തിക്കുവാൻ സാദ്ധ്യമല്ല. പദാർത്ഥത്തിന്റെ ഉപാധിയിൽ നല്കുന്ന അടയാളങ്ങളെ വ്യാഖ്യാനിച്ചു മാത്രമെ മനുഷ്യനു് ജീവിക്കുവാൻ പററൂ. അതിനാണു് മനുഷ്യൻ പ്രകൃത്യാതന്നെ പരിശീലിക്കുന്നതും ചെറുപ്പം മുതല്ക്കേ. ഇതുപോലെതന്നെ അദൃശ്യനായ ദൈവവുമായും സമനിലയിൽ സമ്പക്കം പുലർത്തുവാൻ മനുഷ്യനു കഴിവുണ്ടെന്നു് കരുതുക അബദ്ധമായിരിക്കും. നമ്മുടെയിടയിലേക്കിറങ്ങിവരുന്ന ദൈവവുമായി മാത്രമെ നമുക്ക് ഐക്യപ്പെടുവാൻ ശക്തിയുള്ളൂ. മനുഷ്യ പ്രകൃതിയുടെ പരിമിതിക്കു യോജിച്ച വിധത്തിൽ പദാർത്ഥങ്ങളുടെ ബാഹ്യരൂപത്തിൽ അവിടുന്നു് എക്കാലവും നമ്മെ സമീപിക്കുന്ന അവസരങ്ങളാണു് കൂദാശകൾ.

രണ്ടാമത്തെ സംഗതി കൂദാശകൾ ദൈവത്തിന്റെ മഹത്തായ ജ്ഞാനത്തെ വിളിച്ചറിയിക്കുന്നു വെന്നതാണ്. ഏററവും ഉന്നതവും ഏററവും താണതുമായവയെ പരസ്പരം യോജിപ്പി

കുന്നതുകൊണ്ട് അവയുടെ അത്ഭുതകരമായ ഐക്യവും പരസ്പര വിധേയത്വവും കൂടുതൽ സ്പഷ്ടമാവുകയാണ് ചെയ്യുന്നതു്. ഏററവും ഉന്നതമായ സംഗതി നിസ്സാരമായതിൽ പ്രശോഭിക്കുകയും, ഏററവും നിസ്സാരമായതു് ഔന്നത്യത്തിൽ പങ്കാളിയാവുകയും ചെയ്യുന്നതു് സൃഷ്ടിയുടെ മഹനീയതയെ വർദ്ധിപ്പിക്കുകയാണ്. ദൈവത്തിൽ നിന്നും പുറപ്പെട്ട പ്രപഞ്ചം അതിന്റെ സകല കഴിവുകളോടുംകൂടി ദൈവത്തിങ്കലേക്ക് തിരിച്ചുവരുന്നതെങ്ങനെയെന്നു് നമ്മെ മനസ്സിലാക്കും ഈ വീക്ഷണഗതി, പദാർത്ഥത്തെ മഹത്വീകരിക്കുകയും ബാഹ്യാനുഷ്ഠാനങ്ങൾക്ക് സ്ഥാനം നല്കുകയും ചെയ്യുന്നതുകൊണ്ട് ക്രിസ്തുമതത്തിന്റെ ആകർഷത കുറയുകയില്ല.—സർവോപരി അതിനു് മാററുകൂട്ടുകയാണ് ചെയ്യുന്നതു്. ദൈവത്തിന്റെ അനന്തജ്ഞാനത്തിനും മനുഷ്യപ്രകൃതിക്കും ഇതിലും അനുയോജ്യമായ കാഴ്ചപ്പാട് കിട്ടുവാനില്ല.

---

## References


1 St. Mathew 23/26

2 St. John 4/23-24

3 "What is Christianity" Pg. 76

4 Scheeben: "The Mysteries of Christianity" Herder 1961 Pg:566

5 Prof. Jung: "The Symbolic life" Darshana, Aug. 1961 Pg. 16

6 de Lubac: "The Splendour of the Church" Pg. 147 (S&W 1956)

7 "Theology Digest" 1955 Pg. 93.

8 Dean Inge: Outspoken Essays.

9 Karl Rahner: "Theology Digest" 1955

# മനസ്സാക്ഷി.

മനസ്സാക്ഷിയുടെ മാനദണ്ഡമെന്തു്? ധാർമ്മികമണ്ഡലത്തിൽ അതിനുള്ള സ്ഥാനം, മനസ്സാക്ഷിയിലെ തെററും ശരിയും തുടങ്ങി അതിൻെറ ബഹുമുഖമായ പ്രവർത്തനങ്ങളെപ്പററി പ്രതിപാദിക്കുന്നു.

Rev. Fr. Jacob Nellikunnath

ധാർമ്മികമണ്ഡലത്തിൽ മാനുഷികപ്രവൃത്തികളെ നിയന്ത്രിക്കുന്ന രണ്ടു ഘടകങ്ങളുണ്ടു്. ഒന്നു, നിയമം; മറേറതു്, മനസ്സാക്ഷി. നിയമം, നമ്മുടെ പ്രവൃത്തികളുടെ വസ്തുനിഷ്ഠമായ മാനദണ്ഡവും മനസ്സാക്ഷി, കർത്തൃനിഷ്ഠമായ മാനദണ്ഡവുമാണു്. ഇവയിൽ ഒന്നിനേയും അവഗണിച്ചുകൂടാ.

മനസ്സാക്ഷിയെ സംബന്ധിച്ച ചില പ്രാഥമികതത്വങ്ങളാണു് ഈ ലേഖനത്തിൻെറ പ്രതിപാദ്യം. പ്രാഥമികതത്വങ്ങളാണെങ്കിലും പലരും അവയെപ്പററി അജ്ഞരോ അശ്രദ്ധരോ ആണു്. വളരെയേറെ അവ്യക്തവും അബദ്ധജടിലവും നിരുത്തരവാദപരവുമായ ധാരണകൾ മനസ്സാക്ഷിയെക്കുറിച്ച് ആളുകൾ സൂക്ഷിച്ചുപോരുന്നുണ്ടെന്നു സാധാരണ സംഭാഷണവേളകളും ദിവസംതോറുമെന്നതുപോലെ പുറത്തുവന്നുകൊണ്ടിരിക്കുന്ന പ്രസിദ്ധീകരണങ്ങളും അല്പമൊന്നു ശ്രദ്ധിച്ചാൽ മനസ്സിലാകും. മനസ്സാക്ഷിയെന്നതു പാവനമായ ഒന്നാണെന്നും അതിനെ അനുസരിക്കേണ്ടതു് എല്ലാവരുടെയും കടമയാണെന്നും ഒട്ടുമിക്കപേരും സമ്മതിക്കാതിരിക്കുകയില്ല. പക്ഷേ, എന്താണു മനസ്സാക്ഷിയെന്ന ചോദ്യം വരുമ്പോഴാണു് അജ്ഞതയുടെയും അബദ്ധധാരണകളുടെയും വിശ്വരൂപം വിശദമാവുക. ഇതു നിസ്സാരമായ ഒരു തെററോ ചിന്താക്കുഴപ്പമോ ആയിത്തള്ളിക്കളയാവുന്നതല്ല. കാരണം, ദൈവസന്നിധിയിൽ ഉത്തരവാദിത്വത്തിൽ നിന്നോ കുററത്തിൽ നിന്നോ ഒഴിഞ്ഞു മാറുവാൻ സാധിക്കാത്ത പല പാപകൃത്യങ്ങളിലും ആളുകൾ ഇമ്മാതിരി പിശകായ ചിന്താഗതികൾ മൂലം വലിയ മനക്കടിയൊന്നും കൂടാതെ വീഴുവാൻ ഇടവരുന്നു.

## തെററായ ചില ധാരണകൾ

മനസ്സും മനസ്സാക്ഷിയും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധമേയുള്ളുവെന്നു കരുതുന്നവരുണ്ട്. മനസ്സാക്ഷിയെപ്പററിയുള്ള തെററിദ്ധാരണയ്ക്ക് ഒരുദാഹരണമാണ് ഇതു്. ചിന്താശക്തിയുമായി യാതൊരു അടുപ്പവും ഉടപ്പവുമില്ലാത്ത ഒരു ആന്തരിക സ്വരം—ചില പ്രവൃത്തികൾക്കു വിലക്കു കല്പിക്കുന്ന ഒന്നു്—എന്നു മനസ്സാക്ഷിയെ കണക്കാക്കുന്നവർക്കു സ്വഭാവവും ഋജുവുമായ ഒരു മനസ്സാക്ഷിക്കു രൂപംകൊടുക്കുകയെന്ന പ്രശ്നമേ ഉദിക്കുന്നില്ല. ഇത്തരക്കാരോട് അവർ ശരിയാണെന്നു തെററിദ്ധരിച്ചു കൊണ്ടു ചെയ്യുന്ന ഒരു പ്രവൃത്തി യഥാർത്ഥത്തിൽ തെററാണെന്നു സകാരണം നാം ചൂണ്ടിക്കാണിക്കുവാൻ എത്രതന്നെ ശ്രമിച്ചാലും അതൊരു പാഴ്‌വേലയാകുവാനാണ് എളുപ്പം. നാം നമ്മുടെ യുക്തികളും ന്യായങ്ങളും അക്കമിട്ടു നിരത്തിവച്ചുകഴിയുമ്പോൾ അയാൾ നമ്മുടെ നേർക്കു തിരിഞ്ഞു പറയും: "എന്തൊക്കെയായാലും ആ പ്രവൃത്തി തെററാണെന്ന് എൻെറ മനസ്സാക്ഷി പറയുന്നില്ല" തൻെറ ആവനാഴിയിൽ സൂക്ഷിച്ചിട്ടുള്ള അവസാനത്തെ അമ്പെടുത്ത് അയാൾ പ്രയോഗിച്ചു കഴിഞ്ഞു! മനസ്സാക്ഷിയെ സംബന്ധിച്ച തനിക്ക് ഒരു ഉത്തരവാദിത്വവുമില്ല, അതിൻെറ രൂപീകരണത്തിൽ ഒന്നും തന്നെ ചെയ്യാനുമില്ലെന്ന തെററായ നിഗമനത്തിലാണ് ഈ പിശക് ഒരുവനെ എത്തിക്കുക.

'മനസ്സാക്ഷി സ്വാതന്ത്ര്യം' എന്ന പ്രയോഗത്തെ തെററായി മനസ്സിലാക്കിക്കൊണ്ടു മനസ്സാക്ഷിയെ സംബന്ധിച്ച അബദ്ധധാരണകൾ പുലർത്തുന്ന വേറെ ചിലരുണ്ട്. ശരിയായ അർത്ഥത്തിൽ ധരിച്ചാൽ, 'മനസ്സാക്ഷിസ്വാതന്ത്ര്യ'മെന്നതു മനുഷ്യൻെറ പാവനമായ ഒരവകാശമാണ്. പക്ഷേ, ചിലയാളുകൾ ഈ പദത്തിൻെറ മറപിടിച്ചുകൊണ്ട് ജീവിതനിയാമകവും വസ്തുനിഷ്ഠവുമായ സാന്മാർഗ്ഗിക പ്രമാണങ്ങളെ നിഷേധിക്കാനാണു പണിപ്പെടുക. അപ്പോൾ, ഒരാൾ നിഷിദ്ധമായിക്കരുതുന്ന ഭ്രൂണഹത്യയിൽ മറെറാരാൾ ധാർമ്മികമായ അപാകതയൊന്നും കാണുകയില്ല! ധർമ്മാധർമ്മങ്ങൾ വ്യക്തികളെയും അവരുടെ സാഹചര്യാദികളെയുമാണത്രെ ആശ്രയിച്ചു നില്ക്കുക! വസ്തു

നിഷ്ഠമായ ശരിയും തെററുമുണ്ടെന്നും അവയെ അറിയാനും അന്യക്ക് മനസിലാക്കാനും കടമയുണ്ടെന്നു കണക്കാക്കാതെ, ഓരോരുത്തരും അവരവരുടെ മനസ്സാക്ഷിയനുസരിച്ച് സ്വതന്ത്രമായി ജീവിച്ചുകൊള്ളട്ടെയെന്നു വാദിക്കുന്ന 'വിശാലമനസ്സർ' വിരളമല്ല. സന്മാർഗ്ഗബോധം മുഴുവൻ കർത്തൃനിഷ്ഠവും ആപേക്ഷികവുമാണെന്നു പറയുന്ന ഒരു തരം പുത്തൻ സദാചാരത്തിൻെറ വക്താക്കൾ ഇക്കാലത്തു പലപ്പോഴും പ്രത്യക്ഷപ്പെടാറുണ്ട്. ഈ കള്ളപ്രവാചകന്മാരെ വളരെയധികം സൂക്ഷിക്കേണ്ടിയിരിക്കുന്നു. സാന്മാർഗ്ഗികരംഗത്തെ വഴിപിഴച്ച ചില പുതിയ ചിന്താഗതികളെ ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ട് അപലപിച്ചിട്ടുള്ളത് ഇത്തരുണത്തിൽ അനുസ്മരിക്കുക.

ആശയങ്ങളുടെ ചില പടലപിണക്കങ്ങളെപ്പററിയാണ് ഇതുവരെ പറഞ്ഞുവന്നത്. എന്താണു മനഃസാക്ഷിയെന്ന പ്രശ്നം ഇപ്പോഴും അവശേഷിക്കുന്നു.

### എന്താണു മനസ്സാക്ഷി

താൻ ചെയ്യാനൊരുമ്പെടുന്ന ഒരു പ്രവൃത്തി ധാർമ്മികമായ നല്ലതോ ചീത്തയോ എന്ന് ഒരുവനോടു പറയുന്ന മനസ്സിൻെറ, അഥവാ, ചിന്താശക്തിയുടെ വിധിതീർപ്പാണു മനസാക്ഷി. മനുഷ്യമനസ്സിൻെറ വിധിത്തീർപ്പാണ് അതെന്നുള്ളതു പ്രത്യേകം ശ്രദ്ധേയമാണ്. മനസ്സാക്ഷിയെന്നതു ദൈവം നമുക്കു നേരിട്ടു നല്കുന്ന ഒരു വെളിപാടല്ല. മറെറാന്നിനോടും ബന്ധപ്പെടാതെ, നമുക്കു യാതൊരു ഉത്തരവാദിത്വവുമില്ലാതെ, നമ്മുടെ ആത്മാവിൻെറ മണിയറയിൽ മുഴങ്ങുന്ന ഒരു സ്വരമാണു മനസ്സാക്ഷിയെന്നു കരുതുന്നതുതെററാണ്. മനുഷ്യമനസ്സിനു ശരിയായ ശിക്ഷണമുണ്ടായിരിക്കുകയും അതു നേർവഴിക്കു ചിന്തിക്കുകയും ചെയ്താൽ മാത്രമേ അതിൻെറ വിധിത്തീർപ്പു ശരിയായിരിക്കൂ എന്നു പറയേണ്ടതില്ലല്ലോ. മനസ്സിൻെറ ശിക്ഷണം വികലമായാൽ മനസ്സാക്ഷിയും വികലമാകും. ഈ ശിക്ഷണം തീരെ അവഗണിച്ചാൽ മനസ്സാക്ഷി വളരെ കലുഷമായിരിക്കും.

മനസ്സാക്ഷിയെന്നതു നന്മതിന്മകളെപ്പററി കേവലം ആശയമണ്ഡലത്തിൽ തങ്ങിനില്ക്കുന്ന ഒരു സാമാന്യ വിജ്ഞാനമല്ലെ

ന്നും ഓർമ്മിക്കേണ്ടതുണ്ട്. അതു പ്രായോഗികരംഗത്തു മനസ്സു നല്കുന്ന ഒരു വിധിത്തീർപ്പാണ്—നാം ചെയ്യാൻ ഒരുങ്ങുന്ന ഒരു പ്രത്യേക പ്രവൃത്തി ധാർമ്മികമായി നല്ലതോ ചീത്തയോ എന്നു ചൂണ്ടിക്കാണിക്കുന്ന ഒരു വിധിത്തീർപ്പ്. പക്ഷേ, മനസ്സു പ്രായോഗിക തലത്തിൽ ഈ വിധിത്തീർപ്പു കല്പിക്കുമ്പോൾ അതു മൂന്നു കാര്യങ്ങളെ ആശ്രയിക്കേണ്ടതുണ്ട്. ഒന്നാമതായി, ധാർമ്മിക മണ്ഡലത്തിലെ സരളവും സ്വയം വിശദവുമായ പ്രാഥമിക തത്വങ്ങളാണ് അതിൻെറ ആലംബം. നന്മചെയ്യണം, തിന്മ ചെയ്യരുത്; ദൈവത്തെ ആരാധിക്കണം; മററുള്ളവർ നമ്മോടു ചെയ്യാൻ നാം ഇഷ്ടപ്പെടാത്തവ മററുള്ളവരോട് നാമും ചെയ്യരുത്—ഇവയെല്ലാം ഇമ്മാതിരി പ്രാഥമിക തത്വങ്ങളാണ്. അറിവിൻെറ ഏതുരംഗത്തും പ്രാഥമികതത്വങ്ങളെ അംഗീകരിച്ചെങ്കിലേ കാൽച്ചുവട്ടു മുന്നോട്ടുവയ്ക്കുവാൻ സാധിക്കൂ. സന്മാർഗ്ഗപരമായ പ്രാഥമിക തത്വങ്ങളെ ചോദ്യം ചെയ്യുന്നവർക്കു മനസ്സാക്ഷിയും സുകൃതജീവിതവുമെല്ലാം മുത്തശ്ശിക്കഥകളായിരിക്കും. സന്മാർഗ്ഗനിയമങ്ങളുടെയെല്ലാം അസ്ഥിവാരമായി നില്ക്കുന്നതു നന്മചെയ്യണം, തിന്മചെയ്യരുത് എന്ന തത്വമാണ്.

ഓരോരോ പ്രത്യേക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നന്മയേത് തിന്മയേത് എന്ന ഉപരിപരിജ്ഞാനവും ആവശ്യമാണ്. മനസ്സാക്ഷിയുടെ രൂപീകരണത്തിൽ പങ്കുവഹിക്കുന്ന രണ്ടാമത്തെ ഘടകമാണ് ഇതു്. ഈ വിഷയമാണ് സന്മാർഗ്ഗശാസ്ത്രത്തിലെ പ്രധാന പ്രതിപാദ്യം—അവികലമായ ജീവിതം നയിക്കുന്നതിനും ആത്മരക്ഷ സാധിക്കുന്നതിനും ആവശ്യമുള്ളിടത്തോളം ഈ അറിവുനേടാൻ എല്ലാവരും തന്നെ ബാദ്ധ്യസ്ഥരാണ്. സാമാന്യത്തിൽ നിന്നു വിശേഷത്തിലേക്കു കടക്കുമ്പോൾ, നീതി, അനീതി, ശുദ്ധത, അശുദ്ധത എന്നിങ്ങനെയുള്ള കാര്യങ്ങൾ നിർണ്ണയിക്കുക അത്രയെളുപ്പമല്ല. അതിനു പ്രത്യേക അറിവു നേടേണ്ടിയിരിക്കുന്നു. മനസ്സു വിധികല്പിക്കുമ്പോൾ ഇമ്മാതിരി അറിവിനെ ആശ്രയിക്കുന്നു.

മനുഷ്യരെ സുകൃതികളാക്കി നയിക്കാൻ ക്രിസ്തുനാഥൻ സ്ഥാപിച്ചിട്ടുള്ള അവിടത്തെ അപ്രമാദമായ തിരുസ്സഭയുടെ ധാർമ്മിക പ്രബോധനങ്ങളാണു മനസ്സാക്ഷിക്കു വെളിച്ചം കാണിക്കുന്ന മൂ

ന്നാമത്തേ തേജോഗോളം. തിരുസ്സഭ സ്വാഭാവികനിയമങ്ങളിൽ നിന്നുള്ള നിഗമനങ്ങൾ എടുത്തുകാണിക്കുമ്പോഴും പ്രത്യേക നിയമങ്ങൾ പ്രഖ്യാപിക്കുമ്പോഴും അവയെ നാം അറിയുകയും അനുസരിക്കുകയുംവേണം. കുടുംബസംവിധാനം സംബന്ധിച്ച സഭയുടെ പ്രബോധനമെന്താണെന്നു മനസ്സിലാക്കാൻ തെല്ലും കൂട്ടാക്കാതെകണ്ട് അവിഹിതമായ പ്രവൃത്തികളിലേർപ്പെടുകയും ആ പ്രവൃത്തികൾ തെററാണെന്നു തങ്ങളുടെ മനസ്സാക്ഷി കുററപ്പെടുത്തുന്നില്ലെന്നു ജല്പിക്കുകയും ചെയ്യുന്ന വിവാഹിതർ, തങ്ങളുടെ ബുദ്ധിക്കു വെളിച്ചം ലഭിക്കുവാൻ അറിവിൻെറ ജാലകങ്ങൾ തുറന്നിടാതെ മന:പ്പൂർവം ഇരുളിൽക്കഴിയുന്നതിനാൽ കുററക്കാർ തന്നെ. ഇത്രകണ്ട പ്രാധാന്യമർഹിക്കുന്ന ഒരു വിഷയം സംബന്ധിച്ചു വേണ്ടത്ര അറിവു നേടാൻ ശ്രമിച്ചില്ലെന്നുള്ള അപരാധബോധം സാധാരണയായി ഇങ്ങനെയുള്ളവരെ അസ്വസ്ഥരാക്കുകതന്നെ ചെയ്യും.

## വഴിപിഴപ്പിക്കുന്ന ചില ദുഷ്പ്രേരണകൾ.

മനസ്സാക്ഷിക്കു വെളിച്ചം കാണിക്കുന്ന ഘടകങ്ങളേപ്പററി പറഞ്ഞുകഴിഞ്ഞു. മനസ്സാക്ഷിയെ വഴിതെററിക്കുന്ന ചില ദുഷ്പ്രേരണകളെപ്പററിയാണു ഇനിയും പറയുവാനുള്ളത്. രണ്ടുതരത്തിലുള്ള ദുഷ്പ്രേരണകളുടെ സ്വാധീനവലയത്തിൽ മനസ്സാക്ഷി കുടുങ്ങിപ്പോകാറുണ്ട്. ഒന്നാമത്തെ ഗണത്തിൽപ്പെടുന്ന പ്രേരണകൾക്കു വിധേയമായിച്ചെയ്യുന്ന ദുഷ്കർമ്മങ്ങൾ തൽക്കർത്താവിനെ സംബന്ധിച്ചിടത്തോളം അവശ്യം പാപമായിരിക്കണമെന്നില്ല. ഇവയിൽ സർവപ്രധാനവും സാധാരണവുമായിക്കാണാറുള്ളതു തെററായ ശിക്ഷണമാണ്. ഉദാഹരണമായി, കത്തോലിക്കാസഭ അബദ്ധങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കാവലമാണെന്നും തന്മൂലം ദൂഷിച്ചതും ദൂരത:പരിവർജ്ജിക്കേണ്ടതുമായ ഒന്നാണെന്നും ശൈശവം മുതൽ മാതാപിതാക്കന്മാരിൽ നിന്നും അദ്ധ്യാപകരിലും മതോപദേഷ്ടാക്കളിലും നിന്നും പഠിച്ചുവച്ചിട്ടുള്ള ഒരുവൻ സഭയ്ക്കെതിരെ തീവ്രമായ സമരത്തിലേർപ്പെട്ടേക്കാം. സ്വന്തംകുററം കൊണ്ടല്ലാതെ തെററിദ്ധാരണയുടെ ഫലമായിട്ടാണു തികഞ്ഞ മനസ്സംതൃപ്തിയോടെ ഈ ദുഷ്കൃത്യത്തിൽ അയാൾ മുഴകുന്നത്. പക്ഷേ, പ്രായവും അനുഭവസമ്പത്തും വർദ്ധിക്കുന്നതോടുകൂടി, താൻ സൂക്ഷിക്കുന്ന ധാരണകളിൽ

പിശകുകൾ കടന്നുപോയിട്ടില്ലേയെന്നു സംശയിക്കുവാൻ മാത്രമെങ്കിലും അയാളുടെ അറിവിന്റെ ചക്രവാളം വികസിക്കാതിരിക്കുകയില്ല. അപ്പോൾ സംശയനിവാരണം വരുത്തുന്നതിനു് അയാൾക്കുത്തരവാദിത്വമുണ്ടു്. അതിനു പരിശ്രമിക്കുന്നില്ലെങ്കിൽ അതു പാപമാകും. എന്നാൽ, ഇങ്ങനെയൊരു സംശയംപോലുമുണ്ടാകാതെ ഉത്തമബോദ്ധ്യത്തിൽ സദ്ഭയോടു കാണിക്കുന്ന ഏതൃതിഷ്ഠ്യ കുററകരമാകുന്നില്ല. ഇതുപോലെതന്നെ, സാന്മാർഗ്ഗിക ശിക്ഷണം തീരെ ലഭിച്ചിട്ടില്ലാത്ത ഒരുവൻ തെററായ പലകൃത്യങ്ങളും മനഃസാക്ഷിക്കടിയൊന്നുംകൂടാതെ ചെയ്യുന്നുവരാം. നന്മതിന്മകളെപ്പററി മാതാപിതാക്കളിൽ നിന്നോ അദ്ധ്യാപകരിൽ നിന്നോ കാര്യമായ അറിവൊന്നും ലഭിച്ചിട്ടില്ലാത്ത കുട്ടികളുടെ ധാർമ്മികബോധം വളരെ പരിമിതവും വികലവുമായിരിക്കും. കുററകരമായി കണക്കാക്കാതെ പല ദുഷ്കൃത്യങ്ങളിലും അവർ ഉൾപ്പെട്ടേക്കും. ഇവിടെയും, അറിവും അനുഭവവും ക്രമേണ ഇവരിൽ പല കൃത്യങ്ങളുടെയും ധാർമ്മിക സ്വഭാവത്തെ സംബന്ധിച്ച സംശയമെങ്കിലും ഉണർത്തിവിടാതിരിക്കുകയില്ല. എന്നിരുന്നാലും, കുററകരമല്ലാത്ത അജ്ഞതയിൽ ചെയ്യുന്ന തെററുകളെ സംബന്ധിച്ചിടത്തോളം അവർ നിരപരാധികളാണു്.

ഇനി, മറെറാരുതരം ദുഷ്പ്രചോദനങ്ങളുണ്ടു്. ഇവയ്ക്കു വശംവദനായി ചെയ്യുന്ന തെററുകളുടെ ഉത്തരവാദിത്വത്തിൽനിന്നു് ഒരുവനു ഒഴിഞ്ഞു മാറുവാൻ പററുകയില്ല. സ്വാർത്ഥതാല്പര്യങ്ങളും ദുർവികാരങ്ങളുമാണു് ഇവയിൽ പ്രധാനം. ജഡികാഗ്രഹപൂരണത്തിനുവേണ്ടി ഒരു സ്ത്രീയെ പ്രലോഭിപ്പിക്കുന്നവൻ ആ പ്രവൃത്തി വളരെ ആകർഷകവും നൈസർഗ്ഗികവും മനോഹരവും മററും മററുമാണെന്നു് പറഞ്ഞു് അവളെയും തന്നെത്തന്നെയും തൃപ്തിപ്പെടുത്താൻ—സ്വയം വഞ്ചിക്കാൻ—പരിശ്രമിക്കും—ഗൗരവാവഹമായ പാപകൃത്യമാണു് അതെന്നു മനസ്സാക്ഷി വിലക്കുമ്പോൾ ദുർവികാരങ്ങളാണു മറുഭാഗം പിടിച്ചു യുക്തിവാദം ചെയ്യുന്നതു്. ലൈംഗികജീവിതം മനുഷ്യർക്കു സ്വാഭാവികമാണെന്നും തന്മൂലം അശ്ലീലവർണ്ണനകളിലും പ്രതിപാദനങ്ങളിലും തെറെറാന്നുമില്ലെന്നും വാദിക്കുന്ന സാഹിത്യകാരന്മാർ സ്വാർത്ഥതാല്പര്യങ്ങളാൽ വഴിതെററിക്കപ്പെട്ടവരാണു്.

മനസ്സാക്ഷിയെ വഴിപിഴപ്പിക്കാൻ ശ്രമിക്കുന്ന മറെറാരു ദുഷ്പ്രേരണാശക്തി ബഹുജനാഭിപ്രായമാണ്. തങ്ങളുടെ കുത്സിതകൃത്യങ്ങൾക്കു നീതീകരണമായി ബഹുജനാഭിപ്രായത്തെ പലരും ഉയർത്തിക്കാണിക്കാറുണ്ട്. പലരും ചെയ്യുന്ന പ്രവൃത്തി തെററല്ലെന്നാണ് അവരുടെ വാദരീതി. "ജനനനിയന്ത്രണമെന്നതു പലരും വാദിക്കുന്നതും പ്രായോഗികമാക്കുന്നതുമായ ഒരു പദ്ധതിയാണ്. അതുകൊണ്ട് അതു തെററല്ല. നാടോടുമ്പോൾ നടുവേ ഓടണമല്ലോ" എന്നിങ്ങനെ പറയുന്നവർ ദൈവതിരുമുമ്പിൽ ഈ യുക്തിവാദം വിലപ്പോവുകയില്ലെന്നു മനഃസിലാക്കിയിരുന്നെങ്കിൽ!

കുററകരമായ അജ്ഞതവഴി തെററുകളിൽ നിന്നും പാപങ്ങളിൽ നിന്നും ഒഴിയാമെന്നു വ്യാമോഹിക്കുന്നവരും ഇല്ലാതില്ല. 'കണ്ണടച്ച് ഇരുട്ടാക്കുക'യെന്ന വിദ്യ സന്മാർഗ്ഗജീവിതത്തിൽ പ്രയോഗിക്കുന്നവരാണ് ഇക്കൂട്ടർ. അറിഞ്ഞിരിക്കേണ്ട വസ്തുതകൾ മനഃപൂർവം അറിയാതിരിക്കുമ്പോൾ അജ്ഞത കുററത്തിൽ നിന്നു് ഒരുവനു മോചനം കൊടുക്കുകയില്ല. ചില പ്രവൃത്തികളുടെ ധാർമ്മികസ്വഭാവത്തെപ്പററി സംശയം തോന്നിയാലും അതെപ്പററി കൂടുതൽ അറിയാൻ ശ്രമിക്കാതെ പാപത്തിൽ തുടരുന്നവർ നിർമ്മലമായ മനഃസാക്ഷി പാലിക്കുവാൻ തെല്ലും കൂട്ടാക്കാത്തവരാണ്.

### നാലുതരം മനഃസാക്ഷികൾ

മന:സാക്ഷിയെ നാലായി തരം തിരിക്കാം

1. അബദ്ധരഹിതവും സുനിശ്ചിതവുമായ മന:സാക്ഷി (True and certain conscience) ഒരു പ്രവൃത്തിയുടെ ധാർമ്മികവശത്തെപ്പററി ഒരുവൻെറ മന:സാക്ഷിയുടെ വിധിത്തീർപ്പു ദൈവം വച്ചിരിക്കുന്ന വസ്തുനിഷ്ഠമായ സന്മാർഗ്ഗനിയമങ്ങളോടു പൊരുത്തപ്പെടുമ്പോൾ ആ മന:സാക്ഷി അബദ്ധരഹിതവും അവികലവുമാണ്. സമ്യക്കായ വിചിന്തനത്തിൻെറ ഫലമായി തെററിപ്പോകാമെന്ന സംശയത്തിനു പഴുതില്ലാത്ത വിധിത്തീർപ്പാണ് അതെങ്കിൽ സംശയരഹിതമായ മന:സാക്ഷിയുമായി. മോഷണം, വ്യഭിചാരം മുതലായവകൾക്കു പ്രലോഭിതനാകുന്ന ഒരുവൻെറ മനഃസാക്ഷി അബദ്ധരഹിതമായും നിസ്സംശയമായും അവ തെററാണെന്നു വിധിക്കുമല്ലോ.

2. അബദ്ധജടിലമായ മനസ്സാക്ഷി (Erroneous conscience). ഒരു പ്രവൃത്തിയുടെ ധാർമ്മികസ്വഭാവത്തെ സംബന്ധിച്ച് അബദ്ധജടിലമായ മനസാക്ഷിയുണ്ടാകാം, വസ്തുനിഷ്ഠമായി ദൈവികനിയമത്തിനു് എതിരായ ഒരു പ്രവൃത്തി കുററകരമല്ലെന്നു മനസ്സാക്ഷി വിധിക്കുന്ന സന്ദർഭങ്ങളുണ്ടാകാം. അബദ്ധജടിലമായ മനസ്സാക്ഷിയെ അനുവർത്തിക്കുന്നതു ചിലപ്പോൾ പാപകരമാകുകയില്ല. അലസത നിമിത്തമോ മനഃപൂർവ്വമോ അല്ലാതെ, ഒരുവൻ ധാർമ്മികമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളിൽ അജ്ഞത പുലർത്തുകയും തന്മൂലം തെററുകളിൽ വീഴുകയും ചെയ്യുമ്പോൾ അയാളെ സംബന്ധിച്ചിടത്തോളം ആ പ്രവൃത്തി പാപമായിത്തീരുന്നില്ല. കുററകരമല്ലാത്ത അജ്ഞത നിമിത്തം മനസ്സു തെററായ വിധികല്പിക്കുമ്പോൾ അബദ്ധജടിലമായ ആ മനസ്സാക്ഷിയെ അനുവർത്തിക്കുകയല്ലാതെ വേറെ വഴിയില്ലല്ലോ. അപ്പോൾ, മനസ്സാക്ഷി അനുവദിക്കുന്ന കാര്യങ്ങൾ ചെയ്യാം; കല്പിക്കുന്നവ അവശ്യം ചെയ്യണം.

3. കർത്തവ്യവിമൂഢമായ മനഃസാക്ഷി. (Perplexed conscience). പൊരുത്തപ്പെട്ടുപോകാത്ത രണ്ടു കർത്തവ്യങ്ങൾ ഒരേ സമയത്തു നിറവേററാൻ മനസ്സാക്ഷി വിധിക്കുമ്പോൾ പലരും ഇതികർത്തവ്യതാമൂഢരാകും. ഞായറാഴ്ച ദിവ്യപൂജയിൽ സംബന്ധിക്കുവാൻ കത്തോലിക്കർക്കെല്ലാം കടമയുണ്ടു്. അതു വീഴ്ച വരുത്തുന്നതു പാപവുമാണു്. എന്നാൽ, ഒരു മാതാവിനെ സംബന്ധിച്ചിടത്തോളം രോഗിയായ ശിശുവിനെ ശുശ്രൂഷിക്കുവാനും ചുമതലയുണ്ടു്. ആ മാതാവിനു രണ്ടു നിയമങ്ങളും ഒരേ സമയത്തു അനുസരിക്കുവാൻ പലപ്പോഴും സാധിക്കുകയില്ല. ഇപ്രകാരം രണ്ടു കർത്തവ്യങ്ങളുടെ അവകാശവാദങ്ങൾക്കിടയിൽത്തേങ്ങുന്ന ഒരാൾ എന്താണു ചെയ്യേണ്ടതു്? ഈ ചോദ്യത്തിനു് ഉത്തരം കണ്ടുപിടിക്കുക എല്ലായ്പോഴും വിചാരിക്കുന്നത്ര എളുപ്പമല്ല. സങ്കീർണ്ണസാഹചര്യങ്ങളിൽ ഇതൊരു വിഷമപ്രശ്നമായി രൂപം കൊള്ളാറുണ്ടു്. അപ്പോൾ, കൂടുതൽ അറിവുള്ളവരുടെ ഉപദേശം തേടുന്നതു നന്നു്. അതിനു ചററിയില്ലെങ്കിൽ, രണ്ടു തിന്മകളിൽ കുറഞ്ഞതു തിരഞ്ഞെടുക്കുക. അതായതു്, പ്രാധാന്യം കൂടിയ നിയമം അനുവർത്തിക്കുകയും മറേറതു് അവഗണിക്കുകയും ചെയ്യുക. മുൻപറഞ്ഞ ഉദാഹരണം തന്നെയെടുക്കാം.

ശിശുപരിചരണത്തിനു മാതാവു സ്വാഭാവികനിയമത്താൽ ബാദ്ധ്യസ്ഥയാണ്. ഞായറാഴ്ച കർബാനകാണുകയെന്നതു് ഒരു കല്പിതനിയമം (Positive law) മേ ആകുന്നുള്ളു. തന്മൂലം, കുട്ടിയെ ശുശ്രൂഷിക്കാൻ വേണ്ടി കർബാനമുടക്കുന്നതുമൂലം മാതാവു പാപത്തിൽ വീഴുന്നില്ല. ഇനി, രണ്ടു പ്രമാണങ്ങളും സമപ്രധാനങ്ങളാണെങ്കിലോ? ഏതെങ്കിലുമൊന്നു് അനുസരിച്ചു പ്രവൎത്തിക്കുക; മറേറതു തൽക്കാലം അവഗണിക്കുക.

4. സംശയക്ലിഷ്ടമായ മനഃസാക്ഷി (Scrupulous conscience) മനസ്സു രോഗാതുരമായാൽ മന:സാക്ഷിയിൽ അതിൻെറ പ്രതിഫലനമുണ്ടാകും. അപ്പോൾ മന:സാക്ഷിയുടെ വിധിതീർപ്പു വിശ്വാസയോഗ്യമല്ലാതെവരുന്നു. ഇത്തരം മന:സാക്ഷിയാൽ പീഡിതരാകുന്നവർ തെററില്ലാത്തിടത്തു തെററുകണ്ടുപിടിക്കും; നിസ്സാര കുററങ്ങളെ പൎവ്വതീകരിച്ചുകാണും. മനസ്സു രോഗാതുരമാകാൻ പലകാരണങ്ങളുണ്ടാകാം. സംശയക്ലിഷ്ടമായ മന:സാക്ഷിക്കു ഒരു പ്രതിവിധിയേയുള്ളു. വിവേകിയായ ഒരു ആദ്ധ്യാത്മികോപദേഷ്ടാവിനെ അന്ധമായി അനുസരിക്കുക. മന:സാക്ഷി എന്തുതന്നെ പറഞ്ഞാലും അതു കൂട്ടാക്കേണ്ടതില്ല.

———★———

എവിടെ സ്നേഹവും ജ്ഞാനവും ഉണ്ടായിരിക്കുമോ അവിടെ അജ്ഞതയ്ക്കും ഭയത്തിനും ഇടമില്ല.

* * * *

സന്തോഷപൂർവ്വം ദാരിദ്ര്യം സ്വീകരിക്കപ്പെട്ടപ്പോൾ ലുബ്ധും സംഭരണവും അകന്നു നില്ക്കും.

* * * *

ക്ഷമയും വിനയവും ചേരുന്നിടത്തു് ക്രോധമോ വികാരാവേശമോ തലപൊക്കുകയില്ല.

* * * *

അനുകമ്പയും വിവേകവുമുള്ളിടത്തു് ആഡംബരമോ ധൃഷ്ടതയോ ഉണ്ടായിരിക്കുകയില്ല.

* * * *

ധ്യാനവും ശാന്തതയും സമ്മേളിക്കുന്നിടത്തു് നിരാശയോ അസ്വസ്ഥതയോ ഉണ്ടായിരിക്കുകയില്ല.

വി. ഫ്രാൻസീസ് അസ്സീസി.

# ബൈബിളിൻെറ മൂലങ്ങളും പ്രധാനപ്പെട്ട പ്രാചീന വിവർത്തനങ്ങളും

ബൈബിളിൻെറ മൂലഭാഷകളായ ഹീബ്രുവും അറമായിക്കും ഗ്രീക്കും പ്രതിപാദന വിഷയങ്ങളായല്ലോ. ഇനി വിശുദ്ധ ഗ്രന്ഥത്തിൻെറ മൂലങ്ങളേയും പ്രധാനപ്പെട്ട പുരാതന വിവത്തനങ്ങളേയുംപററി പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ഈ ലേഖനം ഹീബ്രു ബൈബിളിനേയും, ഗ്രീക്ക്, ലാററിൻ, അറമായിക്ക്, എന്ന ഭാഷകളിലുള്ള പ്രാചീന പരിഭാഷകളേയുംപററി ചർച്ച ചെയ്യുന്നു, സുറിയാനി വിവത്തനം, പുതിയ നിയമത്തിൻെറ മൂലവും വിവത്തനങ്ങളും എന്ന വിഷയങ്ങൾ മററു ലേഖനങ്ങളിൽ ചർച്ച ചെയ്യപ്പെട്ടും.

Rev Fr. Luke O. F. M. Cap.

## I ഹീബ്രു ബൈബിളിൻെറ ചരിത്രം

ഹീബ്രു ബൈബിളിൻെറ ചരിത്രം വളരെ നീണ്ടതാണ്. പഴയ നിയമം ബി. സി. 1200-നു ശേഷം ജനിച്ചെന്നു പറയാം ബി. സി. 50 വരെ വളൎന്നുകൊണ്ടിരുന്നു. യഹൂദന്മാർ ഔദ്യോഗികമായി ഹീബ്രുവേദഗ്രന്ഥത്തിൻെറ കാനോൻ നിശ്ചയിച്ചതു് എ. ഡി. 100-നോടടുത്തുമാത്രമാണ്. ഇതിനുശേഷവും ഹീബ്രു മൂലത്തിന് നീണ്ട ചരിത്രമുണ്ട്. ഈ ചരിത്രം അവസാനിക്കുന്നതു് എ. ഡി. 1000-ത്തോടടുത്തത്രെ. ചുരുക്കത്തിൽ, പഴയ നിയമമൂലത്തിൻെറ ചരിത്രം ബി. സി. 1200-നു ശേഷം ആരംഭിക്കുകയും, എ. ഡി. 1000-ത്തോടടുത്തു് സമാപിക്കുകയും ചെയ്യുന്നു. ഈ നീണ്ട ചരിത്രം നാലായിട്ടു വിഭജിക്കാം.

1) ഒന്നാം ഭാഗം (ബി. സി. 1200-538). ബി. സി. 586-ൽ ബാബിലോൺ ചക്രവത്തിയായ നബുക്കദോനോസർ ജറൂസലെം നഗരവും ദേവാലയവും ചുട്ടു ചാമ്പലാക്കി; ഇസ്രായേൽക്കാരെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോയി. ബാബിലോണിയൻ അടിമത്തം ബി. സി. 538 വരെ നീണ്ടു നി

ന്നു; അതായതു് 586 മുതൽ 538 വരെ. ഇക്കാലത്തിനു മുൻപു് ഇസ്രായേലിൽ പഴയനിയമത്തിൻെറ വിവിധ ഭാഗങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ഇസ്രായേൽക്കാർ അവയ്ക്കു് അത്ര പ്രാധാന്യമൊന്നും കല്പിച്ചില്ല. ലിഖിതവചനം അവരുടെ ജീവിതത്തിലെ പ്രധാനാംശമായിരുന്നില്ല. കാരണം, സന്മാർഗ്ഗ ജീവിതത്തിൻെറയും വിശ്വാസത്തിൻെറയും മാനദണ്ഡം വാമൊഴിയായിരുന്നു; അതെ, പ്രവാചകന്മാരും പുരോഹിതന്മാരും മററും വാമൊഴി ദ്വാരാ നൽകിയിരുന്ന നിർദ്ദേശങ്ങൾ.

ഇക്കാലത്തുണ്ടായിരുന്ന കൈയെഴുത്തു പ്രതികളിൽ ഉപയുക്തമായിരുന്നതു് ഫെനീഷ്യൻ ലിപിയായിരുന്നു. പുരോഹിതന്മാരത്രെ ഈ പ്രതികൾ സൂക്ഷിച്ചുപോന്നതു്. പ്രവാചകന്മാരുടെ പ്രസംഗങ്ങളും, അവർ എഴുതിയ ഗ്രന്ഥശകലങ്ങളും, അവരുടെ ശിഷ്യന്മാർ സംരക്ഷിക്കുകയായിരുന്നു പതിവു്. എന്നാൽ സാധാരണ ജനങ്ങളുടെയിടയിൽ ഇവയ്ക്കു് പ്രചാരമുണ്ടായിരുന്നില്ല.

2) രണ്ടാം ഭാഗം (ബി. സി. 537–എ. ഡി. 70) ബാബിലോണിയൻ അടിമത്തത്തിനു ശേഷം മാത്രമെ ഹീബ്രു ബൈബിൾ യഹൂദന്മാരുടെയിടയിൽ സുപ്രചുരിതമായുള്ളു. ഇത്തരുണത്തിൽ കൈയെഴുത്തു പ്രതികൾക്കു് ഒരു വലിയ മാററം സംഭവിച്ചു: അവയെല്ലാം അറമായിക്കു് അക്ഷരമാലയിൽ ലിഖിതങ്ങളായി. ഇതിൻെറ കാരണം, ഒട്ടുമിക്കവരും ഹീബ്രു ഭാഷ മറക്കുകയും അറമായിക്കു് ഭാഷ സംസാരിക്കാൻ തുടങ്ങുകയും ചെയ്തെന്നുള്ള വസ്തുതയാണു്. അറമായിക്കു് പ്രചാരത്തിൽ വന്നതോടെ, ഹീബ്രു ബൈബിളിൻെറ പ്രതികളെല്ലാം അറമായിക്കു് ലിപിയിലായി. ഇതേ അക്ഷരമാലയാണു് ഇപ്പോഴും ഹീബ്രു ബൈബിളിൽ കാണുന്നതു്.

ഹീബ്രു മൂലചരിത്രത്തിൻെറ രണ്ടാം ഘട്ടം എ. ഡി. 70–ൽ അവസാനിക്കുന്നു. ഇക്കൊല്ലത്തിലാണല്ലോ റോമാക്കാർ ജെറൂസലെം പട്ടണത്തെയും ദേവാലയത്തെയും നശിപ്പിച്ചതു്. യഹൂദന്മാർ അടിമകളായി; യഹൂദരാഷ്ട്രം ഭൂമുഖത്തുനിന്നു് അപ്രത്യക്ഷ്യമായി,

3) മൂന്നാം ഭാഗം (എ. ഡി. 70-500) എ. ഡി 70-ലെ നിർഭാഗ്യത്തിനുശേഷം, യഹൂദന്മാരുടെ ഏകാവലംബം ബൈബിൾ മാത്രമായിരുന്നു. രാഷ്ട്രമില്ല; സ്വാതന്ത്ര്യമില്ല; ധനവും സ്വാധീനശക്തിയും മററുമില്ല; പക്ഷേ അവരുടെ വിശ്വാസം ക്ഷയിച്ചില്ല. ദേവാലയമില്ല; എങ്കിലും യഹൂദമതത്തിന് യാതൊരു കേട്ടും പററിയില്ല. മതവിശ്വാസം നിലനിറുത്താൻ, അവക്ക് ഒരേ ഒരു മാർഗ്ഗമെ ഉണ്ടായിരുന്നുള്ളു. അതു് ബൈബിൾ തന്നെ. ദൈവവചനമായ ഹീബ്രു ബൈബിൾ വിശ്വാസത്തിൻെറയും സന്മാർഗ്ഗജീവിതത്തിൻെറയും മാനദണ്ഡമായി പരിണമിച്ചു; തൽഫലമായി വേദപുസ്തകത്തിൻെറ പ്രാധാന്യം വളരെ വർദ്ധിക്കുകയും ചെയ്തു.

ഇക്കാലത്തെ യഹൂദപണ്ഡിതന്മാർ "ഉപാദ്ധ്യായർ" (Scribes) എന്നപേരിൽ അറിയപ്പെടുന്നു. ഇവർ ഐകരൂപ്യമുള്ള ഒരു ബൈബിൾ സൃഷ്ടിക്കാൻ വളരെ പരിശ്രമിച്ചു; ഇതു മാത്രമല്ല, മൂലത്തിൻെറ പ്രത്യേകതകളും കൈയ്യെഴുത്തുപ്രതികളിലെ പാഠഭേദങ്ങളുമെല്ലാം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തി. തൽഫലമായി ഹീബ്രു മൂലത്തിന് ഐകരൂപ്യം സംസിദ്ധമായി; കാലക്രമേണ, ഉപാദ്ധ്യായന്മാർ നിശ്ചയിച്ച മൂലരൂപത്തിൽ നിന്നു വ്യത്യസ്തങ്ങളായ പ്രതികൾ അപ്രത്യക്ഷങ്ങളാകയും ചെയ്തു.

നാം പരിശോധിച്ച മൂന്നു കാലഘട്ടങ്ങളിലെ വേദപുസ്തകപ്രതികൾ വ്യഞ്ജനമാത്രങ്ങളായിരുന്നു; എന്നു പറഞ്ഞാൽ, എഴുത്തുകാർ വ്യഞ്ജനങ്ങൾ മാത്രമെ രേഖപ്പെടുത്തിയിരുന്നുള്ളു എന്നർത്ഥം. കാലക്രമേണ സ്വരങ്ങൾക്കു പകരം ചില ലഘു വ്യഞ്ജനങ്ങൾ പ്രചാരത്തിൽ വന്നു. ഇവയ്ക്കു് "പാരായണമാതാക്കൾ" (Matres Lectionis) എന്നാണ് പേർ. പാരായണമാതാക്കൾ സ്വരചിഹ്നങ്ങളല്ല; എങ്കിലും സ്വരങ്ങളുടെ ജോലി നിർവ്വഹിച്ചുപോന്നു.

4) നാലാം ഭാഗം എ. ഡി. 500—900) ഈ കാലദശയുടെ പ്രത്യേകപേർ "മാസ്സോറെട്ട്സിൻെറ" (Massoretes) ഘട്ടമെന്നാണ്. ഹീബ്രുഭാഷയിൽ "മസ്സോറാ" എന്ന നാമത്തിൻെറ അർത്ഥം പാരമ്പര്യമെന്നാകുന്നു. മസ്സോറായുടെ, അഥവാ പാ

രമ്പര്യത്തിൻെറ വാഹികൾതന്നെ "മാസ്സൊറെട്ട്സ്". വ്യഞ്ജനങ്ങൾ മാത്രമുള്ള മൂലത്തിൻെറ ഉച്ചാരണം ഉറപ്പിക്കാൻ, ഈ പണ്ഡിതന്മാർ ഒരു പ്രത്യേക സ്വരചിഹ്നാവലി സൃഷ്ടിച്ചു; ഈ ചിഹ്നങ്ങൾ വ്യഞ്ജനങ്ങളുടെ മുകളിലും താഴെയും ചേർത്തെഴുതി (മലയാളത്തിലും സ്വരചിഹ്നങ്ങൾ വ്യഞ്ജനങ്ങളുടെ മുകളിലും താഴെയുമാണല്ലൊ എഴുതപ്പെടുന്നതു്). മസ്സോറാ പണ്ഡിതന്മാരുടെ പ്രയത്നത്തിൻെറ ഫലമത്രെ, ഇപ്പോൾ ഹീബ്രുവിൽ നിലവിലിരിക്കുന്ന സ്വരചിഹ്നങ്ങൾ. ഇവ മുദ്രണംചെയ്യപ്പെട്ട ഹീബ്രു ബൈബിളുകളിൽ കാണാൻ സാധിക്കും.

മാസ്സൊറെട്ട്സ്, ഹീബ്രുമൂലത്തെപ്പററി തങ്ങൾക്കു് പ്രത്യേകിച്ചു പറയാനുള്ളതെല്ലാം, ഓരോ താളിൻെറയും ഇടത്തും വലത്തും, മുകളിലും താഴെയും, രേഖപ്പെടുത്തി. ഇടത്തും വലത്തുമുള്ള കുറിപ്പുകൾ "ലഘുമസ്സോറാ" എന്ന പേരിൽ അറിയപ്പെടുന്നു; മുകളിലും താഴെയുമുള്ള കുറിപ്പുകളാകട്ടെ "മഹാമസ്സോറാ" എന്ന പേരിലും.

ഈ നാലാം കാലഘട്ടത്തിൽ മസ്സോറാപണ്ഡിതന്മാരുടെ രണ്ടു സ്കൂളുകളുണ്ടായിരുന്നു; അതായതു് ബാബിലോണിൽ സ്ഥാപിതമായിരുന്ന പൗരസ്ത്യ സ്കൂളും, പലസ്തീനായിൽ സ്ഥിതിചെയ്തിരുന്ന പാശ്ചാത്യസ്കൂളും. ഓരോ സ്കൂളുകാരും ഓരോ പ്രത്യേകതരം സ്വരചിഹ്നാവലി സൃഷ്ടിച്ചു. പക്ഷേ കാലക്രമേണ ബാബലോണ്യൻ പാരമ്പര്യം മൃതിയടഞ്ഞു. ഇതോടെ പലസ്തീനാ പാരമ്പര്യം എല്ലായിടത്തും പ്രചാരത്തിൽ വന്നു.

ഹീബ്രുമൂലത്തിൻെറ വിലയും മേന്മയും, ഹീബ്രുമൂലത്തിനു് പ്രഥമവും പ്രധാനവുമായ സ്ഥാനമുണ്ടു്; സകല വിവർത്തനങ്ങളേയുംകാൾ കൂടുതൽ അധികാരവും വിലയുമുണ്ടു്. ഇതിൻെറ കാരണം വിശദമാണല്ലൊ. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഹീബ്രുബൈബിൾ, പുരാതനകാലത്തു് യഹൂദന്മാർ വിനിയോഗിച്ചിരുന്ന പ്രതിയുടെ ശരിപ്പകർപ്പാണു്. അവിടെയുമിവിടെയും ചില ചില്ലറപ്പിശകുകളും താറുമാറുകളുമുണ്ടെന്നുള്ളകാര്യം പ്രസ്താവിച്ചുകൊള്ളട്ടെ. ഇവ കൈയെഴുത്തുപ്രതികൾ ഉണ്ടാക്കിയ എഴു

ത്തുകാരുടെ അശ്രദ്ധയുടെ ഫലമാകുന്നു. പക്ഷേ ഈ അപൂർണ്ണത കൾ അർത്ഥത്തിനു് സാരമായ യാതൊരു വ്യത്യാസവും വരുത്തുന്നില്ല.

## II പഴയ നിയമത്തിൻെറ പ്രാചീന ഗ്രീക്ക് വിവർത്തനങ്ങൾ

സെപ്റ്റുവജിൻറു് ഹീബ്രൂമൂലത്തിൻെറ ഏററവും പ്രധാനപ്പെട്ട ഗ്രീക്ക് വിവർത്തനമാണു് "സെപ്റ്റുവജിൻറു്" (Septuagint) ഈ പരിഭാഷരൂപമെടുത്തതു് ഈജിപ്തിൽ വച്ചാണു്. ഈജിപ്ററിൽ നിവസിച്ചിരുന്ന യഹൂദന്മാർക്കു് ഹീബ്രൂഭാഷയിൽ നല്ല വ്യുല്പത്തിയില്ലായിരുന്നു. കൂടാതെ, സംസ്കാരത്തിൽ വളരെ പുരോഗമിച്ചിരുന്ന പുറജാതിക്കാരുമായുള്ള സമ്പർക്കഫലമായി അവർ ഗ്രഹിച്ചു, അഭ്യസ്തവിദ്യരുടെയും പണ്ഡിതന്മാരുടെയും ഭാഷയായ ഗ്രീക്കിലേയ്ക്കു് വേദപുസ്തകം തർജ്ജമ ചെയ്യുക ആവശ്യമാണെന്നു്. ഇക്കാരണത്താൽ, ടോളമി ഫിലാഡെൽഫസ് (ബി. സി. 285-246) എന്ന ചക്രവർത്തിയുടെ കാലത്തു് പഞ്ചഗ്രന്ഥിയുടെ വിവർത്തനം പ്രസിദ്ധീകൃതമായി.

ഈ പരിഭാഷയെ സംബന്ധിച്ചു് പില്ക്കാലത്തുണ്ടായ ഒരിതിഹാസകഥ ഇവിടെ രേഖപ്പെടുത്തുന്നു. ടോളമി ജറൂസലെമിലെ മഹാപുരോഹിതനോട്ട് ബൈബിളിൻെറ ഒരു ഗ്രീക്ക്പ്രതി ആവശ്യപ്പെട്ടു. മഹാപുരോഹിതനാകട്ടെ 70 പണ്ഡിതന്മാരെ ചക്രവർത്തിയുടെ പക്കലേക്കു് അയച്ചു അദ്ദേഹം ആവശ്യപ്പെട്ടയവന പരിഭാഷ നടത്താൻ. ഈ പണ്ഡിതന്മാർ 70 മുറികളിൽ അടയ്ക്കപ്പെട്ടു; 70 ദിവസം നീണ്ടുനിന്നു വിവർത്തനജോലി. അവരുടെ തർജ്ജമകൾ തുലനം ചെയ്തപ്പോൾ, യാതൊരു വ്യത്യാസവുമില്ലായിരുന്നു! 70 പേരുണ്ടാക്കിയ പരിഭാഷ ഒന്നു തന്നെ! ഈ കെട്ടുകഥയിൽ നിന്നാണു് "സപ്റ്റുവജിൻ്റു്" എന്ന പേരുണ്ടായതു്. ലാററിൻ ഭാഷയിൽ "സെപ്തുവജിന്താ" (Septuaginta) എന്ന പദത്തിൻെറ അർത്ഥം എഴുപതു് എന്നാകുന്നു. സെപ്തുവജിന്താ ഇംഗ്ലീഷിൽ വന്നപ്പോൾ സെപ്റ്റുവജിന്റായി.

പഞ്ചഗ്രന്ഥിയുടെ വിവർത്തനത്തിനു ശേഷം മററുള്ള പുസ്തകങ്ങളുടെ പരിഭാഷയും നടന്നു. ഇപ്രകാരം കാലക്രമേണ യവന

ഭാഷയിൽ പഴയനിയമം മുഴുവനും പ്രചാരത്തിലായി. യേശുനാഥൻെറ കാലത്തു് ഗ്രീക്കുഭാഷ സംസാരിച്ചിരുന്ന യഹൂദന്മാരുടെ വേദപുസ്തകം സെപ്‍റ്റുവജിന്റായിരുന്നു. ഹീബ്രു ബൈബിൾ സംഹിതയിൽ ഇല്ലാതിരുന്ന ചില ഗ്രന്ഥങ്ങൾ ഗ്രീക്ക് സംഹിതയിൽ ഉണ്ടായിരുന്നെന്ന വസ്തുത ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.

<u>സെപ്‍റ്റുവജിന്റിൻെറ വില.</u> ഹീബ്രു ബൈബിളിൻെറ ഏററവും പ്രധാനപ്പെട്ട വിവൎത്തനം സെപ്‍റ്റുവജിൻറാണെന്നു പ്രസ്താവിച്ചുവല്ലൊ. കാരണമെന്താണു്? സെപ്‍റ്റുവജിൻറത്രെ പ്രഥമവിവൎത്തനം, ഏററവും പുരാതനമായ പരിഭാഷ. വിവിധ ഗ്രന്ഥങ്ങളുടെ തൎജ്ജമ ഒരേ വിധത്തിലല്ല. ചില പുസ്തകങ്ങളുടെ പരിഭാഷ ഒന്നാംതരം; മററു ചില പുസ്തകങ്ങളുടേതൊ, വളരെ മോശം. ചില സ്ഥലങ്ങളിൽ വിവൎത്തകർ മൂലം ചുരുക്കിയിട്ടുണ്ടു്; ചിലപ്പോൾ മനസ്സിലാക്കാൻ സാധിക്കാതിരുന്ന പദങ്ങളും വാക്യങ്ങളും വിട്ടുകളയുകയും ചെയ്തു; ചില സന്ദർഭങ്ങളിൽ ഇമ്മാതിരി പദങ്ങൾ അതേപടി പകൎത്തിയും വച്ചു. ഇങ്ങനെ സെപ്‍റ്റുവജിന്റിനു് പല കുറവുകളുമുണ്ടു്. ശാസ്ത്രീയമായ വിധത്തിൽ ബൈബിൾ വ്യാഖ്യാനിക്കാൻ ആഗ്രഹിക്കുന്നവർ സെപ്‍റ്റുവജിന്റ് ഉപയോഗിച്ചേ തീരു. ഹീബ്രു മൂലവുമായി തുലനം ചെയ്യണം. അപ്പോൾ അർത്ഥം കൂടുതൽ വിശദമാകും.

<u>സെപ്‍റ്റുവജിന്റും ഈശ്വരനിവേശനവും</u> സെപ്‍റ്റുവജിന്റ് ഈശ്വരനിവേശിതമാണോ? പുരാതന വേദപാരംഗതന്മാരിൽ പലരും ഈ ഗ്രീക്ക് വിവൎത്തനം ഈശ്വരനിവേശിതമാണെന്നു വിശ്വസിച്ചിരുന്നു. ചില ആധുനിക പണ്ഡിതന്മാരും ഇതേ അഭിമതക്കാരാണു്. പ്രശ്നം വളരെ സാങ്കേതികമായതിനാൽ വിട്ടുകളയുന്നു.

<u>മററു ഗ്രീക്ക് വിവൎത്തനങ്ങൾ.</u> ആദ്യ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും ഗ്രീക്ക് ഭാഷ സംസാരിച്ചിരുന്ന പുറജാതിക്കാരായിരുന്നല്ലൊ. ഹീബ്രു ഭാഷ ഇവൎക്ക് അജ്ഞാതമായിരുന്നു. അതിനാൽ അവരെല്ലാവരും സെപ്‍റ്റുവജിന്റ് വിനിയോഗിക്കാൻ തുടങ്ങി. ക്രിസ്തുമതം പ്രചരിച്ചതോടൊപ്പം ഗ്രീക്ക് പഴയനിയമവും സുപ്രചുരിതമായി. ഇതു മാത്രമോ? യഹൂദന്മാരുമായി തൎക്കം

നടത്തിയിരുന്ന വേളകളിൽ, നസ്രത്തിലെ യേശുവാണ് ഇസ്രായേലിൻെറ മിശിഹായെന്ന സത്യം സ്ഥാപിക്കാൻ, ക്രൈസ്തവർ സെപ്റ്റുവജിന്റിൽ നിന്നു തെളിവുകളും ന്യായങ്ങളും കൊണ്ടുവന്നു. ഇതോടെ യഹൂദന്മാർ ഗ്രീക്ക്ബൈബിൾ ഉപേക്ഷിച്ചു. ക്രിസ്തുവബ്ദത്തിനു മുൻപു് ഈ തർജ്ജമയുടെ പ്രസിദ്ധീകരണ ദിനം യഹൂദത്തിരുനാളുകളിൽ ഒന്നായിരുന്നു. ക്രിസ്തുവബ്ദത്തിനു ശേഷമോ? പ്രസ്തുത ദിനം വിലാപദിനമായി യഹൂദന്മാർ കൊണ്ടാടി.

ഈ കാലഘട്ടത്തിൽ യഹൂദപണ്ഡിതന്മാർ മൂന്നു് പുതിയ ഗ്രീക്ക് വിവർത്തനങ്ങൾ പ്രകാശിപ്പിച്ചു. ഇവയുടെ സംജ്ഞകൾ "ആകചീലാ," "സിമ്മാക്കസ്," "തെയഡോഷ്യൻ" എന്നാകുന്നു. ഈ മൂന്നു സംജ്ഞകളും വിവർത്തകന്മാരുടെ പേരത്രെ. എ. ഡി. 2-ാം ശതാബ്ദത്തിൽ ഇവ പ്രസിദ്ധീകൃതങ്ങളായി.

പഴയനിയമത്തിൻെറ നാലു് ഗ്രീക്കു തർജ്ജമകളുടെ കാര്യം പറഞ്ഞല്ലോ. സെപ്റ്റുവജിന്റ് മുഴുവൻ ഇപ്പോഴുണ്ടു്. മററുള്ള മൂന്നു തർജ്ജമകളും നശിച്ചുപോയി; അവയുടെ ചില ഭാഗങ്ങൾ മാത്രമെ ഇപ്പോഴുള്ളു.

<u>സെപ്റ്റുവജിന്റ് ക്രൈസ്തവസഭയിൽ.</u> പുരാതന ക്രൈസ്തവസഭയുടെ പഴയനിയമം സെപ്റ്റുവജിന്റ് മാത്രമായിരുന്നു. റോം, ആന്റിയക്ക്, അലക്സാൻഡ്രിയ മുതലായ കേന്ദ്രങ്ങളിലെല്ലാം ഈ വിവർത്തനമത്രെ ഉപയുക്തമായിരുന്നതു്. പ്രചാരം വർദ്ധിച്ചതോടെ, എഴുത്തുകാരുടെ അശ്രദ്ധ നിമിത്തം ഗ്രീക്ക് പഴയനിയമത്തിൽ തെററുകൾ കടന്നുകൂടി. ഇതു കണ്ടു യഹൂദന്മാർ ക്രൈസ്തവരെ ആക്ഷേപിക്കാൻ തുടങ്ങി: ക്രിസ്തീയ വേദപുസ്തകം പരിപൂർണ്ണമല്ല! തെററുനിറഞ്ഞതാണു്! ഈ ഘട്ടത്തിൽ ഗ്രീക്ക് പഴയനിയമത്തിൻെറ പൂർണ്ണവും പ്രമാദരഹിതവുമായ ഒരു ഭാഷ്യം പ്രസിദ്ധപ്പെടുത്താൻ ഒരു ക്രിസ്തീയ പണ്ഡിതൻ ജോലിയാരംഭിച്ചു. അദ്ദേഹമാണു് സുപ്രസിദ്ധനായ ഒറിജൻ.

<u>ഒറിജൻെറ ജീവിതചരിത്രം.</u> ഒറിജൻ എ. ഡി. 180-ൽ അലക്സാൻഡ്രിയായിൽ ജാതനായി. അദ്ദേഹത്തിൻെറ പിതാ

വായ ലയോണിഡാസ് 202-ൽ വേദസാക്ഷിയായി മരിച്ചു. രാഷ്ട്രീയാധികാരികൾ കുടുംബവസ്തുക്കളെല്ലാം കൈവശപ്പെടുത്തി. ഇങ്ങനെ ഒറിജൻ നിർദ്ധനനായിത്തീൎന്നു. കുടുംബം പരിരക്ഷിക്കണം; അമ്മയുണ്ടു്; ഇളയ സഹോദരന്മാരും മററുമുണ്ടു്. ഈ ദാരുണസാഹചര്യത്തിൽ ചരിത്രപുരുഷൻ അദ്ധ്യാപനജോലി ജീവിതമാൎഗ്ഗമായി കൈവരിച്ചു. സ്വ നഗരത്തിലെ ക്രിസ്തീയ ദൈവശാസ്ത്ര കലാലയത്തിലത്രെ അദ്ദേഹം പഠിപ്പിച്ചിരുന്നതു്. കുറെക്കാലത്തിനുശേഷം ഒറിജൻ അലക്സാൻഡ്രിയായിൽ നിന്നു് ബഹിഷ്കൃതനായി. അടുത്തതായി അദ്ദേഹം അദ്ധ്യാപനവൃത്തി നടത്തിയതു് പലസ്തീനായിലെ "സെസാരയാ" എന്ന പട്ടണത്തിലാണു്. ഡേഷ്യസ് ചക്രവൎത്തി മതമർദ്ദനം തുടങ്ങിയപ്പോൾ ഒറിജൻ അറസ്റ്റ് ചെയ്യപ്പെട്ടു; കാരാഗൃഹത്തിൽവച്ചു് സഹിച്ച മർദ്ദനങ്ങളുടെ ഫലമായി ഏറെത്താമസിയാതെ ഈ മഹാപണ്ഡിതൻ മരിക്കുകയും ചെയ്തു. മരണത്തീയതി നിശ്ചയമില്ല. ഏതായാലും 254-നും 258-നു മിടയ്ക്കായിരിക്കാം മരണം നടന്നതു്. പുരാതന സഭയിലെ ഏററവും വലിയ ബൈബിൾ പണ്ഡിതൻ ഒറിജൻ ആയിരുന്നെന്നു് ഇവിടെ പ്രത്യേകം പ്രസ്താവിക്കുന്നു. ഹീബ്രു ഭാഷയിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്നതിനാൽ, യഹൂദന്മാരുടെ ആക്ഷേപം നേരിടാൻ ഇദ്ദേഹം നിശ്ചയിച്ചു.

<u>ഹെക്സാപ്ലാ:</u> സെസാരയായിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്താണു്, ഗ്രീക്കു് പഴയനിയമത്തിൻെറ പരിഷ്ക്കരിച്ച പ്രതി പ്രസിദ്ധപ്പെടുത്താൻ ഒറിജൻ തീരുമാനിച്ചതു്. ഈ പ്രതിയുടെ പേരത്രെ "ഹെക്സാപ്ലാ" (Hexapla), അതായതു്, "ആറു കോളം ബൈബിൾ," അഥവാ "ആറു ഖണ്ഡം ബൈബിൾ." ഒന്നാം കോളത്തിൽ ഹീബ്രു മൂലം ഹീബ്രു ലിപിയിൽ പകൎത്തി; രണ്ടാം കോളത്തിൽ അതേ മൂലം ഗ്രീക്ക് ലിപിയിലും രേഖപ്പെടുത്തി. മററുള്ള കോളങ്ങളിൽ വിവിധ യവന വിവൎത്തനങ്ങൾ, ആകവീലാ, സിമ്മാക്കസ്, സെപ്ററ്വജിൻറ്, തെയഡോഷ്യൻ എന്ന ക്രമത്തിൽ എഴുതിച്ചേൎത്തു. ഈ മഹാഗ്രന്ഥംതന്നെ ഒറിജൻെറ ഹെക്സാപ്ലാ. സെസാരയായിലെ വായനശാലയിൽ ഇതു് നിക്ഷിപ്തമായി.

ഹെക്സാപ്ലായുടെ കൂടുതൽ പ്രതികൾ പ്രസിദ്ധീകരിക്കുക അസാദ്ധ്യമായിരുന്നു. ഇക്കാരണത്താൽ ഒറിജൻ നിർമ്മിച്ച പ്രതി മാത്രമെ ഉണ്ടായിരുന്നുള്ളു. ഈ വിശിഷ്ട ഗ്രന്ഥത്തിൻെറ നാശ കഥ കേട്ടാൽ, ബൈബിൾ സ്നേഹികളെല്ലാവരും കണ്ണുനീർ

പൊഴിക്കും. മഹമ്മദീയർ കൈസസാരായ കീഴടക്കി, ചുട്ടുപൊടിച്ചു. അനേകം ഗ്രന്ഥങ്ങളടങ്ങിയ വായനശാലയും അഗ്നിക്കിരയാക്കി. ഇങ്ങനെ ഹെക്സാപ്ലായും വെന്തു ചാമ്പലായി. ഇപ്പോൾ ഏതാനും ചെറുശകലങ്ങൾ മാത്രമെ പ്രചാരത്തിലുള്ളു.

ടെട്രാപ്ലാ. ചരിത്രകാരനായ യൂസേബിയസ് രേഖപ്പെടുത്തിയിട്ടുണ്ട്, ഒറിജൻ "ടെട്രാപ്ലാ" (Tetrapla) എന്ന പേരിൽ മറെറാരു പ്രതി പ്രസിദ്ധപ്പെടുത്തിയെന്നു്. ഇതിൽ ഹീബ്രു മൂലം ഉൾപ്പെട്ടിരുന്നില്ല; ആകപീലാ, സിമ്മാക്കസ്, സെപ്ററപജിൻറ്, തെയഡോഷ്യൻ എന്ന നാലു ഗ്രീക്ക് വിവൎത്തനങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ഇക്കാരണത്താലാണു്, ഈ പ്രസിദ്ധീകരണം "ടെട്രാപ്ലാ", അഥവാ "നാലുകോളം ബൈബിൾ" എന്ന പേരിൽ അറിയപ്പെടുന്നതു്.

എന്നെയാപ്ലാ. ഒറിജൻ സങ്കീൎത്തന ഗ്രന്ഥത്തിൻെറ ഒരു പുതിയ പതിപ്പു് തയാറാക്കി. ഈ ഗ്രന്ഥത്തിൻെറ മൂന്നു് ഗ്രീക്ക് തൎജ്ജമകൾകൂടെ ഹെക്സാപ്ലായിൽ ചേൎത്തു. ഇങ്ങനെയുണ്ടായ ഒൻപതുകോളം സങ്കീൎത്തനപ്പുസ്തകത്തിൻെറ സംജ്ഞയാണു് "എന്നെയാപ്ലാ." ഒറിജൻ വിനിയോഗിച്ച മൂന്നു വിവൎത്തനങ്ങളെപ്പററി ഒന്നുംതന്നെ അറിഞ്ഞുകൂടാ.

ഹെക്സാപ്ലാറിക്ക് സെപ്ററപജിന്റ്. ഹെക്സാപ്ലായുടെ അഞ്ചാം കോളത്തിലെ സെപ്ററപജിൻറു് വിവൎത്തനം പല തവണ പകൎത്തപ്പെട്ടു. ഇങ്ങനെ പ്രചാരത്തിൽവന്ന സെപ്ററപജിന്റ് പ്രതികൾക്കു് ചരിത്രകാരന്മാർ "ഹെക്സാപ്ലാറിക്ക് സെപ്ററപജിൻറ്" എന്ന പേർ നൽകിയിട്ടുണ്ടു്. ഒരു കോളം പകൎത്തി പ്രസിദ്ധപ്പെടുത്തുക അത്ര വിഷമമുള്ള കാര്യമല്ലല്ലൊ.

## III അറമായിക്ക് ടാർഗൂമീം

യേശുനാഥൻെറ കാലത്തു്, പലസ്തീനായിലെ അനുദിന ഭാഷ അറമായിക്കായിരുന്നെന്നു് നാം കണ്ടല്ലൊ. സാധാരണ ജനങ്ങൾക്കു് ഹീബ്രുവുമായി ഒട്ടുംതന്നെ പരിചയമുണ്ടായിരുന്നില്ല. ഹീബ്രുഭാഷാപണ്ഡിതന്മാരായിട്ടു് റാബിമാരും മററും മാത്രമെ ഉണ്ടായിരുന്നുള്ളു. ഇവരത്രെ സിനഗോഗിൽവച്ചു് വേദപുസ്തകം മൂലഭാഷയിൽ പാരായണംചെയ്തിരുന്നതു്. വായനയ്ക്കുശേഷം, അവർ സന്നിഹിതൎക്കുവേണ്ടി വായിക്കപ്പെട്ട ഭാഗങ്ങൾ അറമായിക്കിലേക്കു് തൎജ്ജമചെയ്തു. ഇങ്ങനെയുണ്ടായ അറമായിക്ക് പരാവൎത്തനങ്ങൾക്കുള്ള സാങ്കേതിക സംജ്ഞയത്രെ "ടാർഗുമീം." ഇപ്പദം ബഹുവചനമാണു്; ഏകവചനം "ടാർഗും" എ

ന്നാകുന്നു. സംജ്ഞ ഹീബ്രു തന്നെ, അർത്ഥമോ, പരിഭാഷ, പരാവത്തനം എന്നെല്ലാം. ഇംഗ്ലീഷിൽ "ടാർഗുംസ്" എന്നു പറയാറുണ്ട്.

## IV പഴയ നിയമത്തിൻെറ ലാററിൻ വിവത്തനങ്ങൾ

പുരാതന ലാററിൻ വിവത്തനങ്ങൾ. എ. ഡി. 2-ാം ശതാബ്ദത്തിൽ യൂറോപ്പിലും ആഫ്രിക്കായിലും പല ലാററിൻ വിവത്തനങ്ങൾ പ്രസിദ്ധീകൃതങ്ങളായി. ഇവയെല്ലാം സെപ്ററവജിൻറിൽ നിന്നു വരുന്നവയാണ്. വിവത്തന കത്താക്കൾ ആരാണെന്നും മററും നിശ്ചയമില്ല.

വൾഗേററു്. മഹാപണ്ഡിതനായ സെയിൻറ് ജറൊം പ്രസിദ്ധപ്പെടുത്തിയ ലാററിൻ വിവത്തനം "വൾഗേററു്" എന്ന പേരിൽ അറിയപ്പെടുന്നു, ലാററിൻ ഭാഷയിൽ "വുൾഗാത്താ" എന്നു പറയും; അത്ഥം ജനകീയ വിവർത്തനം, ലളിതവിവത്തനം എന്നെല്ലാമാകുന്നു. പാശ്ചാത്യ സഭയിലെ ഏററവും പ്രമുഖനായ ബൈബിൾ പണ്ഡിതൻ ജറൊമാണ്. അദ്ദേഹത്തിൻെറ ജീവചരിത്രസംഗ്രഹം ഇവിടെ ചേക്കുന്നു.

ജറൊം ഡൽമേഷ്യായിൽ (ആധുനിക യൂഗോസ്ലാവിയ) ജാതനായി. ജനനത്തീയതി നിശ്ചയമില്ല. എ. ഡി. 330-നും 350-നും മദ്ധ്യേ ജനിച്ചെന്നു പറയാം. നാട്ടിൽ വച്ചു നടന്ന പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം, ഉപരിപഠനാർത്ഥം ജറൊം റോമിലെത്തി, റെട്ടറിക്കായിതന്നു അദ്ദേഹത്തിൻെറ പഠനവിഷയം. സാഹിത്യത്തോടു് വലിയ മമതയായിരുന്നു. പക്ഷേ ഒരു ജീവിത പരിവത്തനത്തിനു ശേഷം, ശ്രദ്ധയെല്ലാം ബൈബിളിലേക്കായി. ഇതു മാത്രമല്ല, ചരിത്രപുരുഷൻ സന്യാസ ജീവിതവും കൈവരിച്ചു. ഇക്കാലത്താണ് ബൈബിൾ ദേശങ്ങൾ ഇദ്ദേഹത്തെ ആകഷിക്കുവാൻ തുടങ്ങിയതു്. തൽഫലമായി സിദ്ധൻ പലസ്തീനായിലേയ്ക്കു യാത്രതിരിച്ചു. പക്ഷെ ആൻറിയക്കിൽ വച്ചു് രോഗബാധിതനായി; യാത്ര തുടരാൻ സാധിച്ചില്ല. സുഖപ്പെട്ടതിനുശേഷം, ജറൊം സിറിയായിലെ മരുഭൂമിയിൽ സന്യാസ ജീവിതമാരംഭിച്ചു. ഇവിടെവച്ചാണ് ഹീബ്രു മുതലായ ഭാഷകളിൽ വ്യുല്പത്തി നേടിയതു്. 382-ൽ ജറൊം റോമിലെത്തി. മാപ്പാപ്പായായിരുന്ന ഡമാസസിൻെറ കല്പനയനുസരിച്ചു്, നമ്മുടെ പണ്ഡിതൻ സുവിശേഷങ്ങളുടെയും സങ്കീത്തനങ്ങളുടെയും പുരാതന ലാററിൻ വിവത്തനങ്ങൾ, ഗ്രീക്ക് പ്രതികളുടെ സഹായ

ത്തോടെ പരിഷ്ക്കരിച്ചു. ഡമാസസിൻെറ മരണശേഷം വിശുദ്ധൻ പലസ്തീനായിലേയ്ക്കു യാത്രയായി. ബെത്ലഹേമായിരുന്നു ലക്ഷ്യം. 387-ൽ ഈ പട്ടണത്തിൽ താമസമുറപ്പിച്ചു. ഇക്കാലത്താണ്, ഒറിജൻെറ ഹെക്സാപ്ലായുമായി പരിചയപ്പെട്ടതു്. ഈ മഹാഗ്രന്ഥത്തിൻെറ സഹായത്തോടെ സങ്കീർത്തന ഗ്രന്ഥം വീണ്ടുമൊന്നു പരിഷ്കരിച്ചു. 390-ൽ ഹീബ്രു മൂലത്തിൽ നിന്നുള്ള ഒരു നവീന വിവർത്തനംതന്നെ ബൈബിൾ സ്നേഹിയായ ഇദ്ദേഹം സമാരംഭിച്ചു. ഈ ജോലി 405 വരെ നീണ്ടുനിന്നു. ഹീബ്രു ബൈബിളിലുള്ള ഗ്രന്ഥങ്ങളെല്ലാം ജറോം തനിച്ചു ലാററിൻ ഭാഷയിലേയ്ക്കു പരിഭാഷപ്പെടുത്തി. ഈ പരിഭാഷയത്രെ സുപ്രസിദ്ധമായ "ലാററിൻ വൾഗേററു്."

ജറോമിൻെറ ജീവിതകാലത്തു് പുതിയ പരിഭാഷ പ്രചാരത്തിൽ വന്നില്ല. സമകാലീനർ അദ്ദേഹത്തെ ഒട്ടും പ്രോത്സാഹിപ്പിച്ചില്ല; അതിനുപകരം അവർ അദ്ദേഹത്തെ പഴിക്കുകയും വിമർശിക്കുകയുമാണുചെയ്തതു്! മഹാപണ്ഡിതനായ സെയിൻറു് അഗസ്റ്റിനുപോലും ജറോമിൻെറ പദ്ധതി ഇഷ്ടപ്പെട്ടില്ല. പുരാതന ലാററിൻ വിവർത്തനങ്ങളുടെ പരിഷ്ക്കരിച്ച പതിപ്പാണു് ക്രൈസ്തവക്കാവശ്യം; സെപ്ററുജിൻറിരിക്കെ ഹീബ്രുവിനു് ഇത്രയേറെ പ്രാധാന്യം കല്പിക്കുന്നതു ശരിയാണോ? ഇതായിരുന്നു അഗസ്റ്റിൻെറ വാദം. ആഫ്രിക്കായിൽ ഒരു സ്ഥലത്തു്, ജറോമിൻെറ വിവർത്തനം ദേവാലയത്തിൽ വായിക്കാൻ തുനിഞ്ഞ മെത്രാനെതിരായി ജനങ്ങൾ വിപ്ലവം നടത്താൻ പോലും ഒരുമ്പെട്ടു.

കാലക്രമേണ ശത്രുതയെല്ലാം മാറി. ലാററിൻ ഭാഷ സംസാരിച്ചിരുന്ന വിവിധ രാജ്യങ്ങൾ വൾഗേററു് വിവർത്തനം പാരായണം ചെയ്യാൻ തുടങ്ങി. ഇങ്ങനെ 9-ാം ശതാബ്ദത്തിനു ശേഷം, ജറോമിൻെറ ലാററിൻ തർജ്ജമ യൂറോപ്പിലെല്ലാം പ്രചാരത്തിലായി. ഇതോടെ പുരാതന ലാററിൻ വിവർത്തനങ്ങൾ അപ്രത്യക്ഷങ്ങളുമായി. ഇപ്രകാരം ലാററിൻ വൾഗേററു് പാശ്ചാത്യ സഭയുടെ വേദഗ്രന്ഥമായിത്തീർന്നു. ഇതിനു ശേഷമുള്ള വൾഗേററിൻെറ ചരിത്രം ഇവിടെ പ്രതിപാദന വിഷയമാക്കണമെന്നു് വിചാരിക്കുന്നില്ല. അടുത്ത ലേഖനത്തിൽ പുതിയ നിയമത്തിൻെറ മൂലവും പ്രധാനപ്പെട്ട പുരാതന വിവർത്തനങ്ങളും ചർച്ചയ്ക്കു് വിഷയമാകും.

# വി. കുർബാനയും വി. ഗ്രന്ഥവും

(സീറോമലബാർ)

1 അത്യുന്നതങ്ങളിൽ......നല്ല ശരണം. കുർബാനക്രമം പുറം 1
ലൂക്കാ അദ്ധ്യായം II. വാക്യം 14

2 സ്വർഗ്ഗസ്ഥനായ......വരണം കു. ക്രു. പു. 1. മത്ത. അ. VI
വാ. 9......13

3 നീ പരിശുദ്ധൻ......നിറഞ്ഞിരിക്കുന്നു. കു. ക്രു. പു. 1. 2
ഏശയ്യ അ. VI വാ. 3

4 കർത്താവേ!......ഇളക്കം തട്ടുകയില്ല കു. ക്രു. പു. 3. 4 സങ്കീ. 15

5 കർത്താവേ!......സ്തുതിക്കും കു. ക്രു. പു. 4 സങ്കീർത്തനം 150

6 സകല ജാതികളെ......കർത്താവാകുന്നു. കു. ക്രു. പു. 4. 5 സങ്കീ. 116

7 ലേഖനസുവിശേഷഭാഗങ്ങൾ പഞ്ചാംഗത്തിൽ കൊടുത്തിരിക്കുന്ന
പ്രകാരം വായിക്കുന്നു

8 പുരോഹിതൻ......ലാക്ʼമെസ്ʼഹʼഹാ കു. ക്രു. പു. 10
എബ്ര. അ. I വാ. 3
"അവൻെറ മഹത്വത്തിൻെറ പ്രഭയും അവൻെറ സത്തയുടെ പ്രതി
മയുമായ നിന്നെ"

9 മʼശിഹാ......ദʼ അൽമാ. കു. ക്രു. പു. 10 യോഹ. അ. I വാ. 5. 9
"മʼശിഹാ ലോകത്തിൻെറ പ്രകാശം"

10 നിങ്ങൾക്കു സമാധാനം കു. ക്രു. പു. 11 യോഹ. അ. XX വാ. 19

11 എസ്സാഹദʼ......സഹദ്ദെസ്സ കു. ക്രു: പു. 14
യോഹ. അ. XIX വാ. 34
"എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ടു അവൻെറ വിലാപ്പുറത്തു കുത്തി. ഉടനെ രക്ʼതവും വെള്ളവും പുറപ്പെട്ടു. 'ഇതു' കണ്ടവൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവൻെറ സാക്ഷ്യം സത്യമാകുന്നു."

12 സാർവ്വത്രികവുമായ......ശരീരത്തിൽ കു. ക്രു. പു. 14
അപ്പെ. അ. I വാ. 23

13 കർത്താവിൽ......ശരണപ്പെട്ടു കു. ക്രു. പു. 18 സങ്കീ. 40. 1.

14 ദരിദ്രർ......തൃപ്തരാകും കു. ക്രു. പു. 18 സങ്കീർത്തനം 22. 26

15 ആദിമുതൽ എന്നേയ്ക്കും എല്ലാ......ഉൽഘോഷിക്കട്ടെ
കു. ക്രു. പു. 20 സങ്കീർത്തനം 106-48

16 കദʼറʼസീസീൻ......ബിശʼതാ കു. ക്രു. പു. 20
എബ്ര. അ. X വാ. 22
"നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടു. ദുഷ്ടമനസ്സാക്ഷിയിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടു.

17 മൗദെനാ......ഉദറത്ത കു. ക്രു. പു. 23 മത്ത. അ. XI വാ. 25
"സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും കർത്താവായ എൻെറ പിതാവെ! നിന്നെ ഞാൻ പുകഴ്ʼത്തുന്നു."

18 സമയത്തിന്റെ സമാപ്തിയിൽ......ക. ക്രു. പു. 23
മത്ത. അ. XXIV വാ. 30
19 നിങ്ങൾക്കു സമാധാനം ക. ക്രു. പു. 25 യോഹ. XX വാ. 26
20 എന്റെ സഹോദരന്മാരെ......നല്ക്കുവിൻ ക. ക്രു. പു. 25
1 പത്രോ. അ. V വാ. 14; 2 കൊറി. അ. XIII വാ. 12;
മത്താ. അ. V വാ. 23
21 നമ്മുടെ കർത്താവീശോ......ഉണ്ടായിരിക്കട്ടെ ക. ക്രു. പു. 27
2 കൊറി. അ. XIII വാ. 14
22 അബ്രാഹ......ദൈവമേ ക. ക്രു. പു. 27
മക്കോ. അ. XII വാ. 26; പുറപ്പാ. അ. III വാ. 6
23 ആലേപ് അൽപിൻ...... ക. ക്രു. പു. 28
ദാനിയേൽ അ. VII വാ. 10
"എന്റെ കർത്താവേ! വാനവർ ആയിരമായിരമായി നിന്റെ മഹത്വത്തെ മുട്ടുകുത്തി ആരാധിക്കുന്നു."
24 ഇടവിടാതെ......ബലവാനും......നിറഞ്ഞിരിക്കുന്ന ക. ക്രു. പു. 28
ഏശയ്യാ അ. VI വാ. 3; വെളി. അ. IV വാ. 8
25 ഉന്നതങ്ങളിൽ ഓശാന ക. ക്രു. പു. 28 മത്ത. അ. XXI വാ. 9
ക. ക്രു. പു. 29
26 കന്തീശത്...... ക. ക്രു. പു. 29 അപ്പൊ. അ. III വാ. 15
"ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ വിതുനാമോത്ഭവം നിന്നിൽനിന്നാകുന്നു."
27 ഇതു ദൈവത്തിന്റെ......മറ്റൊന്നുമല്ല ക. ക്രു. പു. 29
സൃഷ്ടി അ. XXVIII വാ. 17
28 ബ്ലെലിയാദേൻ...... ക. ക്രു. പു. 30 1 കൊറി. അ. XI വാ. 23
"എന്തെന്നാൽ നമ്മുടെ കർത്താവായ ഈശോ താൻ ഒറ്റിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ"
29 കൂദാശവചനങ്ങൾ ക. ക്രു. പു. 30 31 മത്ത. അ. XXVI വാ. 26
മക്കോ. അ. XIV വാ. 22 ലൂക്ക അ. XXII വാ. 17
30 ദ്നെദ്ഊനാക്...... ക. ക്രു. പു. 35
യോഹ. അ. XVII വാ. 3
"നീ മാത്രമാകുന്ന സത്യദൈവമെന്നും നീ അയച്ച ഈശോമിശിഹാ ആര് (ആകുന്നു) എന്നും അറിയുന്നതാകുന്ന നിത്യജീവൻ."
31 ഞങ്ങൾക്കല്ല......മഹത്വമുണ്ടാകട്ടെ. ക. ക്രു. പു. 36
സങ്കീർത്തനം 114 വാ. 9
32 ദൈവമേ! നിന്റെ കൃപ......നിർമ്മലമാക്കപ്പെട്ട. ക. ക്രു. പു. 37
സങ്കീർത്തനം 51
33 സ്വർഗ്ഗത്തിൽ......പക്കലേക്കുമായിരിക്കും ക. ക്രു. പു. 37 സങ്കീ. 122
34 സ്വർഗ്ഗത്തിൽ......ഞാനാകുന്നു ക. ക്രു. പു. 39
യോഹ. അ. VI വാ. 51
35 സത്യം സത്യമായി......കടക്കും ക. ക്രു. പു. 55
യോഹ. അ. VI വാ. 55...59

# അദ്ധ്യയനമണ്ഡലം പ്രാർത്ഥനാമഞ്ജരിയും അതിലെ ഗാനങ്ങളും

റവ. ഫാ. മാത്യു വെള്ളാനിക്കൽ

അദ്ധ്യയനമണ്ഡലം സംഘടനയുടെ ഔദ്യോഗിക പ്രാർത്ഥനപ്പുസ്തകമാണു് അ. മ. പ്രാർത്ഥനാമഞ്ജരി. അ. മ. പ്രതിവാരച്ചാല്ലാസ്സുകളോടുകൂടി സമുചിതമായ ഒരു പ്രാർത്ഥനാപരിപാടികൂടി ചേർത്തിരിക്കുന്നുവെന്നതു് അ. മ. പ്രസ്ഥാനത്തിന്റെ ഒരു സവിശേഷതയാണു്. ഏതാണ്ടു് എട്ടു കൊല്ലം മുൻപു് രൂപം പ്രാപിച്ച അ. മ. ഇന്നും പൂർവ്വാധികം ശക്തമായി പ്രവർത്തിച്ചു വരുന്നതിനു് കാരണമായി നിലകൊള്ളുന്നതു് പ്രാർത്ഥനാപരമായ ഒരന്തരീക്ഷത്തിൽ പഠനക്കളരികൾ നടത്തണമെന്നുള്ള സംഘടനയുടെ ദൃഢമായ നിഷ്ഠയാണെന്നുതന്നെ പറയാം. അതിവിശിഷ്ടങ്ങളും സുന്ദരങ്ങളുമായ ഗാനരീതികളിൽ പ്രാർത്ഥനകൾ പകർത്തി സംഗീതാത്മകമായ ഒരു പ്രാർത്ഥനാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടതോടെ അ. മ. പഠനക്കളരികളുടെ ആകർഷണീയത പതിന്മടങ്ങു് വർദ്ധിച്ചിട്ടുണ്ടു്.

സംഗീതത്തിന്റെ സാർവ്വജനീനമായ ആസ്വാദ്യത ഏവർക്കും സുപരിചിതമാണു്. കാലഭേദമോ ദേശഭേദമോ കൂടാതെ സംഗീതം സകലരേയും സമാകർഷിക്കുന്നതായി കാണാം. അതു് വിചാരങ്ങളുടേതെന്നതിനെക്കാൾ വികാരങ്ങളുടെ ഭാഷയാണു് എന്നതാണതിനു കാരണം. ഹൃദയത്തിൽ രസഭാവങ്ങളെ ഉണർത്തി വികാരങ്ങൾക്കു് ഉത്തേജനം നൽകി മനുഷ്യനെ പ്രവർത്തനോന്മുഖനാക്കുന്നതിനു് സംഗീതത്തിനുള്ള കഴിവു് ഒന്നു വേറെ തന്നെയാണു്. ഇക്കാരണത്താലാണു് മാനവജീവിതത്തിന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ എല്ലാ പ്രവർത്തനരംഗങ്ങളിലും പ്രമുഖമായ ഒരു സ്ഥാനം സംഗീതം കരസ്ഥമാക്കിയിട്ടുള്ളതു്. അമ്മയുടെ താരാട്ടുപാട്ടുകൾ കേട്ടു് തൊട്ടിലിൽ ശയിക്കുന്ന ശിശുക്കൾ മുതൽ ദൈവശാസ്ത്രത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ വ്യാപ

രിക്കുന്ന അഗാധ പണ്ഡിതന്മാർവരെ, മരണംവരെ മണ്ണിനോടു മല്ലിടുന്ന മനുഷ്യമക്കൾ മുതൽ ആജീവനാന്തം ആശ്രമ ഭിത്തികൾക്കുള്ളിൽ ആന്തരികജീവിതം നയിക്കുന്ന ആചാര്യ ശ്രേഷ്ഠന്മാർവരെ സംഗീതാസ്വാദ്യതയുടെ സ്വാധീന വലയത്തിൽപ്പെടുന്നതു കാണാം.

സംഗീതം മനുഷ്യമനസ്സിനു് വികാസവും ആഹ്ളാദവും നല്ലി സംസ്കാരം വളർത്തുന്നു. അങ്ങനെ സ്വഭാവസംസ്കരണവും തൽഫലമായി ജീവിത വിശുദ്ധിയും വളർത്തി മനുഷ്യനെ സ്വർഗ്ഗീയ സോപാനങ്ങളിലേക്കുയർത്തുവാനും സംഗീതത്തിനു കഴിവുണ്ടു്. ഹൈന്ദവ ഭാരതത്തിലെ ഗാനപ്രധാനങ്ങളായ വേദമന്ത്രങ്ങളും പൗരാണിക പാശ്ചാത്യ രാജ്യങ്ങളിലെ ദേവ കീർത്തനങ്ങളും ഇതിനു് ഉത്തമോദാഹരണങ്ങളാണു്. പലയിടത്തും ഗാനാത്മകങ്ങളും കവിതാത്മകങ്ങളുമായ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന വി. ഗ്രന്ഥവും ഈ വസ്തുതയല്ലയോ വിളിച്ചറിയിക്കുന്നതു്? മനുഷ്യ മനസ്സിനെ ദൈവത്തിങ്കലേക്കാനയിക്കുന്നതിനു് സംഗീതത്തിനുള്ള ദിവ്യമായ കഴിവിനെ ബോധപൂർവ്വം വിലയിരുത്തിക്കൊണ്ടുതന്നെയാണു് ഇന്നു ക്രൈസ്തവസഭയിൽ നിലവിലിരിക്കുന്ന വിവിധ ആരാധന ക്രമങ്ങളെല്ലാംതന്നെ സംഗീതാത്മകങ്ങളാക്കിത്തീർത്തിട്ടുള്ളതു്. ഭാഗ്യസ്മരണാർഹനായ 12–ാം പീയൂസ് മാർപ്പാപ്പാ തിരുമേനിയുടെ ഉദ്ബോധനം പ്രകൃതത്തിൽ സ്മരണീയമാണു്. "ഭക്തിപരമായ ഗാനങ്ങൾ തിരുകർമ്മങ്ങളുടെ മഹത്വത്തിനു മാററു വർദ്ധിപ്പിക്കുകയും, ശ്രോതാക്കളുടെ വികാരങ്ങളെ ഉന്നതങ്ങളിലേക്കുയർത്തി അവരിൽ യഥാർത്ഥ ഭക്തി ജനിപ്പിക്കുന്നതിനു് സഹായിക്കുകയും ചെയ്യുന്നു. ദൈവാലയങ്ങളിലേ സമൂഹഗാനാലാപങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണമെന്നു് നാം ശുപാർശ ചെയ്യുന്നു. ഇമ്പകരവും മധുരവും മനോഹരവുമായ സമൂഹ ഗാനങ്ങൾ വിശ്വാസികളുടെ ഭക്തിക്കു് ഉണർവ്വും ഉത്തേജനവും നൽകുന്നു. അലയാഴിയിൽ നിന്നുയരുന്ന അലമാലകൾ പോലെ വിശ്വാസികളുടെ ഇടയിൽ നിന്നും അത്തരം ഗാനങ്ങൾ സ്വർഗ്ഗത്തിലേയ്ക്കുയരട്ടെ. അങ്ങനെ ഒരേ ഈണത്തിലും സ്വരത്തിലും അനേകായിരങ്ങളുടെ അധരങ്ങളിൽ നിന്നും ഉയരുന്ന ഗാനങ്ങൾ ഒരേ സ്വർഗ്ഗീയ പിതാവിൻെറ മക്കളുടെ ഐക്യത്തിൻ്റേയും പരസ്പര സാഹോദര്യത്തിൻെറയും അടയാളവുമായിരിക്കട്ടെ" (Encyclical—Mediator Dei)

വിശ്വാസികളിൽ പരസ്പരസ്നേഹവും ഐക്യവും ഉളവാക്കി അവരുടെ മനസ്സിനെ ദൈവത്തിങ്കലേയ്ക്കു് ഉയർത്തുന്നതിനുള്ള നൈസർഗ്ഗികമായ ഒരു കഴിവു് അന്യഭാഷയിലുള്ള ആരാധനക്രമഗാനങ്ങൾക്കുണ്ടെങ്കിൽ സ്വന്തം മാതൃഭാഷയിൽ അവയ്ക്കുള്ള കഴിവു് എത്രയധികമായിരിക്കും.

നമ്മുടെ മാതൃഭാഷയിൽ റീത്തു പുനരുദ്ധരിക്കപ്പെടുന്ന ഇക്കാലത്തു് മലയാളത്തിനു സ്വകീയമായ ഗാനരീതികളിൽ സുന്ദരവും ലളിതവും ഭക്തിപ്രചുരിമ തുളുമ്പുന്നവയുമായ പ്രാർത്ഥനാഗാനങ്ങൾ ഉണ്ടാകേണ്ടതു് ആവശ്യകമാണു്. സിനിമാശാലകളുടെയും നാടകവേദികളുടെയും അന്തരീക്ഷത്തിൽ അലയടിക്കുന്ന ഗാനരീതികൾ പരിശുദ്ധവും പാവനവുമായ ആരാധന സ്ഥലങ്ങളേയും പ്രാർത്ഥനാവേദികളേയും മലീമസമാക്കുവാൻ ഇനിയും അനുവദിച്ചുകൂടാ. ഇക്കാര്യത്തിൽ കേരള കത്തോലിക്കരുടെ ശ്രദ്ധ പതിഞ്ഞുതുടങ്ങിയിട്ടുണ്ടെന്നുള്ളതു് ആശ്വാസജനകംതന്നെ. അ. മ. പ്രാർത്ഥനാമഞ്ജരിയുടെ പരിഷ്കരിച്ച പതിപ്പിൽ നല്കിയിരിക്കുന്ന ഗാനങ്ങളുടെ പ്രസിദ്ധീകരണം ഈ തുറയിൽ ഒരു പുതിയ കാൽവയ്പാണെന്നുള്ളതിനു സംശയമില്ല. സൗകര്യത്തെ ഉദ്ദേശിച്ചു് പ്രാർത്ഥനാപരിപാടിയ്ക്കുള്ള സമയം ഒന്നുകൂടി പരിമിതപ്പെടുത്തിക്കൊണ്ടു് ഈ അടുത്തകാലത്തു് പ്രസിദ്ധം ചെയ്ത പ്രസ്തുത പ്രാർത്ഥനാമഞ്ജരിയുടെ പരിഷ്കരിച്ച പതിപ്പ് ഇതിനകം പലരുടെയും ശ്രദ്ധയിൽപ്പെട്ടുകാണും.

അതിൽ കൊടുത്തിരിക്കുന്ന ഏഴു ഗാനങ്ങളിൽ അഞ്ചെണ്ണം ഒറിജിനൽ ട്യൂണുകളിലാണു് വിരചിതമായിരിക്കുന്നതു്. അവ സംഗീതത്തിൽ കർണ്ണാടക ശാഖയിലെ ലളിതഗാനങ്ങളുടെ മാതൃകയിൽ രചിക്കപ്പെട്ടിട്ടുള്ളവയാണു്. പാശ്ചാത്യ സംഗീതത്തിന്റെ ഗാംഭീര്യവും, പൌരസ്ത്യ സംഗീതത്തിന്റെ മദനാഹാരിതയും, കർണ്ണാടക സംഗീതത്തിന്റെ ലാളിത്യവും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ളവയാണു് പ്രസ്തുത ഗാനങ്ങൾ. ഒരിക്കലും പുതുമ നഷ്ടപ്പെടാത്തവയും ഭക്തിരസം വഴിഞ്ഞൊഴുകുന്നവയുമാണവ. അവയിൽ Veni Creator(പാവനാത്മാവേ വരിക), Te Deum (സ്തോത്രഗീതം) കർത്തൃപ്രാർത്ഥന എന്നിവയ്ക്കു സ്വീകരിച്ചിരിക്കുന്ന രീതികൾ സർവ്വസമാകർഷകങ്ങളാണു്. ഗാനങ്ങൾ

കളുള്ള ഇംഗ്ലീഷ് നോട്ടുകൂടി പുസ്തകത്തിൽ ചേർത്തിരിക്കുന്നതു് ഈ പുതിയ രീതികൾ കാലാന്തരത്തിൽ തേഞ്ഞു മാഞ്ഞു പോകാതിരിക്കുവാൻ സഹായിക്കുന്നുണ്ടു്. പുതിയ ഗാനങ്ങൾ വിരചിക്കുന്നതു് നാടകലോകത്തിൽ ഗാനരചയിതാക്കൾ എന്ന പ്രസിദ്ധി സമാർജ്ജിച്ചിട്ടുള്ളവരും എറണാകുളം സ്വദേശികളുമായ ജോബ്് & ജോർജ്ജ് എന്നിവരാകുന്നു. അവർ തീർച്ചയായും സമുദായത്തിൻെറ ഉപരിപ്രോത്സാഹനം അർഹിക്കുന്നുണ്ടു്. നമ്മുടെ ആരാധനക്രമത്തിലെ സംഗീതം സംബന്ധിച്ചും ഈദൃശമായ പുതിയ കാൽവയ്പുകൾ അനതിവിദൂരമായ ഭാവയിൽ ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

## EXTRACT FROM A LETTER DATED 10th JUNE 1955 FROM *Chevalier I. C. Chacko*

*Dear Rev. Father Mathew Nadakal,*

.......I read in Deepika the report of the inauguration of the Study Circle. I wish your attempt every success. And I hope you will have the cooperation of all who have the preservation and the propagation of the Catholic faith at heart...............

I have some experience of associations similar to the Study Circles proposed by you. As you say, the members become lukewarm gradually. I hope the prayers you propose in your other small book (പ്രാർത്ഥനാമഞ്ജരി) will be a remedy against this tendency.

*With my best wishes and regards,*

*Pulincunnoo*
10-6-1955

*Yours sincerely,*

I. C. CHACKO.

# സൂചനാ സുവിശേഷം

**മാനവ ചരിത്രത്തിലൊന്നാമത്തെ വിധിവാചകം ചതിവിനുപിടിച്ച ഒരു പുള്ളിയുടെ മേലായിരുന്നു. എല്ലാ വിധികളിൽനിന്നും വ്യത്യസ്തമാണീ വിധി. അതിൽ ചതിക്കപ്പെട്ടവന് അനുഗ്രഹവാഗ്ദാനംകൂടി ഉൾപ്പെട്ടിരിക്കുന്നു. പാപപ്പൊറുതിയെക്കുറിച്ചുള്ള പ്രഥമ സന്ദേശമാണിതു്. രക്ഷാകർമ്മം വിവരിക്കുന്ന സുവിശേഷങ്ങളിലേക്കുള്ള ഒരു കൈചൂണ്ടിയാണീ വിധി—സൂചനാ സുവിശേഷം.**

തോമസ് പോൾ B. Sc.

മനുഷ്യവർഗ്ഗത്തിനു് ആദ്യം പററിയ തെററിനോളം വലിയ തെററു് പിന്നീട്ട പററിയിട്ടില്ല. ഏററം തികഞ്ഞ ഗുണൈകദൃക്കിൻെറ പ്രതിഭയ്ക്കു കല്പിക്കാവുന്നതിലും ആയിരംമടങ്ങു കൂട്ടതൽ വിശിഷ്ടയനുഗ്രഹങ്ങൾ മനുഷ്യൻെറമേൽ വാരിച്ചൊരിഞ്ഞിരുന്നു, പറുദീസായിൽ. മനുഷ്യസ്വഭാവത്തിനു ലഭിക്കാവുന്ന എല്ലാ പരിപൂർണ്ണതകളും മനുഷ്യനുണ്ടായിരുന്നു. രോഗങ്ങളും പീഢകളും അവനെ അലട്ടുമായിരുന്നില്ല. വേദനയിൽ നിന്നും വിഷാദത്തിൽ നിന്നും അവൻ വിമുക്തനായിരുന്നു. സ്വഭാവാതീതമായ (Praeternaturalia) പലേ അനുഗ്രഹങ്ങളാലും അലംകൃതനായിരുന്നു മനുഷ്യൻ. സ്വാഭാവികമായി മരിക്കണമെങ്കിലും അമർത്ത്യത ദൈവം അവനു നൽകി, പാപപ്രവണതയോ അജ്ഞതയോ അവനെ തീണ്ടിയിരുന്നില്ല. ദൈവം അവനെ ദത്തുപുത്രനായി സ്വീകരിച്ചു. എന്നിട്ടും തൃപ്തിവരാഞ്ഞു്, അതി-

---

(1) ക്രിസ്തുവിനെക്കുറിച്ചുള്ള പ്രഥമപ്രതിപാദനമായ സൃഷ്ടി. 3, 14, 15 എന്നീവാക്യങ്ങളെ പ്രോട്ടോ എവാഞ്ജെലിയും (Protoevangelium) എന്നാണു് പണ്ഡിതന്മാർ സാധാരണ വിളിക്കുന്നതു്. പ്രോട്ടോ എവാഞ്ജെലിയും എന്നു് ആദ്യം വിളിച്ചതാരെന്നു തീർത്തുപറയുക വയ്യാ. എങ്കിലും, മാർട്ടിൻ ലൂഥർ ആണെന്നു് പറയപ്പെടുന്നു. ഇതിനു പര്യാപ്തമായ ഒരു മലയാള തർജ്ജമ കാണുന്നില്ല. പ്രാഥമിക സുവിശേഷം എന്നു തർജ്ജമ ചെയ്താൽ വലിയ തെററില്ലെന്നു തോന്നുന്നു. എങ്കിലും, ഈ വാക്യങ്ങൾ, ക്രിസ്തുവരുമെന്നും സുവിശേഷങ്ങൾ ലോകത്തിനു ലഭിക്കുമെന്നും നമുക്കു ലഭിച്ച ആദ്യത്തെ സൂചനമാകയാൽ, സൂചനാ സുവിശേഷം എന്നു വിളിക്കുകയാണു്,

സ്വാഭാവിക നന്മകൾകൊണ്ടു (Supernaturalia) മനുഷ്യനെ അലങ്കരിച്ചു. അവൻ സൃഷ്ടികളുടെയെല്ലാം മകുടമായിരുന്നു. എത്രമേൽ അസൂയാർഹമായിരുന്നില്ല, പറുദീസായിൽ മനുഷ്യന്റെ സ്ഥിതി!

## പറുദീസായിലെ വീഴ്ച

മനുഷ്യൻ തന്നെയാണു് സ്വന്തം ഭാവിയുടെ വിധാതാവു്. അവൻ സർവ്വഥാ സ്വതന്ത്രനാണു്. പാപം ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ, ദൈവത്തോടുള്ള വിധേയത്വം സമ്മതിക്കുന്നതിനോ നിഷേധിക്കുന്നതിനോ അവനു സ്വാതന്ത്ര്യമുണ്ടു്. വിധേയത്വം എത്രമാത്രമാണെന്നറിയാൻ, "തോട്ടത്തിൻെറ നടുവിലുള്ള വൃക്ഷത്തിൽ നിന്നു യാതൊന്നും നിങ്ങൾ ഭക്ഷിക്കുകയും അതു നിങ്ങൾ തൊടുകയും ചെയ്യരുതു്" എന്നു ദൈവം ഒരു മുടക്കു കല്പിച്ചു (2).

ഒരു വൃക്ഷത്തിൻെറ ഫലത്തിനു അത്ര വലിയ വിലയൊന്നുമില്ല. എങ്കിലും, ദൈവത്തോടുള്ള വിധേയത്വം കാണിക്കുന്ന സൂചികയായപ്പോൾ, അതു് മനുഷ്യകുലത്തിൻെറ ഉയർച്ചയോ വീഴ്ചയോ നിശ്ചയിക്കുവാൻ കഴിവുള്ളതായി. മനുഷ്യൻ തൻെറ സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുവാൻതന്നെ മുതിർന്നു. അതിന്റെ ദുഷ്ഫലങ്ങൾ അവൻ സഹിക്കേണ്ടിവന്നു. സ്വഭാവാതീതവും അതിസ്വാഭാവികവുമായ എല്ലാ അനുഗ്രഹങ്ങളും അവനു നഷ്ടപ്പെട്ടു. (Spoliatus in gratuitis) മനുഷ്യൻെറ പതനാവസ്ഥ കണ്ട പരമകാരുണികനായ ദൈവം മനസ്സലിഞ്ഞു. മനുഷ്യൻെറ വീഴ്ചയ്ക്കു കാരണക്കാരനായ പിശാചിനെ ദൈവം ശപിക്കുകയാണു്:

"ദൈവമായ കർത്താവു് സർപ്പത്തോടു് അരുളിച്ചെയ്തു: നീ ഇതു ചെയ്തതുകൊണ്ടു്, സകല മൃഗങ്ങളിലും കാട്ടിലെ സകല ജീവികളിലുംവച്ചു് നീ ശപിക്കപ്പെട്ടിരിക്കുന്നു. നീ ഉരസ്സുകൊണ്ടു സഞ്ചരിക്കുകയും നിൻെറ ജീവിതകാലം മുഴുവൻ പൊടിതിന്നുകയും ചെയ്യും. നീയും സ്ത്രീയും തമ്മിലും നിൻെറ സന്തതിയും അവളു

(2) സൃഷ്ടി 3, 3.

ടെ സന്തതിയും തമ്മിലും ഞാൻ ശത്രുതയുണ്ടാക്കും. അവൻ നിന്റെ തലയിൽ ചവിട്ടും. നീ അവൻെറ കുതികാലിൽ കടിക്കും.''(3)

## ശപിക്കപ്പെട്ടവനു കിട്ടിയ അനുഗ്രഹം

ആ വിധിവാചകങ്ങൾ ഒന്നുകൂടെ വായിച്ചുനോക്കുക. ചരിത്രത്തിലെ ആദ്യത്തെ ചതിവിനു പിടിച്ച "പുള്ളിയെ" ദൈവം ശിക്ഷിക്കുകയാണു്. എന്നാൽ, ചതിക്കപ്പെട്ടവനു് അനുഗ്രഹവാഗ്ദാനംകൂടി ആ വിധിയിൽ ഉൾപ്പെടുന്നു. നമ്മുടെ ആദിമാതാപിതാക്കന്മാരുടെമേൽ വിധിവാചകം ഉച്ചരിച്ചപ്പോൾത്തന്നെ ദൈവം തെളിവാക്കി, തിന്മ വിജയിച്ചിട്ടില്ലെന്നു്. അവിടുന്നു് പാപത്തിനു ശിക്ഷ നൽകി. എന്നാൽ, സർപ്പം പ്രാതിനിധ്യം വഹിച്ച തിന്മയുടെ ശക്തികളിന്മേൽ പരിപൂർണ്ണവിജയം വാഗ്ദാനം ചെയ്തുകൊണ്ടു് അവിടുന്നു് പാപികളെ ധൈര്യപ്പെടുത്തി. (4). പാപം ചെയ്ത മനുഷ്യനെ പറുദീസായിൽ നിന്നു് ഓടിച്ചുവിടുക ആവശ്യകമായിരുന്നു. പറുദീസായിൽനിന്നു് കല്ലും മുള്ളും നിറഞ്ഞ ഭൂമിയലേയ്ക്കു് ഇറങ്ങിപ്പോകുന്ന മനുഷ്യനു് പ്രത്യാശക്കു വഴി നല്കുന്നതായി ഒന്നുമില്ലായിരുന്നെങ്കിൽ, അവൻ നിരാശാധീനനായിപ്പോയേനെ. എന്നാൽ, "പരിപൂർണ്ണനൈരാശ്യത്തിനായി ദൈവം മനുഷ്യനെ കൈവിട്ടില്ല...അവൻെറ ദുരിതപൂരിതമായ വഴിത്താരയിലേക്കു് അല്പം ആശ്വാസകിരണം വീശുവാൻ അവിടുന്നു തിരുമനസ്സായി.'' (5) മനുഷ്യനെ ചതിയിൽപ്പെടുത്തിയവൻെറമേൽ അവൻ വിജയം വരിക്കും.

"നീയും സ്ത്രീയും തമ്മിലും, നിൻെറ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുതയുണ്ടാക്കും. അവൻ നിൻെറ തലയിൽ ചവിട്ടും.''

## സർപ്പമല്ലാത്ത സർപ്പം

ഒരു സർപ്പം കുടിലതന്ത്രം പ്രയോഗിച്ചു് മനുഷ്യചരിത്രത്തിൻെറ ആമുഖം മാററി എഴുതി. "സർപ്പത്തി"ൻെറ രൂപത്തിൽ

(3) സൃഷ്ടി 3, 14—15

(4) R. A. DYSON and A. JONES, The Kingdom of Promise

(5) PAUL HEINISCH, Christ in Prophecy

പ്രത്യക്ഷപ്പെടുന്ന ഈ 'ജീവി' വെറും 'ജന്തു'വല്ല. ബുദ്ധികൗശലം പ്രയോഗിക്കുവാൻ അതിനു കഴിവുണ്ട്. "ദൈവത്തോടു ശത്രുതയും മനുഷ്യനോട് അസൂയയുമുള്ള ഒരു ജീവിയാണിത്." (6) ഇതിൽ നിന്നുള്ള ഫലത്തെ 'സന്തതി' (Zera) എന്നു വിളിച്ചിരിക്കുന്നത് ശ്രദ്ധയർഹിക്കുന്നു. വി. ഗ്രന്ഥത്തിൽ വേറൊരിടത്തും മൃഗത്തിൻെറ കുഞ്ഞുങ്ങളെ 'സന്തതി' എന്നു വിളിച്ചിട്ടില്ല. മാത്രമല്ല, 'നുണയൻ,' 'കുടിലതന്ത്രക്കാരൻ'. എന്നെല്ലാമാണ് ഈ ജീവിയെ വി. ഗ്രന്ഥത്തിൽ പിന്നീട് വിളിച്ചിരിക്കുന്നത്. (7) "ഏഷണിക്കാരനെന്നും സാത്താനെന്നും വിളിക്കപ്പെടുന്ന പഴയ പാമ്പായ മഹാസർപ്പം" എന്നാണ് വി. യോഹന്നാൻ ഈ ജീവിയെ വിളിക്കുന്നത്. (8) അയൽ രാജ്യങ്ങളിലെ നാടോടിക്കഥകളിൽ സർപ്പങ്ങളെ ദുഷ്ടകുനമായിട്ടാണു വർണ്ണിച്ചിരിക്കുന്നത്. ബാബിലോണിയൻ കഥകളിൽ പിശാചുക്കൾ സർപ്പത്തിൻെറ രൂപത്തിൽ ദേവന്മാർക്കെതിരായി പ്രവർത്തിക്കുന്ന രംഗങ്ങൾ സാധാരണമാണ്. ഇപ്രകാരമുള്ള സാഹചര്യങ്ങൾ നിമിത്തം, സർപ്പത്തെ തിന്മയുടെ പ്രതീകമായിക്കാണുക ഇസ്രായേൽക്കാർക്ക് എളുപ്പമായിരുന്നു. (9). ചതിയനായ ഈ സർപ്പം സാത്താനല്ലാതെ മററാരുമല്ല. (10) ഒരു സർപ്പത്തിൻെറ രൂപത്തിൽ സാത്താൻ ചരിത്രപരമായി പ്രത്യക്ഷപ്പെട്ടതാണോ, അതോ, നിവേശിത ഗ്രന്ഥകാരൻ തൻെറ ആശയത്തിൻെറ വാഹനമായി ഈ ചിത്രത്തെ ഉപയോഗിച്ചതാണോ എന്നു തീർത്തു പറയുക വയ്യാ. (11) നിവേശിത ഗ്രന്ഥകാരൻ സാത്താനെ സർപ്പമായി ചിത്രീകരിക്കുന്നതാവാം. ചിത്രത്തെക്കാൾ ചിത്രം നല്കുന്ന ആശയമാണല്ലോ പ്രധാനം.

സർപ്പത്തിൻെറമേൽ ദൈവത്തിൻെറ ശാപവാക്യം കരുണയററതും നിരുപാധികവുമാണ്. "കാട്ടിലെ സകല ജീവികളിലുംവച്ചു നീ ശപിക്കപ്പെട്ടിരിക്കുന്നു... ജീവിതകാലം മുഴുവൻ നീ

(6) La Genese, tr· R· DE VAUX, O, P. Paris
(7) Wis, 2, 24
(8) വെളി 12, 9
(9) Cfr. Christ in Prophecy (          ) 23
(10) സൃഷ്ടി. 3, 14
(11) Cfr· P· F. CEUPPENS, O· P· Questiones ex Historia Primaera, Roma, (1947) 186—187

പൊടി തിന്നും." (12) "പൊടിതിന്നുക" എബ്രായ ഭാഷയിലെ ആലങ്കാരിക പ്രയോഗമാണു്. അതിനു 'മരിക്കുക', 'താഴ്ത്തപ്പെട്ടുക' എന്ന അർത്ഥങ്ങളുണ്ടു്. ജീവിതകാലം മുഴുവൻ സാത്താൻ അടിപ്പെട്ടവനായിരിക്കും എന്ന അർത്ഥമാണിവിടെ യോജിക്കുന്നതു്.

മനുഷ്യൻെറമേലുള്ള വിധി കാഠിന്യം കുറഞ്ഞതതാണു്—അതിൽ പ്രത്യാശക്കു സ്ഥാനമുണ്ടെന്നു വഴിയേ കാണാം.

## സ്ത്രീ

"സ്ത്രീ" എന്നു പറഞ്ഞിരിക്കുന്നതു് ആരെക്കുറിച്ചാണു് എന്നതു് ഇന്നും തർക്കവിഷയമാകുന്നു. (13) പ്രോട്ടസ്റ്റൻറു ശാസ്ത്രജ്ഞന്മാരുടേയും റാഡിക്കൽ സ്കൂളിൽപ്പെട്ട ഗ്രന്ഥകാരന്മാരുടേയും അഭിപ്രായം "സ്ത്രീ" എന്ന പദം ഹവ്വായെ മാത്രം ഉദ്ദേശിച്ചുള്ളതാണെന്നത്രേ. കത്തോലിക്ക ശാസ്ത്രജ്ഞന്മാരാരും ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. അതിനു മതിയായ കാരണവുമുണ്ടു്. സ്ത്രീയും സാത്താനും തമ്മിൽ പരിപൂർണ്ണ ശത്രുതയാണു് ദൈവം കല്പിച്ചതു്. പരിപൂർണ്ണമായ പാപരാഹിത്യത്താൽ മാത്രമേ സാത്താനുമായി പരിപൂർണ്ണ ശത്രുത ഉളവാകുന്നുള്ളു. പാപി സാത്താൻെറ മിത്രമാകുന്നു. ഹവ്വാ പിഴച്ചപ്പോൾ സാത്താൻെറ പക്ഷത്തു ചേർന്നു് ഐക്യനിര സൃഷ്ടിച്ചു. ഈ ഐക്യം നിശ്ശേഷം തകർക്കപ്പെട്ടതായി, പാപത്തെ പൂർണ്ണമായി ജയിച്ചതായി, പിന്നീടു്, ഹവ്വായെപ്പററി ഒരിടത്തും പറയുന്നില്ല. അതുകൊണ്ടു്, സാത്താൻെറ ബദ്ധശത്രുവായ "സ്ത്രീ" ഹവ്വായാണെന്നു പറയുക ശരിയല്ല.

---

(12) സാത്താൻ സർപ്പത്തിൻെറ രൂപത്തിൽ പറുദീസായിൽ പ്രത്യക്ഷപ്പെട്ടുതന്നെയാണെന്നു് F. HUMMELAUER, T VANTICHELEN തുടങ്ങിയവർ വിശ്വസിക്കുന്നു. കെപ്പൻസ് ഈ അഭിപ്രായം ആദ്യം സ്വീകരിച്ചെങ്കിലും പിന്നീടു്, L. DURR, L. DENNEFELD, H. JUNKER മുതൽപേരുടെ കൂട്ടത്തിൽ, നിവേശിത ഗ്രന്ഥകാരൻ തൻെറ അഭിപ്രായം പ്രകടമാക്കാൻ ഉപയോഗിച്ച ഒരു ചിത്രമായി സർപ്പത്തെ കണക്കാക്കുന്നു. L. C. P. 183

(13) Cfr. CEUPPENS, De Historia Primaeva (1948) 190-208

വി. ഇരെനേയൂസ്, വി. സിപ്രിയാൻ, വി. എഫ്രേം, വി. എപ്പിഫാനിയൂസ്, വി. ജറോം, വി. ബർനാർഡ്, മഹാനായ വി. ലെയോ തുടങ്ങിയ അനേകം പുരാതന വിശുദ്ധഗ്രന്ഥ വ്യാഖ്യാതാക്കളുടേയും പല ആധുനിക വിശുദ്ധഗ്രന്ഥ പട്ടക്കളുടേയും മതം 'സ്ത്രീ' മറിയത്തെ മാത്രമുദ്ദേശിച്ചാണെന്നത്രേ. ഭാഗികമായ വാച്യാർത്ഥത്തിൽ സ്ത്രീ ഹവ്വായാണെന്നും എന്നാൽ പൂർണ്ണമായ വാച്യാർത്ഥത്തിൽ (Sensu Pleno literali) മറിയത്തെക്കുറിച്ചാണെന്നും വാദിക്കുന്നവരും ഉണ്ട്. "സ്ത്രീ" വാച്യാർത്ഥത്തിൽ ഹവ്വായെക്കുറിച്ചും എന്നാൽ ഹവ്വാ മറിയത്തിന്റെ പൂർവ്വരൂപമായതിനാൽ പ്രതിരൂപാർത്ഥത്തിൽ (Typical Sense) മറിയത്തെക്കുറിച്ചും ചിലർ മനസ്സിലാക്കുന്നു. മറിയത്തെ ഏതെങ്കിലും വിധം ഇവിടെ പരാമർശിക്കുന്നതായി തെളിയിച്ചിട്ടില്ലെന്നു പറയുന്നവരുമുണ്ട്.

ഒടുവിലത്തെ അഭിപ്രായമൊഴിച്ച് ഏതു കത്തോലിക്കാ നിലപാടു സ്വീകരിച്ചാലും, ഈ പ്രവചനത്തിൽ കന്യകാമറിയത്തെക്കുറിച്ച് പ്രതിപാദനം ഉണ്ടെന്നു കാണാം.

### സന്തതികൾ തമ്മിൽ

സ്ത്രീയുടെ സന്തതിയും സാത്താന്റെ സന്തതിയും തമ്മിലും ശത്രുത ഉണ്ട്. "സാത്താന്റെ സന്തതി" എന്നു പറഞ്ഞിരിക്കുന്നത് നാരകീയശക്തികളെ മുഴുവൻ ഉദ്ദേശിച്ചാണ്. (14) സ്ത്രീയും സാത്താനും തമ്മിലുള്ള സമരം അവസാനിപ്പിക്കുന്നത് 'സ്ത്രീയുടെ സന്തതി'യാണ്. നിവേശിതഗ്രന്ഥകാരൻ സ്ത്രീയുടെ സന്തതിക്കു കൂടുതൽ പ്രാധാന്യം നല്കുന്നതായിട്ടാണു കാണുന്നത്. ആരാണീ "സ്ത്രീയുടെ സന്തതി"? ഒരുപക്ഷേ പുരുഷനെ അറിയാത്ത സ്ത്രീയുടെ സന്തതിയായിരിക്കുമോ? പസ്സാഗാലിയാ, എം. ജെ. ലഗ്രാഞ്ച് തുടങ്ങിയ അനേകം പേർ ഈ വാക്കിൽ മിശിഹായെ മാത്രം കാണുന്നു. ഈ വ്യാഖ്യാനം പുരാതന യഹൂദ പാരമ്പര്യത്തോട് വളരെ യോജിക്കുന്നുണ്ട്. ഈ അഭിപ്രായം ശരിയാണെങ്കിൽ, ഉദ്ധൃതവാക്യങ്ങൾ സ്പഷ്ടമായ മിശിഹോന്മുഖ പ്രവചന

---

(14) Cfr. P. HEINISCH, Christ in Prophecy P. 25; and CEUPPENS, De Historia Primaeva. Rome (1948) 209—210

മാണു്. (15) ക്രിസ്തുവിനേയും അവിടുത്തെ മൗതികശരീരത്തേയുമാണു് ഈ പ്രയോഗംകൊണ്ടു നിവേശിതഗ്രന്ഥകാരൻ അൎത്ഥമാക്കുന്നതെന്നു് ജെ. കോർലൂയിയും മററും വാദിക്കുന്നു. എന്നാൽ, കാർഡിനൽ ബയായും മററും ഈ അഭിപ്രായത്തോടു വിയോജിക്കുകയാണു്. മൂന്നാമതൊരു കൂട്ടരുടെ നോട്ടത്തിൽ "മനുഷ്യവൎഗ്ഗം മുഴുവനേയുമാണു് 'സ്ത്രീയുടെ സന്തതി' കുറിക്കുന്നതു്; അതുകൊണ്ടു്; മിശിഹായും അതിൽപ്പെടും. മിശിഹാവഴി മനുഷ്യകുലം സൎപ്പത്തിൻെറ തല തകൎക്കും, "സാത്താൻെറ സന്തതി" നാരകീയ ശക്തിമുഴുവനുമാണു്. ആ വാക്കിനോടു തുലനംചെയ്തു പറഞ്ഞിരിക്കുന്ന "സ്ത്രീയുടെ സന്തതി" മനുഷ്യവൎഗ്ഗം മുഴുവനുമായിരിക്കണം. അതുകൊണ്ടു്, ഇ. ലവെസ്ക്കു് ചോദിക്കുന്നു, എവിടെ നിന്നാണു രക്ഷ? ആരാണു വിജയം വരിക്കുന്നതു്? സാത്താനോടെതിരിടുന്നതു് മനുഷ്യരാശി മുഴുവനുമോ? അതോ ഏതോ ഒരു ജാതിമാത്രമോ? അതായതു്, ഒരുവൎഗ്ഗം ആളുകൾ മാത്രമാണോ ജയിക്കുന്നതു്? അതോ മനുഷ്യഗണം മുഴുവൻെറയും പേരിൽ ഒരു വ്യക്തി സാത്താൻെറമേൽ വിജയിക്കുമോ?" ഈ ചോദ്യങ്ങൾക്കദ്ദേഹംതന്നെ മറുപടി പറയുകയാണു്: "ഈ പ്രവചനത്തിൽ ഒന്നും തീൎത്തു പറയുന്നില്ല. തീൎച്ചയുള്ള ഉത്തരം അനുമാനിക്കാൻ സാധിക്കുന്നില്ല." (16) ദൈവം പിന്നീടു് പൂൎവ്വപിതാക്കന്മാൎക്കു് നല്കിയ വാഗ്ദാനങ്ങളിൽ നിന്നുമാത്രമേ ഈ ചോദ്യങ്ങളുടെ ഉത്തരം കാണുവാൻ സാധിക്കൂ എന്നാണു് ഈ അഭിപ്രായക്കാരുടെ നിലപാടു്.

ഈ 'ശത്രുത'യിൽ ആൎക്കാണു വിജയമെന്നും വ്യക്തമാകുന്നു. "അവൻ (17) നിൻെറ തലയിൽ ചവിട്ടും"; സ്ത്രീയുടെ സന്തതി സാത്താൻെറ തലയിൽ ചവിട്ടും. പരിപൂൎണ്ണ വിജയമാണു് 'തലയിൽ ചവിട്ടുക' എന്നതു ദ്യോതിപ്പിക്കുക. ക്രിസ്തു മാത്രമാണു സാത്താൻെറ തലയെ തകൎത്തതു്. പാപത്തിന്മേലും നരകത്തിന്മേലും പൂൎണ്ണവിജയം നേടിയതു് ക്രിസ്തുവല്ലാതെ മററാരുമല്ല. 'നീ അവൻെറ കുതികാലിൽ കടിക്കും,' അതായതു് സ്ത്രീയുടെ

(15) Targum Onkelos Genesim. Targum Hierosolymitanum

(16) E. LEVESQUE, Revue de Clergi Francai, Mass (1895) quoted ceuppens, De Historia primaeva p. 221.

(17) 'അവൻ' എന്നാണു് മൂലഭാഷയായ ഹീബ്രുവിൽനിന്നു് ശരിയായ തൎജ്ജമ. എന്നാൽ ലാററിൻ വുൾഗാത്തായിൽ, Ipsa = അവൾ എന്നു കാണുന്നു. ഇതു് ഒരു പിശകായി എല്ലാ വേദപുസ്തക പണ്ഡിതന്മാരും സമൎത്ഥിക്കുന്നുണ്ടു്.

സന്തതിക്ക് ചില പരിക്കുകൾ ഏല്പിക്കുവാൻ സാത്താൻെറ സന്തതിക്കു കഴിയും. കാൽവരിയിൽ അതാണല്ലോ സംഭവിച്ചതു്.

സ്ത്രീയുടെ സന്തതി മനുഷ്യകുലം മുഴുവനുമാണെന്ന അഭിപ്രായം സ്വീകരിച്ചാലും, മിശിഹോന്മുഖമാണീ വാചകങ്ങൾ. സാത്താനെ എതിർത്തു നില്ക്കുന്നവൻ വിജയം വരിക്കും. സന്ധിയില്ലാതെ മത്സരിക്കുന്നവൻ അവസാനം അവൻെറ തലയിൽ ചവിട്ടും. സാത്താനും ചില ഉപദ്രവങ്ങൾ തിരിച്ചേല്പിച്ചേക്കാം. എങ്കിലും, വിജയം "സ്ത്രീയുടെ സന്തതി"ക്കുതന്നെയാണു്. സാത്താനെ എതിർത്തുനില്ക്കുന്ന പുണ്യചരിതരെ ചരിത്രത്തിൽ ഉടനീളം കാണാൻ സാധിക്കും. സാത്താനെതിരെ ഏററം വലിയ സമരം നയിച്ചതു ക്രിസ്തുമാത്രമാണു്. അതുകൊണ്ടു്, "സ്ത്രീയുടെ സന്തതി," മനുഷ്യകുലമെന്നു വ്യാഖ്യാനിച്ചാലും, രക്ഷകനെക്കുറിച്ചു് നേരിയ ആശതരുന്നുണ്ടീപ്രവചനം. ഈ അത്ഥത്തിൽ ഈ സന്ദേശത്തിൽനിന്നു കുറഞ്ഞതു് മൂന്നു കാര്യങ്ങൾ അനുമാനിക്കാം: 1) മനുഷ്യൻ നിരാശനാകേണ്ടതില്ല. 2) മനുഷ്യനെ സാത്താൻ വീണ്ടും വീണ്ടും പരീക്ഷിക്കും. 3) മനുഷ്യൻ ഉറച്ചുനിന്നാൽ അവനെ ദൈവത്തിൽനിന്നകററാൻ സാത്താനു കഴിവില്ല. ചോൾ ഹൈനിഷ് ഈ മൂന്നു അനുമാനങ്ങൾ എഴുതിയിട്ടു പറയുന്നു "പാപപ്പൊറുതിയെക്കുറിച്ചുള്ള പ്രഥമ സദ്വാത്തയാണിതു്. അതിനാൽ, മിശിഹായെക്കുറിച്ചുള്ള ആദ്യത്തെ പ്രവചനവുമിതുതന്നെ." (18) രക്ഷാകരകമ്മം വിവരിക്കുന്ന സുവിശേഷങ്ങളിലേക്കുള്ള ഒരു കൈചൂണ്ടിയെന്നു്—സൂചനാ സുവിശേഷമെന്നു്- ഈ പ്രവചനത്തെ വിളിക്കാം.

ഈ സൂചനം ക്രിസ്തുവിനുമുമ്പു് മനസ്സിലാക്കിയിരുന്നോ? മനസ്സിലാക്കിയതായി ചരിത്രരേഖകൾ വേണ്ടുവോളം തെളിവു തരുന്നുണ്ടു്. ജോനാത്തൻ ബെഉസിയേലിൻെറ താർഗും, ഓങ്കലോസ് (ONKELOS), ജറുസലേം താർഗും തുടങ്ങിയ സുപ്രസിദ്ധ പുരാതന യഹൂദസാഹിത്യഗ്രന്ഥങ്ങൾ ഈ വാക്യങ്ങൾ ക്രിസ്തുവിനെക്കുറിച്ചാണെന്നു്, അവിട്ടത്തെ ജനനത്തിനു് അനേകവഷം മുമ്പുതന്നെ, വ്യാഖ്യാനിക്കുന്നു. അതുകൊണ്ടു്, യഹൂദപാരമ്പര്യം എങ്ങനെയാണു് ഈ വാക്യങ്ങൾ ഗ്രഹിച്ചതെന്നു വ്യക്തമാണല്ലോ.

(18) Christ in Prophecy, P. 27

# കത്തോലിക്കരും കുടുംബസംവിധാനവും

വിവാഹത്തിന്റെ പ്രഥമലക്ഷ്യം പുത്രസമ്പാദനവും അവരുടെ നല്ല വളർത്തലുമാണ്. ഈ നല്ല വളർത്തൽ അപകടപ്പെട്ടുമെന്നു കാണുന്ന മാതാപിതാക്കൾക്ക് തങ്ങളുടെ സന്താന സമ്പാദനത്തിൽ ആശാസ്യമായ ഒരു സംവിധാനം നടത്താം. പ്രകൃതിവിരുദ്ധവും കൃത്രിമവുമായജനനനിയന്ത്രണത്തെ മാത്രമേ സഭ എതിർക്കുന്നുള്ളു.

Paul Louis Thodupuzha M. A , M. Sc.

"മൂരാച്ചി"യായ കത്തോലിക്കാസഭ കുടുംബസംവിധാനത്തിനു് വിലങ്ങുതടിയാണെന്നും, 'ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും, കടൽത്തീരത്തെ മണൽത്തരികൾ പോലെയും പെററു പെരുകുവാൻ ചാവ്ദോഷത്തിൻ കീഴും, മഹറോൻ ശിക്ഷയിൻ കീഴും' അവൾ കടപ്പെട്ടുത്തുന്നുവെന്നും ചില തല്പരകക്ഷികൾ ജല്പിക്കുന്നതു് വെറും അജ്ഞതകൊണ്ടുമാത്രമാണെന്നു തോന്നുന്നില്ല. സഭ എന്നും എതിർത്തിട്ടുള്ളതു് പ്രകൃതി വിരുദ്ധവും കൃത്രിമവുമായ കുടുംബസംവിധാനത്തെ മാത്രമാണു്, അതു ആചന്ദ്രതാരം അവൾ തുടർന്നുകൊണ്ടിരിക്കും. ഇക്കാര്യത്തിൽ വിട്ടുവീഴ്ചയുണ്ടാകുകയില്ല. എന്നാൽ അകൃത്രിമമായ, പ്രകൃതിക്കനുയോജ്യമായ കുടുംബസംവിധാനത്തെ (Family Planning) സഭ എതിർക്കുന്നുവെന്നുപറയുന്നതു് തെററിദ്ധരിപ്പിക്കലാണു്: വാസ്തവവിരുദ്ധവുമാണു്.

ഫ്രഞ്ചുകാരനായസുപ്രസിദ്ധ ഫാ. സ്റ്റാനിസലസ്സ് ലെസ്സപ്പി എസ്. ജെ. ഭാരതത്തിലെ മിക്ക നഗരങ്ങളിലും ചുററിനടന്നു് കുടുംബസംവിധാനത്തെപ്പററി പ്രസംഗപരമ്പരകളും സ്റ്റഡിക്ലാസ്സുകളും നടത്തിയതായി ഇതിനകം പലരുമറിഞ്ഞു കാണുമല്ലോ. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനപ്പെരുപ്പത്തെ കൃത്രിമവും പ്രകൃതി വിരുദ്ധവുമായ പലവിധ മാർഗ്ഗങ്ങളിലൂടെ ഭാരതം നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ആശാസ്യമായ ചില മാർഗ്ഗ

ങ്ങൾ നിർദ്ദേശിക്കുന്നതിലും ജനഹൃദയങ്ങളിൽ പരന്നിട്ടുള്ള തെററിദ്ധാരണകൾ നീക്കുന്നതിലും അദ്ദേഹത്തിൻെറ സേവനം വിജയം വരിച്ചിട്ടുണ്ട്. വളരെ കുറച്ചുപേർക്കുമാത്രമേ അദ്ദേഹത്തെ കാണുവാനും ശ്രവിക്കുവാനും കഴിഞ്ഞിട്ടുള്ളു. ഈ ലേഖനം ആ പോരായ്കയെ കുറെയെങ്കിലും പരിഹരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

സഭ എന്നും എതിർക്കുന്നതു് പ്രകൃതിവിരുദ്ധവും കൃത്രിമവുമായ ജനനനിയന്ത്രണത്തേയാണു്. എന്നാൽ ആത്മസംയമനം വഴിയായോ, മറു ആശാസ്യമായ മാർഗ്ഗങ്ങളിലൂടെയൊ ഉള്ള കുടുംബസംവിധാനത്തിനു അവൾ വിലങ്ങുതടിയായി ഒരു നാളും നിന്നിട്ടില്ല. മാതാപിതാക്കന്മാർ അവരാൽ പാടുള്ളിടത്തോളം കുട്ടികളെ ജനിപ്പിക്കണമെന്നുള്ള തത്വവും അവളുടെ പഠന സമുച്ചയത്തിൽപ്പെട്ടതല്ല. പാവനമായ വിവാഹത്തിൻെറ പ്രഥമ ലക്ഷ്യമായി അവൾ ചൂണ്ടിക്കാണിക്കുന്നതു് പുത്രസമ്പാദനവും അവരുടെ നല്ല വളർത്തലുമാണു് (PROCREATION and EDUCATION). തങ്ങൾക്കു് ദൈവം നല്കുന്ന കുട്ടികളുടെ നല്ലവളർത്തൽ അപകടത്തിലാകും, അഥവാ തങ്ങളുടെ പരിമിതമായ കഴിവുകൾക്കു് ഒരു പേറാഭാരമാകും എന്നു കാണുന്ന മാതാപിതാക്കൾക്കു് തങ്ങളുടെ സന്താനസമ്പാദനത്തിൽ ആശാസ്യമായ ഒരു സംവിധാനം നടത്തുവാൻ പാടുണ്ടു്; കടമയുമുണ്ടു് (Refr. The Rhythm way to Family Happiness. by J. P. Murphy M. D. and John D Laux M. E.) എന്നു തന്നെയുമല്ല, മറിച്ചു്, യാതൊരുവിധ സംയമനവുംകൂടാതെ മാനുഷികവികാരങ്ങളുടെ സംതൃപ്തിയും തൽഫലമായുള്ള സന്താനോല്പാദനവും മാത്രം മുൻനിറുത്തി വിവാഹബന്ധത്തെ കൈകാര്യം ചെയ്യുന്നവർ ദൈവത്തിൻെറ മുമ്പിലും സമുദായത്തിൻെറ മുമ്പിലും ഒരുപോലെ തെററുകാരുമായിരിക്കും. ഫാ. ലെസ്റ്റപ്പിയുടെ നോട്ടത്തിൽ നമ്മുടെ നാട്ടിൽ ആറു കുട്ടികളിലധികമായാൽ അതു എല്ലാംകൊണ്ടും ഒരു പേറാഭാരമാണു്.

കുടുംബസംവിധാനത്തിൽ പ്രകൃതിതന്നെകുറെയൊക്കെ ക്രമീകരണങ്ങൾനടത്തിയിട്ടുണ്ടു് എന്നു കാണുവാൻ വിഷമമില്ല. ചില വയ; പരിധിക്കുള്ളിൽ, അതിൽത്തന്നെയും ചില അവസരങ്ങളിൽ മാത്രം സന്താനസമ്പാദനം സാദ്ധ്യമാകത്തക്കവിധത്തിലാണു് പ്രകൃതിയുടെ ക്രമീകരണം. അതിനാൽ ഒരുവിധ സംവിധാനവും കൂടാ

തെ പാടാകുന്നിടത്തോളം കുട്ടികളെ ജനിപ്പിക്കുവാൻ മതാപിതാക്കന്മാർ കടപ്പെട്ടുന്നുവെന്നു വിചാരിക്കുന്നതും അപ്രകാരം സഭ പഠിപ്പിക്കുന്നുവെന്നുപറയുന്നതും പരമാബദ്ധവും ദുരുദ്ദേശപരവുമാണു്.

ഇനി, കൃത്രിമമായ ജനനനിയന്ത്രണം എന്താണെന്നും ആശാസ്യമായ കുടുംബസംവിധാനം എങ്ങനെ നടത്താമെന്നും അതിനു് ഉപോൽബലകമായ ശാസ്ത്രീയതത്വങ്ങൾ എന്തെന്നും നമുക്കുകാണാം. ഭ്രൂണശാസ്ത്രം (Embryology) ഇതിനു മാർഗ്ഗനിർദ്ദേശം നല്കുന്നുണ്ടു്. ഒരു ശിശു മാതാവിന്റെ ഉദരത്തിൽ രൂപം കൊള്ളുന്നതിനു മാതാവിന്റെയും പിതാവിന്റെയും സഹകരണം ആവശ്യമാണെന്നും അവരുടെ സംയോഗഫലമായിട്ടാണു് കുട്ടികൾ ജനിക്കുന്നതെന്നു മേവക്കമറിയാം. പിതാവു് നല്കുന്ന ഓഹരിക്കു് ബീജമെന്നും (Sperm) മാതാവിന്റേതിനു് അണ്ഡം (ovum) എന്നും പറയുന്നു. ഒരു അണ്ഡവും ഒരു ബീജവും തമ്മിൽ സംയോജനം നടന്നാൽ (Fertilization) മാത്രമെ ഒരു ശിശു ഉടലെടുക്കുകയുള്ളു. അണ്ഡവും ബീജവും സൂക്ഷ്മനിരീക്ഷിതങ്ങളാണു്.

സാധാരണയായി ഒന്നും ചിലരിൽ ചിലപ്പോൾ ഒന്നിലധികവും അണ്ഡങ്ങൾ ഒരേസമയം പൂർണ്ണവളർച്ച പ്രാപിക്കുന്നു. ഇപ്രകാരം അണ്ഡങ്ങൾ പൂർണ്ണവളർച്ചയിലെത്തുന്ന അവസ്ഥക്കു് 'അണ്ഡപരിപുഷ്ടി' (ovulation) എന്നു പറയുന്നു. പൂർണ്ണവളർച്ച പ്രാപിച്ചിട്ടു് 12—മണിക്കൂറിനകം ബീജവുമായ സംയോജിച്ചില്ലെങ്കിൽ ഈ അണ്ഡങ്ങൾ നിർജ്ജീവമാകുന്നു. (Refr (1) Nelson O. E. Embryology (2) The Rhythm way to Family Happiness. ഒരേ സമയം പൂർണ്ണവളർച്ചയിലെത്തുന്ന അണ്ഡങ്ങളുടെ എണ്ണമനുസരിച്ചായിരിക്കും ഒരു പ്രസവത്തിലെ കുട്ടികളുടെ എണ്ണവും. സദൃശരായ ഇരട്ടകളുടെ (Identical twins) കാര്യം ഇതിനു ഒരപവാദമാണു്. അവർ ഒരു അണ്ഡത്തിൽ നിന്നും രൂപം കൊള്ളുന്നതിനാലാണു് ജന്മംകൊടുത്ത മാതാപിതാക്കന്മാർക്കുപോലും തിരിച്ചറിയുവാൻ വിഷമമാകത്തക്കവിധം സദൃശരാകുന്നതു്. സാമാന്യമായി യൗവനം മുതൽ കൂടിയതു് 50-വയസ്സുവരെ മാത്രമെ പുത്രസമ്പാദനത്തിനു ഒരു മാതാവു് പ്രാപ്തയായിരിക്കയുള്ളു. എന്നാൽ വന്ദ്യവാദ്ധക്യത്തിലും പിതാവിന്റെ കഴിവുകൾ നീണ്ടുനില്ക്കും. പിതാവിൽ നിന്നു ലഭിക്കുന്ന ബീജ

വും ഒരു സമയപരിധിവരെ മാത്രമെ ക്രിയാത്മകമായിരിക്കുകയുള്ളൂ. സാധാരണയായി 24–മുതൽ 48 മണിക്കൂറുകളും ചില പ്പോൾ നാലഞ്ചുദിവസംവരേയും ജീവിച്ചെന്നും വരും.

കൃത്രിമ ജനനനിയന്ത്രണം:— സാധാരണരീതിയിൽ വിവാഹ പ്രക്രിയയിൽ (Matrimonial act) അണ്ഡവും ബീജവും തമ്മിൽ സംയോജനം നടക്കുന്നു. എന്നാൽ ഏതെങ്കിലും കൃത്രിമമായ മാർഗ്ഗങ്ങളിലൂടെ (CLINICAL METHODS, ONANISM Etc ) ഈ സംയോജനം തടയുകയാണെങ്കിൽ അതു പ്രകൃതിവിരുദ്ധമാകും; അനാശാസ്യമാകും; അതു് പ്രകൃതിനാഥൻ നല്കിയിരിക്കുന്ന വ്യവസ്ഥിതിയുടെ ഒരു തകിടം മറിക്കലാണു്: തീർച്ച. ജനനപ്രക്രിയ നടത്തുകയും അതേ സമയം അവശ്യം അനുഗമിക്കേണ്ട അണ്ഡ-ബീജ സംയോജനവും സന്താനസമ്പാദനവും മനഃപൂർവ്വം തടയുകയും ചെയ്യുന്നുവെന്നുള്ളതാണു് കൃത്രിമജനനനിയന്ത്രണത്തിൽ നിഷേധ്യമായിട്ടുള്ളതു്.

ആശാസ്യമായ കുടുംബസംവിധാനം:— ന്യായമായ മാർഗ്ഗങ്ങളിലൂടെയാണെങ്കിൽ കുടുംബസംവിധാനം ആശാസ്യമാണെന്നു് നാം കണ്ടു. ഏററവും സ്തുത്യർഹമായ മാർഗ്ഗം ആത്മസംയമനം തന്നെയാണു്. പക്ഷേ എല്ലാവരും അതിനു പ്രാപ്തരാകുമെന്നു് പ്രതീക്ഷിക്കവയ്യ. അനുവദനീയമായ മറെറാരു മാർഗ്ഗം 'സുരക്ഷിതകാലത്തിൻെറ (SAFETY or sterrile period) വിനിയോഗമാണു. പ്രകൃതി തന്നെ ഏർപ്പെടുത്തിയിട്ടുള്ള ഈ സുരക്ഷിതകാലം എന്താണെന്നു നോക്കാം. ഭ്രൂണശാസ്ത്രത്തിൻെറ വെളിച്ചത്തിൽ അണ്ഡം, ബീജത്തെ സ്വീകരിക്കാൻ പ്രാപ്തമാകുന്ന ദിവസങ്ങൾ കണക്കാക്കുവാൻ സാധിക്കും. ഈ ദിവസങ്ങളൊഴിച്ചു് മററുള്ള അവസരങ്ങളിൽ സംയോഗം നടന്നാലും സന്താനോല്പാദനം ഉണ്ടാകുകയില്ല: സുരക്ഷിതകാലമാണു് (safety period). ഇനി സുരക്ഷിതകാലമെന്നു തുടങ്ങും എന്നവസാനിക്കുമെന്നു കാണേണ്ടിയിരിക്കുന്നു. ഒന്നിലധികം മാർഗ്ഗങ്ങൾ ശാസ്ത്രജ്ഞന്മാർ കൈക്കൊള്ളുന്നുണ്ടു്, ഇക്കാര്യത്തിലേയ്ക്കായി.

'റിഥം' സമ്പ്രദായം (RHYTHM METHOD) ഒജിനോ(OGINO) ക്നാസ് (KNAUS) എന്നീ ഡാക്ടർമാരാണു് ഇതിൻെറ ഉപജ്ഞാതാക്കൾ. സ്ത്രീകളിൽ ഉണ്ടാകുന്ന ആർത്തവത്തെ (ഋതു, മാസമുറ—

(MENSTRUATION) ആസ്പദമാക്കിയാണ് ഈ രീതി രൂപംകൊണ്ടിട്ടുള്ളത്. കുരങ്ങുകളിലും മനുഷ്യരിലും മാത്രമേ ആർത്തവമുള്ളൂ. കുരങ്ങുകളിൽ നടത്തിയ ചില പരീക്ഷണങ്ങൾ അതേ പടി മനുഷ്യരിൽ പ്രയോഗിച്ചതിൽ ചില പിശകുകൾക്കും കാരണമായി. സാധാരണഗതിയിൽ 28-ാം ദിവസം തോറും ആർത്തവചക്രം ആവർത്തിക്കുന്നു. (Regular menstruation cycle) എന്നാൽ ചിലരിൽ അല്പസ്വല്പ വ്യതിയാനങ്ങൾ കാണാറുണ്ട് അതായത് ആർത്തവചക്രം ക്രമരഹിതമായി സംഭവിക്കുന്നു, ഉദാ: ചിലപ്പോൾ 22. മററു ചിലപ്പോൾ33 ദിവസം (Irregular menstruation) ജൂലൈ 1 നം ജൂലൈ 31 നം ആർത്തവമുള്ളവരുടെ ആർത്തവചക്രം 30 ദിവസമാണല്ലോ.

സുരക്ഷിതകാലം:- ആർത്തവനാളിന്റെ മുമ്പുള്ള 11-ദിവസം എല്ലാവർക്കും സുരക്ഷിതകാലമാണ്. സാധാരണയായി ആർത്തവചക്രം 28-ദിവസമായിട്ടുള്ളവക്ക ഗർഭധാരണത്തിനു പ്രാപ്തമായ നാളുകൾ(BabyDays) ആർത്തവനാളിനു മുമ്പുള്ള 19-ാമത്തേയും 10-ാമത്തേയും ദിവസങ്ങൾക്കിടയിലാണ്. അതായത് ഇരു ആർത്തവനാളുകളുടേയും മദ്ധ്യത്തിലുള്ള പത്തു ദിവസങ്ങൾ. ഉദാഹരണമായിAയുടെ ആർത്തവചക്രം 28-ദിവസമാണെന്നിരിക്കട്ടെ. അതായത് ഇരു ആർത്തവനാളുകൾ ജൂലൈ 31-ം ആഗസ്റ്റ് 28-ം. Aയുടെ സുരക്ഷിതമല്ലാത്ത കാലം (സന്താനസമ്പാദനത്തിനു പ്രാപ്തമായ നാളുകൾ Baby Days) ആഗസ്റ്റ് 9 മുതൽ 18 വരെയുള്ള ദിവസങ്ങളാണ്. മററു ദിവസങ്ങൾ സുരക്ഷിതകാലമാണ്. ആർത്തവചക്രം ക്രമരഹിതമായിട്ടുള്ളവർക്ക അതായത് ചിലപ്പോൾ 27-ചിലപ്പോൾ 31 എന്നിങ്ങനെ മാറിമാറിവരുന്നവക്ക സുരക്ഷിതകാലവും അതനുസരിച്ച് മാറിമാറിവരും. ഇക്കൂട്ടർ വിശ്വസ്തരായ വല്ല ഡാക്ടർമാരോടും ആലോചിക്കുന്നതായിരിക്കും ഉത്തമം. ഇവക്കും അവരുടെ ആർത്തവചക്രത്തിലെ ഏററവും കുറഞ്ഞ (shortest cycle) ചക്രത്തിലെ അവസാന 11 ദിവസം സുരക്ഷിതകാലം തന്നെയാണ് സുരക്ഷിതകാലം കണക്കാക്കുമ്പോൾ അല്പം കുറച്ചു കരുതുകയാണ് കൂടുതൽ സുരക്ഷിതമെന്നു പറയേണ്ടതില്ലല്ലോ. (Refr· Rhythm way to Happiness)

2. 'ടെംപറേച്ചർ' സമ്പ്രദായം (TEMPERATURE METHOD)

റിഥം സമ്പ്രദായപ്രകാരമുള്ള അസമ്പൃഷ്ട കാലനിർണ്ണയം

(Sterrile period) ചിലരുടെ കാര്യത്തിൽ മുഴുവനും വിജയപ്രദമാകാത്തതിനാൽ കൂടുതൽ ശാസ്ത്രീയമായി, കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടിവന്നു. അതിനു മുൻകൈ എടുത്തു പ്രവർത്തിച്ചതു് ഡാക്ടർ പെൻഡൽടൺ ടോംപ്കിൻസ് (PENDLETON TOMPKINS) ആണു്. (1944) ഇന്നു ഏററവും വിശ്വസനീയമായി കരുതിവരുന്നതു് ഈ സമ്പ്രദായമാണു്. ഇതു വഴിയായി അണ്ഡപരിപുഷ്ടി (Ovulation) എന്നാണെന്നു്, അതായതു് അണ്ഡം പൂർണ്ണവളർച്ചയായി ബീജസങ്കലനത്തിനു പ്രാപ്തമാകുന്ന ദിവസം എന്നാണെന്നു് കൃത്യമായി കണക്കാക്കുവാൻ കഴിയുന്നു. അതറിഞ്ഞു കഴിഞ്ഞാൽ സുരക്ഷിതകാലം എളുപ്പമായും കൃത്യമായും കണക്കാക്കുവാൻ വിഷമമില്ല. ബീജത്തിന്റെ പ്രവർത്തനോന്മുഖമായ ദിവസങ്ങൾ, കൂടിയതു് 5-ആണെന്നും അണ്ഡം 12-മണിക്കൂറിൽ കൂടുതൽ ജീവിക്കുകയില്ലെന്നും നാം കണ്ടുകഴിഞ്ഞു. അങ്ങനെ നോക്കുമ്പോൾ, 'അണ്ഡപരിപുഷ്ടി' ദിനമുൾപ്പടെ അതിനു് തലേ 5-6 ദിവസങ്ങൾ (Baby Days) ഒഴിച്ചുള്ള ദിവസങ്ങൾ സുരക്ഷിത കാലമാണു്.

അണ്ഡപരിപുഷ്ടി ദിനം നിർണ്ണയിക്കുന്ന വിധം:— ഇതിനു് ആർത്തവനാൾ കഴിഞ്ഞുവരുന്ന ദിവസം മുതൽ ദേഹത്തെ ചൂടു് (Temperature) പനി അളക്കുന്ന വിധത്തിൽ 'തെർമോമീററർ' (Thermometer) ഉപയോഗിച്ചു് രേഖപ്പെടുത്തുന്നു. ചൂടു അളക്കുന്നതു് എന്നും ഒരേസമയത്തും ശരീരം അദ്ധ്വാനവിമുക്തവുമായിരിക്കുന്ന അവസരത്തിലുമായിരിക്കണം. ആദ്യത്തിൽ കുറച്ചു ദിവസങ്ങളിൽ ദേഹത്തിലെ ചൂടു് ഏതാണ്ടു് ഒന്നുതന്നെയായിരിക്കും. ഒരു ദിവസം ചൂടു പെട്ടെന്നു അല്പം കുറയുകയും അതിനെത്തുടർന്നുള്ള ദിവസങ്ങളിൽ ആരംഭത്തിലേക്കാൾ ചൂടു ഉയരുകയും പിന്നീടു അടുത്ത ആർത്തവനാൾവരെ അതേപടി തുടരുന്നതായും കാണുവാൻ കഴിയും. എന്നു ചൂടു പെട്ടെന്നു താഴ്ന്നിട്ടു് ഉയരുന്നുവോ അന്നായിരിക്കും അണ്ഡപരിപുഷ്ടി.

ചില ബാഹ്യലക്ഷണങ്ങൾ:— ഏതാണ്ടു് ആർത്തവനാളുകളുടെ മദ്ധ്യത്തിലായി അണ്ഡപരിപുഷ്ടിയും കീഴ്‌വയറിൽ (Abdomen) ഓരോ മാസവും ഒന്നിടവിട്ടു് ഇടതുവശത്തും വലതുവശത്തുമായി മാറിമാറി നേരിയ വേദനയും അനുഭവപ്പെടും (Abdominal pain). അന്നു നേരിയ തോതിലുള്ള രക്തസ്രാവവും (Bleeding) ശ്ലേഷ്മ സ്രാവവും (Mucous) ഉണ്ടാകും. ഈ

ബാഹ്യലക്ഷണങ്ങൾ കൃത്യമായി മനസ്സിലാക്കുവാൻ സാധിക്കുന്നവർക്കു എല്ലാ മാസങ്ങളിലും ചൂട്ട അളന്നു ബുദ്ധിമുട്ടേണ്ടിവരികയില്ല, തങ്ങളുടെ അണ്ഡപുരിപുഷ്ടിയുടെ ദിവസമറിയുവാൻ.

സുരക്ഷിത കാലത്തിന്റെ വെളിച്ചത്തിൽ നടത്തുന്ന ഈത്തരം കുടുംബ സംവിധാനം കൃത്രിമമല്ലേ? അല്ല. കാരണം ബീജവും അണ്ഡവും തമ്മിൽ സംയോജനം നടക്കാതെയിരിക്കാനും കുട്ടികൾ ഉണ്ടാകാതെയിരിക്കാനും യാതൊരുവിധ കൃത്രിമ മാർഗ്ഗങ്ങളും ഈവിധ കുടുംബസംവിധാനത്തിൽ ഉപയോഗിക്കുന്നില്ല. പ്രകൃതിവിരുദ്ധവുമായി ഒന്നും ഇവിടെ ഇല്ല. പ്രകൃതിയുടെ നിയമങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നുവെന്നുമാത്രം. കൂടാതെ കുറെയേറെ ആത്മസംയമനവും നടത്തണം. എന്നാൽ ഒരു കാര്യം നിഷിദ്ധമാണ്. സുരക്ഷിതകാലം യാതൊരു വിധ ആത്മസംയമനവും കൂടാതെ ദുരാശാപൂരണത്തിനായി അതിനെപ്രതി മാത്രം തീറെഴുതുക; ഇതു പാപകരമാണ്. കൂടാതെ മാതാപിതാക്കൾ ഇരുവരും പൂർണ്ണസമ്മതത്തോടും തക്ക ആവശ്യമുണ്ടെന്നു കണ്ടിട്ടും ആയിരിക്കണം ആശാസ്യമായ ഈ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതു്.

വസ്തുതകൾ ഇങ്ങിനെയിരിക്കെ, സഭ മനുഷ്യസ്വാതന്ത്ര്യത്തെ വരിഞ്ഞുകെട്ടുന്നുവെന്നും പാടാകുന്നിടത്തോളം പെറ്റു പെരുകുവാൻ മഹാറോൻ ശിക്ഷയിൻ കീഴ് കടപ്പെടുത്തുന്നുവെന്നും പറയുന്നതും മുഴുവനും അജ്ഞതകൊണ്ടു മാത്രമായിരിക്കുമോ?

ആശാസ്യമായ കുടുംബസംവിധാനത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹമുള്ളവർക്കു താഴെപ്പറയുന്ന പുസ്തകങ്ങൾ ഉപകാരപ്രദമാകും.

1. The Rhythm Way to Happiness
—J. P. Murphy M. D. and John D. Laux M.E.
2. A Guide to Catholic Marriage
—C. S. Milhanovich Ph. D. etc. Milwankee Wis.
3. Catholic Marriage Manual
—Rev. George Kelly. Newyork

# തിരുസിംഹാസനത്തിൽ നിന്നു്

വത്തിക്കാൻ സൂനഹദോസ് അഭംഗുരം തുടരും. ക്രൈസ്തവൈക്യസംരംഭങ്ങളും തുടൎന്നുപോകും. പൊതുനന്മയെ ലക്ഷ്യമാക്കി മുന്നേറുന്ന ഭരണസംവിധാനമെന്ന നിലയിലാണു് സഭ ജനാധിപത്യത്തെ അംഗീകരിക്കുന്നതു്.

ജോൺ അറയ്ക്കൽ

## പോൾ മാപ്പാപ്പായുടെ പ്രഥമ സന്ദേശം

1963 ജൂൺ 21—ാംതീയതി കോൺക്ലേവിന്റെ രണ്ടാം ദിവസം കർദ്ദിനാൾ ജിയോവാന്നി ബത്തീസ്ത മൊന്തീനി മാപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു. പിറേറന്നു് സിസ്റ്റൈൻ ചാപ്പലിൽവച്ചു് അവിടെ സന്നിഹിതരായിരുന്ന 69 കർദ്ദിനാളന്മാരോടു പറഞ്ഞവാക്കുകളാണു് പുതിയ മാപ്പാപ്പാ ലോകത്തിനു നല്കിയ പ്രഥമ സന്ദേശം (1). കർത്താവിന്റെ അജഗണത്തെ നയിക്കുക പൈതൃകസ്നേഹവും എല്ലാവരുടേയും രക്ഷയിലുള്ള ഉൽക്കണ്ഠയും നിറഞ്ഞ ഒരു കർത്തവ്യമാണു്. എങ്കിലും സർവ്വശക്തനിൽ സമസ്ത പ്രത്യാശയുമർപ്പിച്ചുകൊണ്ടു് അവിടത്തെ അഭീഷ്ടം താൻ സ്വീകരിക്കുകയാണെന്നു മാർപ്പാപ്പാ തിരുമേനി വ്യക്തമാക്കി. പരിശുദ്ധവും മഹനീയവുമായ ആത്മീയ പാരമ്പര്യം നല്കി കടന്നുപോയ മുൻഗാമികളെ അവിടന്നു് അനുസ്മരിച്ചു—പ്രത്യേകിച്ചും ചുരുങ്ങിയ കാലംകൊണ്ടു സർവ്വലോകത്തിന്റേയും സ്നേഹാദരങ്ങൾ സമാർജ്ജിച്ച ജോൺ 23-ാമനെ. ഇടയനടുത്ത സ്നേഹവും എല്ലാവരോടുമുള്ള സന്മനോഭാവവും, ഇവയെ നിറംപിടിപ്പിച്ച അന്യാദൃശമായ മാനുഷിക ഗുണങ്ങളുംവഴി അകന്നുനിന്നവരുടെപോലും ഹൃദയങ്ങൾ കവർന്നെടുക്കാൻ ജോൺ മാപ്പാപ്പായ്ക്കു കഴിഞ്ഞു.

വത്തിക്കാൻ സൂനഹദോസ് തുടരുകയാണു് തന്റെ പ്രധാന ജോലിയെന്നു് പോൾ മാപ്പാപ്പാ വെളിവാക്കി. നൈസർഗ്ഗികമായ പ്രാഭവവും, യുവത്വം നിറഞ്ഞുതുളുമ്പുന്ന ചൈതന്യവും ഭരണപരമായ നവീകരണവും സാർവ്വത്രികതയുംവഴി സഭ എല്ലാവരേയും തന്നിലേക്കാകർഷിക്കണം. സുവിശേഷത്തിലാണു് മനുഷ്യരാശി പ്രതീക്ഷിക്കുന്നതും സ്വാഗതം ചെയ്യുന്നതുമായ രക്ഷ

(1) La Documentation Catholique, 7 juillet 1963, col. 833-839

യെന്നു് ഉച്ചൈസ്തരം പ്രഘോഷിക്കുന്നതാവും തന്റെ ഭരണലക്ഷ്യം. സഭാനിയമങ്ങൾ (Canon Law) പുതുക്കുന്നതും, ദേശീയവും സാമൂഹ്യവും സാർവ്വദേശീയവുമായ നീതിക്കുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുന്നതും ഈ വെളിച്ചത്തിലാണു കാണേണ്ടതു്. മുൻഗാമികളുടെ സാമൂഹ്യ ചാക്രികലേഖനങ്ങളുടെ വെളിച്ചത്തിൽ, സത്യത്തിലും നീതിയിലും ഓരോരുത്തരും തങ്ങളുടേയും മററുള്ളവരുടെയും കടമകളും അവകാശങ്ങളും സമാദരിച്ചുകൊണ്ടുമാണു് ഈ നീതി കൈവരുത്തേണ്ടതു്. സഹോദരസ്നേഹവും അതിനടിസ്ഥാനമായ ദൈവസ്നേഹവും, സാമൂഹ്യപ്രശ്നങ്ങൾ കൂട്ടുതൽ നീതിപൂർവ്വകമായി പരിഹരിക്കുന്നതിനു് എല്ലാമനുഷ്യരോടും ആവശ്യപ്പെടുകയാണു്. അല്പവികസിതരാജ്യങ്ങൾക്കു് അനുഭാവപൂർവ്വകമായ പരിഗണന ലഭിക്കേണ്ടിയിരിക്കുന്നു. മനുഷ്യവ്യക്തികൾക്കു ചേർന്നതല്ല അവിടങ്ങളിലെ ജീവിത നിലവാരം. പരസ്പരം മത്സരിക്കേണ്ടവരല്ല, സഹോദരന്മാരാണു തങ്ങളെന്നു് മനുഷ്യർ മനസ്സിലാക്കുമെങ്കിൽ, ദൈവഭയത്തിലും ദൈവനിയമങ്ങളാദരിച്ചും സ്നേഹത്തിൻേറയും പരസ്പരസഹകരണത്തിൻേറയും വെളിച്ചത്തിൽ ലോകക്രമം കെട്ടിപ്പടുക്കുന്നതിനു് മനുഷ്യർ പഠിക്കുമെങ്കിൽ, ബഹിരാകാശവിജയങ്ങൾ തുറന്നുതരുന്ന നവയുഗത്തെ ദൈവം അനുഗ്രഹിക്കാതിരിക്കുകയില്ല.

രാഷ്ട്രങ്ങളുടെയിടയിൽ സമാധാനം പുലത്തുന്നതിനു് കഴിവുള്ള എല്ലാ ശ്രമങ്ങളും ചെയ്യുമെന്നു് പരിശുദ്ധ പിതാവു പറഞ്ഞു. സമരങ്ങളുടേയും സൈന്യസജ്ജീകരണങ്ങളുടേയും അഭാവമല്ല, ദൈവമാശിക്കുന്ന ക്രമത്തിന്റെ പ്രതിഫലനമായ സമാധാനമാണു വേണ്ടതു്. പരസ്പരധാരണയുടേതും സാഹോദര്യത്തിൻേറതുമായ സന്മനസ്സ്, പരീക്ഷണഘട്ടങ്ങളിലെല്ലാം പ്രകടമാകുന്ന സന്മനോഭാവം, മനുഷ്യരാശിയുടെ യഥാർത്ഥനന്മയാൽ പ്രചോദിതമായ, സ്നേഹസമന്വിതമായ ഐക്യാഭിലാഷം— അതാണു നമുക്കാവശ്യം. മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനും ദൈവദത്തമായ അവകാശങ്ങളുടെ സമാധാനപൂർവ്വകമായ വളർച്ചയെ സഹായിക്കുന്നതിനും, അങ്ങനെ ആത്മീയവും മതപരവുമായ ജീവിതം സുകരമാക്കുന്നതിനും സർവ്വാത്മനാ ശ്രമിക്കാൻ മാർപ്പാപ്പാ ആഹ്വാനംചെയ്തു. സമാധാനം പുലത്തുന്നതിനു നടക്കുന്ന ശ്രമങ്ങളിൽ അവിടുന്നു സംതൃപ്തി രേഖപ്പെടുത്തി. സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും.

ജോൺമാർപ്പാപ്പായുടെ ക്രൈസ്തവൈക്യസംരംഭം തുടർന്നുപോകുമെന്നു് പരിശുദ്ധപിതാവു് ഉറപ്പു നല്കി. ഐക്യം പുനഃസ്ഥാ

പിക്കാനുള്ള അഭിലാഷം തൻെറ ഹൃദയത്തിൽ മാററൊലി ക്കൊള്ളുകയാണ്; തീവ്രമായ അഭിവാഞ്ഛയുടേതും പ്രാർത്ഥനയുടേതുമായ മാററൊലി. "ശീമോൻ, ശീമോൻ, ........നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കാനും നീ പിന്തിരിഞ്ഞു് നിൻെറ സഹോദരന്മാരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്താനും നിനക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചു" (ലൂക്ക, 22, 31—32) എന്ന ക്രിസ്തുവിൻെറ വാക്കുകളാണു് അവിടത്തേക്കു പ്രചോദനമരുളുക. "ക്രിസ്തുവിൻെറ നാമത്തിൽ അഭിമാനംകൊള്ളുന്ന എല്ലാവരുടേയും നേരെ നാം കൈകൾ നീട്ടുന്നു. സഹോദരന്മാരെന്ന മധുരനാമത്തിൽ നാമവരെ വിളിക്കുന്നു. നമ്മുടെ പക്കൽ സ്ഥായിയായ ധാരണയും സന്മനോഭാവവും കണ്ടെത്താമെന്നും, തങ്ങളുടെ ചരിത്രത്തിൻെറ സമ്പത്തുകളേയും സാംസ്കാരികപൈതൃകത്തേയും ആത്മീയമായ പാരമ്പര്യസ്വത്തിനേയും വിലമതിക്കുകയും നവശോഭകൊണ്ടു് ഉയർത്തുകയും ചെയ്യുന്ന റോമാസഭ പിതൃഭവനമായി അവർക്കനുഭവപ്പെട്ടമെന്നും അവർ മനസ്സിലാക്കട്ടെ," തിരുമേനി തുടർന്നു പറഞ്ഞു. ഭാരമേറിയ കൃത്യനിർവ്വഹണത്തിനു് വിശ്വാസികളുടെ പ്രാർത്ഥനാസഹായം അവിടന്നു് അഭ്യർത്ഥിച്ചു. കർദ്ദിനാളന്മാർ, മെത്രാന്മാർ തുടങ്ങി എല്ലാ വിശ്വാസികൾക്കും അഭിവാദനങ്ങളും സഭയ്ക്കും മനുഷ്യരാശിക്കു മുഴുവനും പൈതൃകാശീർവ്വാദവും നല്കിക്കൊണ്ടു് പരിശുദ്ധ പിതാവു് പ്രഭാഷണം സമാപിച്ചു.

## സ്ഥാനമേറെറടുത്തപ്പോൾ

പോൾ ആറാമൻ തിരുമേനി കഴിഞ്ഞ ജൂലൈ 30-നു് കിരീടധാരണവേളയിൽ ചെയ്ത പ്രസംഗത്തിൽ 9 ഭാഷകൾ ഉപയോഗിക്കുകയുണ്ടായി (2). ലത്തീനിലാണു് തിരുമേനി തുടങ്ങിയതു്. നിഗൂഢമായ ദൈവനിശ്ചയം അതിവിപുലവും അമൂല്യവുമായ ഒരു ഭാരമാണു് തന്നെ ഏല്പിച്ചിരിക്കുന്നതു്—വലിപ്പത്തിലും വിശുദ്ധിയിലും നിസ്തുലയായ കത്തോലിക്കാസഭ, ക്രിസ്തുവാണു് അവളുടെ സ്ഥാപകൻ. അവളെ വീണ്ടെടുത്തതു് അവിടത്തെ തിരുരക്തവും. അവിടത്തെ കളങ്കമററ, സ്നേഹഭാജനമായ മണവാട്ടിയാണു സഭ. ക്രിസ്തുവിനെ പിന്തുടരുന്ന ജനസമൂഹങ്ങളെ തീററിപ്പോററുന്ന മാതാവും എല്ലാ ജനതകളുടേയും പ്രകാശവും പ്രത്യാശയും അവളാണു്. വലിയകാര്യങ്ങൾക്കു് ബലഹീനമായ ഉപകരണങ്ങളെ തെരഞ്ഞെടുക്കുന്ന ദൈവം ഭാരമേറിയ തൻെറ കടമകൾ നിർവ്വഹിക്കാൻവേണ്ട അനുഗ്രഹങ്ങൾ നല്കാതിരിക്കുകയില്ല. പരിശുദ്ധ മാതാവി

(2) Ibid, 21 juillet 1963, col, 929-936

ൻേറയും പ്രഥമ പാപ്പായായ വി. പത്രോസിൻേറയും നാമകാരണനായ വി. പൗലോസിൻേറയും മദ്ധ്യസ്ഥസഹായം അവിടന്ന് അഭ്യർത്ഥിച്ചു. ക്രിസ്തുവിൻെറ സുവിശേഷം എല്ലാ ജനതകളിലുമെത്തിക്കാൻ പണിയെടുത്ത, ക്രിസ്തുവിനുവേണ്ടി ജീവൻ ബലികഴിച്ച പൗലോസായിരിക്കും അവിടത്തെ മാതൃകയും സംരക്ഷകനും. പിന്നീട്ട് പ്രഭാഷണം തുടന്നതു് ഇററാലിയനിലാണു്.

അപ്പസ്തോലികമായ ഒരർത്ഥംകൂടിയുണ്ടു് കിരീടധാരണ ചടങ്ങുകൾക്കു്. സ്ഥാനാരോഹണത്തോടെ തിരുസ്സഭയിലും ലോകത്തിലും കൈവന്നിരിക്കുന്ന സ്ഥാനൗന്നത്യത്തെപ്പററി താൻ ബോധവാനാണെന്നു് പരിശുദ്ധ പിതാവു പറഞ്ഞു. "ലോകത്തിനും മാലാഖാമാക്കും മനുഷ്യക്കും പ്രദശനവസ്തുക്കളായി തീന്നിരിക്കുകയാണു് ഞങ്ങൾ" (1 കൊറി. 4, 9) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ അവിടന്നു് അനുസ്മരിച്ചു. ഏകവും വിശുദ്ധവും സാവ്വത്രികവും ശ്ലൈഹികവുമായ സഭയുടെ മുഴവനും സാന്നിദ്ധ്യത്തിലാണു് സ്വഗ്ഗത്തിൻെറ താക്കോലുകൾ താൻ സ്വീകരിക്കുന്നതു്. ഗലീലയിലെ മീൻപിടുത്തക്കാരനു നല്കിയ രക്ഷാകരവും രഹസ്യപൂണ്ണവുമായ കടമകളും ഉത്തരവാദിത്വങ്ങളും ഈ ചടങ്ങുകളിലൂടെ ലഭിക്കുകയാണു്. സാർവ്വത്രിക സഭയുടെ അദ്ധ്യാപകനും ഇടയനുമെന്നനിലയിൽ തിരുസഭയിലെ സവ്വോന്നതസ്ഥാനത്തേക്കുയത്തപ്പെട്ടന്ന മാപ്പാപ്പായുടെ ജോലി ഏററം വിനീതവുമാണു്. ദൈവത്തിൻെറ ദാസന്മാരുടെ ദാസനാണു് അവിടന്നു്. അധികാരവും ഉത്തരവാദിത്വവും, വലിപ്പവും ചെറുപ്പവും, ശക്തിയും സ്നേഹവും അത്ഭുതകരമാംവിധം മേളിക്കുന്നു! "നിങ്ങളിൽ ഏററവും വലിയവൻ ഏററവും എളിയവനാകണം; ഭരിക്കുന്നവൻ ശുശ്രൂഷിക്കുന്നവനും," (മക്കോ, 22, 26) എന്ന ദിവ്യനാഥൻെറ വാക്കുകൾ മാപ്പാപ്പാ ഓമ്മിച്ചു. ക്രിസ്തുവിൻെറ ദൗത്യം തുടരുകയും പരത്തുകയുമെന്ന ഗൗരവാവഹമായ കത്തവ്യം താനിപ്പോൾ ഏറെറടുക്കുകയാണു്. മുൻഗാമികളുടെ ജോലിയെ അത്യാദരവോടെ താൻ തുടരുമെന്നു് പരിശുദ്ധ പിതാവു പറഞ്ഞു. വിശ്വാസസംബന്ധവും സാന്മാൎഗ്ഗികവുമായ അബദ്ധങ്ങളിൽനിന്നു് സഭയെ സംരക്ഷിക്കുകയും മാതാവും ഗുരുനാഥയുമെന്ന നിലയിലുള്ള സഭയുടെ അജപാലകവൃത്തി (Pastoral action) തുടരുകയും വികസിപ്പിക്കുകയുമാണതു്. ഇനിയും സഭാസന്താനങ്ങളല്ലാത്തവരെ ആദരപൂർവ്വമാണു് അവൾ വീക്ഷിക്കുക, അവരെ തന്നിലേക്കു ഹൃദയപൂർവ്വം ക്ഷണിച്ചുകൊണ്ടു്.

തുടന്നു് ഫ്രഞ്ചിലേക്കു കടന്നു പരിശുദ്ധ പിതാവ്് പൗര

സ്ത്യസഭകളോടും വേർപ്പെട്ടു നില്ക്കുന്ന സഹോദരങ്ങളോടും സ്വീകരിക്കാൻ പോകുന്ന മനോഭാവം വ്യക്തമാക്കി. ഭാഷകളിലും റീത്തുകളിലുമുള്ള വൈവിധ്യം ഒരു നിസ്തുലസമ്പത്തെന്നോണമാണ് തിരുസഭ പരിഗണിക്കുന്നത്. പേപ്പൽ കുർബ്ബാനയിൽ ലത്തീനോടൊപ്പം ഗ്രീക്ക് സംഗീതവുമുപയോഗിക്കുന്നതു് പ്രാചീനവും ശ്രേഷ്ഠവുമായ പൗരസ്ത്യ പാരമ്പര്യങ്ങളോട് സഭയ്ക്കുള്ള ബഹുമാനാദരങ്ങൾക്കു തെളിവാണ്. പൗരസ്ത്യ സഭകളോട് പരിശുദ്ധ സിംഹാസനത്തിൽ വിശ്വാസമർപ്പിക്കുന്നതിനു് അവിടന്നു് അഭ്യർത്ഥിച്ചു. അവരുടെ പാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും മാർപ്പാപ്പായോടുള്ള ബന്ധവും അഭംഗം പരിപാലിക്കുന്നതിനും. അനന്തരം, അകത്തോലിക്കാ സഹോദരങ്ങളോട് തിരുമേനി പറഞ്ഞു, "എല്ലാവരും ഒന്നാകണ"മെന്ന ക്രിസ്തുവിൻെറ പ്രാർത്ഥന വേഗം യഥാർത്ഥമാകട്ടെ എന്നാണ് തൻെറയും അഭിലാഷമെന്നു്. ജോൺ മാർപ്പാപ്പാ ഇക്കാര്യത്തിലുളവാക്കിയ പ്രത്യാശകൾ വ്യർത്ഥമാകാതിരിക്കാൻ അഭിമാനത്തോടും കർത്തവ്യബോധത്തോടും കൂടി ശ്രമിക്കുമെന്നു് തിരുമേനി ഉറപ്പുനല്കി. പ്രശ്നത്തിൻെറ വൈപുല്യവും തരണം ചെയ്യുവാനുള്ള പ്രതിബന്ധങ്ങളും മറക്കുകയല്ല. എങ്കിലും സത്യത്തിലും ഉപവിയിലും സമാശ്രയിച്ചുകൊണ്ടു് സമാരബ്ധമായ ക്രൈസ്തവൈക്യസംവാദം കഴിവതു മുന്നോട്ടു നയിക്കുന്നതാണ് ക്രിസ്തുമതത്തിൻെറ സീമകൾക്കുമപ്പുറത്തു്, ആധുനികലോകവുമായും സഭ ഇന്നു് സൗഹൃദസംവാദത്തിലേപ്പെട്ടിരിക്കുകയാണ്. മതപരവും ആത്മീയവുമായവയിൽ നിന്നു് കൂടുതൽ കൂടുതൽ അകലുകയാണ് ലോകമെന്നു തോന്നും ഉപരിപ്ളവവീക്ഷണത്തിൽ—ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതികണ്ടു്, മനുഷ്യൻ തന്നെ ദൈവത്തിൻെറ സ്ഥാനമെടുത്തതുപോലെ. പക്ഷേ, ഇതിനെല്ലാം പിന്നിലായി ആധുനികലോകത്തിൻെറ അഗാധസ്വരങ്ങൾ ശ്രവിക്കാനാവുമെന്നതാണ് വാസ്തവം. അരൂപിയും പ്രസാദവരവുമാണ് അവയുടെ ചലനകർത്താക്കൾ. വെറും സാങ്കേതികപുരോഗതിയല്ല, മാനുഷികമായ പുരോഗതിയാണ്, ശത്രുതകളുടെ അഭാവമായ സമാധാനമല്ല; പരസ്പരവിശ്വാസത്തിൽ വ്യക്തികളും ജനതകളും തമ്മിലുള്ള സഹകരണമാണ് ലോകത്തിനാവശ്യം. ഈ ആദർശസാക്ഷാൽക്കരണാർത്ഥം പ്രകടമാകുന്ന ധൈര്യവും പ്രവർത്തനചൈതന്യവും ആത്മാർപ്പണവും ത്യാഗസന്നദ്ധതയുമെല്ലാം അത്ഭുതാവഹമത്രേ. മാർപ്പാപ്പാ പറഞ്ഞു, "ഇതെല്ലാം നമ്മുടേതാണ്...സാഹോദര്യത്തിലും സമാധാനത്തിലും സമുദായ സംഘടന സാധിക്കുന്നതിനു് മനുഷ്യരെ ക്ഷ

ണിച്ചുകൊണ്ടു് മാർപ്പാപ്പാ ശബ്ദമുയർത്തുമ്പോൾ എങ്ങു നിന്നും ലഭിക്കുന്ന അഭിനന്ദനങ്ങൾതന്നെ ഇതിനു മതിയായ തെളിവാണ്." "ക്രിസ്തുവിൻെറ ആരായുനാവാത്ത സമ്പത്തുകള" (എഫേ, 3. 8) ത്രേ സഭയ്ക്കു ലോകത്തിനു നല്കാനുള്ളതു്.

പിന്നീട്ട് ഇംഗ്ലീഷിലാണ് പരിശുദ്ധ പിതാവ്വ് സംസാരിച്ചതു്. ഒരന്താരാഷ്ട്ര ഭാഷയായി മാറിയിരിക്കുന്ന ഇംഗ്ലീഷ് രാഷ്ട്രങ്ങളുടെയിടയിൽ വർദ്ധമനമായ ധാരണയും ഐക്യവും പുലത്താൻ സഹായിക്കുകയാണു്. അനന്തരം, ജർമ്മൻ ജനതയുടെ ശിക്ഷണബോധവും ത്യാഗസന്നദ്ധതയുമെല്ലാം അവിടുന്നു് ജർമ്മൻ ഭാഷയിൽത്തന്നെ പ്രകീത്തിച്ചു്സ്പാനീഷ്, പോർച്ചുഗീഗീസ്, പോളിഷ്, റഷ്യൻ ഈ ഭാഷകളിൽ അതതു നാട്ടുകാരെ അഭിവാദനം ചെയ്തുകൊണ്ടാണു് മാർപ്പാപ്പാ ഉപസംഹരിച്ചതു്.

### ജനാധിപത്യം ക്രൈസ്തവവീക്ഷണത്തിൽ

ജൂലൈ 2-ാം തീയതി ഫ്രാൻസിൻെറ 50-ാമതു സാമൂഹ്യവാരത്തിനു് മാർപ്പാപ്പാ തിരുമേനി കാർഡിനൽ ചിക്കൊഞ്ഞാനി വഴി ഒരു സന്ദേശമയയ്ക്കുകയുണ്ടായി (3). സഭയുടെ ജനാധിപത്യവീക്ഷണം വ്യക്തമാക്കുന്ന ഒരു സുപ്രധാനരേഖയാണതു്. നീതിയുക്തവും ജനക്ഷേമത്തിനു പര്യാപ്തവുമാണെങ്കിൽ ഒരു ഭരണ ക്രമത്തേയും, രൂപപരമായ പരിഗണനകൾ വെച്ചുമാത്രം, സഭ പ്രത്യേകവിധം, സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുകയില്ല. (Leo XII, Encyclical "Diuturnum": Puis XII, Christmas Message, 1944) ഒരു പ്രത്യേകതരം രാഷ്ട്രീയാധിപത്യമെന്നതിനേക്കാൾ, പൊതു നന്മ കൈവരുത്തുന്നതിനു് ജനങ്ങളും ഭരണാധികാരികളുമായി സമാധാനപൂർവ്വകമായ ബന്ധങ്ങൾ പുലത്തുന്ന ഭരണസംവിധാനമെന്നനിലയിലാണ് സഭ ജനാധിപത്യത്തെ അംഗീകരിയ്ക്കുന്നതു്. പദവിയിലും അവകാശങ്ങളിലും തുല്യരും, തങ്ങളുടെ പുരുഷാത്മകത (Personality) യേയും കടമകളേയും അവകാശങ്ങളേയും പററി ബോധവാന്മാരും മററുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിക്കുന്നവരുമായ സ്വതന്ത്ര പുരുഷന്മാരുടെ സമുദായം ജനാധിപത്യത്തിനാവശ്യമാണു്. ഓരോ പൗരനും തൻെറ ഏററവും മെച്ചമായ കഴിവുകൾ പൊതു നന്മയ്ക്കുവേണ്ടി സമർപ്പിച്ചുകൊണ്ടു്, പിന്നോക്കം നില്ക്കുന്ന സഹോദരങ്ങളെ താങ്ങി നിത്തണം. അധികാരികൾ പക്ഷപാതവും സ്വാത്ഥതയും വെടിഞ്ഞു്, രാജ്യത്തിനായി പണിയെടുക്കുകയും, ജനപ്രതിനിധികളിൽ നിന്നും, സ്വാതന്ത്ര്യമായി സ്വീകരിച്ചംഗീകരിച്ച രാഷ്ട്രത്തിൻെറ മൗലികനിയമങ്ങളിൽ നിന്നും വരുന്ന നിയന്ത്രണങ്ങൾ അവർ സ്വാഗതം ചെയ്യുകയാണു വേണ്ടതു്.

(3) Ibid, 4 aout 1963, col. 1019—1024

ഇത്തരം ജനാധിപത്യത്തിനു് സുവിശേഷത്തിൽനിന്നു് പ്രോത്സാഹനം മാത്രമല്ല പിന്തുണയും ലഭിക്കും. ക്രിസ്തുമതം സ്വാതന്ത്ര്യത്തിനുവേണ്ടിയാണു നിലകൊള്ളുന്നതു്. ഇഷ്ടംപോലെ, തോന്നുന്നതെന്തും ചെയ്യുന്നതല്ല സ്വാതന്ത്ര്യമെന്നേയുള്ളു. ദൈവത്തിന്റെ മുമ്പാകെയുള്ള, ധാർമ്മികവും പുരുഷാത്മകവുമായ ഉത്തരവാദിത്വബോധമാണതു്. ഭൗതിക നന്മകൾ കേവലം പാരിമാണികമായി സമീകരിക്കുന്നതല്ല സമത്വം. സനാതന സൗഭാഗ്യത്തിനു വിളിക്കപ്പെട്ട ദൈവമക്കളെന്ന നിലയിലുള്ള മനുഷ്യന്റെ പൊതുവായ ഉൽഭവവും പദവിയുമാണതു് ഊന്നിപ്പറയുക. ജനാധിപത്യമെന്നുവെച്ചാൽ സാഹോദര്യമെന്നർത്ഥം. ക്രിസ്തീയ വെളിപാടു് ജീവിതനില പരിഗണിക്കാതെ എല്ലാവരേയും സ്നേഹിക്കാൻ പഠിപ്പിക്കുന്നു. ഒരേ രക്ഷകൻ നാമെല്ലാവരേയും രക്ഷിച്ചതുകൊണ്ടു്, പിന്നോക്കം നില്ക്കുന്നവർക്കു് കൂടുതൽ മനുഷ്യോചിതമായി ജീവിക്കാനുള്ള മാറ്റങ്ങൾ സൃഷ്ടിച്ചുകൊടുക്കാൻ നമുക്കു കടമയുണ്ടു്. അധികാരം ദൈവദത്തമാണെന്നും സഭ അനുസ്മരിക്കുന്നു. വ്യക്തികളുടെ മനഃസാക്ഷി സ്വാതന്ത്ര്യവും ദൈവമാഗ്രഹിക്കുന്ന സ്വാഭാവികക്രമവും അധികാരത്തിനു് പരിധികൾ കല്പിക്കുന്നതു് ഭരണകർത്താക്കളെ പഠിപ്പിക്കുകയും.

യഥാർത്ഥ ജനാധിപത്യമുണ്ടാകണമെങ്കിൽ, പൗരാവലി കാര്യങ്ങൾ ശരിക്കറിയുകയും അറിയുന്നതിനെപ്പററി വിധിക്കാനും വിവേചിക്കാനും ശ്രമിക്കുകയും വേണം. സ്വതന്ത്രവും വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ പത്രപ്രവർത്തനത്തിന്റെ ആവശ്യം ഇവിടെയാണു്. പത്രം, റേഡിയോ, ടെലിവിഷൻ ഇവയിൽനിന്നു സ്വതന്ത്രമായി അഭിപ്രായം രൂപപ്പെടുത്താനാവുന്ന പൗരന്മാരുണ്ടാകേണ്ടതുമുണ്ടു്. സാമ്പത്തികമേഖലയിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള സൗഹൃദസംവാദമാണു് വേറൊരാവശ്യം. 12-ാം പീയൂസ് തിരുമേനി പറഞ്ഞതുപോലെ, "മുതലാളികളും തൊഴിലാളികളും ഒരിക്കലും യോജിക്കാനാവാത്ത എതിരാളികളല്ല, പൊതുവായ ഒരു പ്രവർത്തനത്തിലെ സഹകാരികളാണു്" (Allocution to Catholic Employers. May 7, 1949) ചെയ്യുന്ന ജോലിയുടെ സ്വഭാവവും പ്രാധാന്യവും തൊഴിലാളിക്കു മനസ്സിലാകണം. തൊഴിലാളികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശ്രവിക്കാൻ അധികാരികളും സഹകരണത്തിനു തൊഴിലാളികളും സന്നദ്ധരാകുമെങ്കിൽ, മുതലാളി-തൊഴിലാളി സംവാദം എപ്പോഴും അഭിലഷണീയമാവും, ചിലപ്പോൾ അതൊരാവശ്യവുമാണു്. പരസ്പര ബഹുമാനവും ആദരവും സന്മനോഭാവവും ഇത്തരം ബന്ധങ്ങളിലെല്ലാമുണ്ടാകേണ്ടതുണ്ടു്. വിവിധ സംഘടനകൾ പരസ്പരം ആലോചിച്ചും സഹകരിച്ചും തങ്ങളുടെ പരിപാടികൾ രൂപീകരിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യുമെങ്കിൽ സാമ്പത്തിക സാമൂഹ്യ ജനാധിപത്യം ഒരു പേരു മാത്രമല്ല മഹത്തായ ഒരു യാഥാർത്ഥ്യം കൂടിയാവും. വേറൊന്നു് ഭരണകൂടവും അതതു രാജ്യങ്ങളിലെ സാമൂഹ്യസാമ്പത്തിക സംഘടനകളുമായുള്ള സംവാദമാണു്. രാഷ്ട്രത്തിന്റെ സാമ്പത്തികസംവിധാനം, സമീകരണം, വികസനം മുതലായവ ഭരണകൂടമാണു നിശ്ചയിക്കേണ്ടതെങ്കിലും, മുൻപറഞ്ഞ സംഘടനകളുടെ അഭിപ്രായ നിർദ്ദേശങ്ങളാരായുക പ്രബുദ്ധതരമായ തീരുമാനങ്ങളെടുക്കാൻ സഹായിക്കും. രാഷ്ട്രത്തിനു് അവയുടെ സഹകരണം ലഭിക്കുന്നതിനും അതു കാരണമാകും.

---

Cum Permissu Superiorum

Printed at the St. Joseph's Orphanage Press, Changanacherry

*Edited, Printed and Published by* Rev. Fr. Mathew Nadakal.

# വിജ്ഞാപനം

## കതിരൊളി പഴയലക്കങ്ങൾ

ഒന്നും രണ്ടും പുസ്തകങ്ങൾ 2രൂ. വീതം

ഒന്നും രണ്ടും പുസ്തകങ്ങൾ ബയന്റും ചെയ്തത്

2രൂ. 37 ന.പ. വീതം

ടി പോസ്റ്റേജ് 60 ന. പ. വീതം

* * *

അ. മ. പ്രാർത്ഥനാമഞ്ജരി

വില 15. ന. പ.

ടി പോസ്റ്റേജ് 10. ന. പ.

* * *

അ. മ. ലഘു ലേഖനപരമ്പര 13 എണ്ണമുള്ള സെററൊന്നിന് } 26. ന. പ.

ടി പോസ്റ്റേജ് 10. ന. പ.

* * *

ആവശ്യപ്പെടുക

മാനേജർ

സെന്റ് ജോസഫ്സ് ഒർഫനേജ് പ്രസ്സ്

ചങ്ങനാശേരി